കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2023 ഡിസംബർ
വില ₹25




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





**വിത്ത്**
**പാർവതി**
(ചിത്രപുസ്തകം)
വില ₹50



**കാടും കനവും**
**സിനാഷ**
(നോവൽ)
വില ₹80




**അച്ചൻ പറഞ്ഞ കഥകൾ**
**ജ്യോതിലക്ഷ്മി നമ്പ്യാർ**
(നോവൽ)
വില ₹160




**ആനക്കഥകൾ** (നോവൽ)
**ശാന്തി രാധാകൃഷ്ണൻ**
**വിവർത്തനം സന്ധ്യ ശശിധരൻ**
വില ₹100




**കഴുതകളുടെ അമ്പലം**
(കഥ)
പി വത്സല
വില ₹60




**കുണ്ടറവിളംബരം**
(വൈജ്ഞാനികം)
ഹരിദാസൻ
വില ₹210



**ശ്രീകണ്ഠേശ്വരം ജി പത്മനാഭപിള്ള**
(ജീവചരിത്രം)
എൻ എസ് സുരേഷ്കൃഷ്ണൻ
വില ₹60

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471 -233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**

**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയക്കേണ്ടതാണ്. 8547971483 എന്ന നമ്പറിലേക്ക് വാട്സാപ് ആയും രസീതും വിലാസവും അയക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഡിസംബർ 2023
വില ₹25
വാർഷികവരിസംഖ്യ ₹250

# തളിര്

ഉള്ളടക്കം

## പച്ചക്കുതിര
**സച്ചിദാനന്ദൻ**

6



പച്ചയാമെൻ
കുതിരയെക്കണ്ടാൽ
ചുറ്റും കുട്ടികൾ
അദ്ഭുതം കൂറും.

പൂവുകൊണ്ടു
കിരീടവും ചൂടി
റാണിയായി ഞാൻ
നിൻ പുറത്തേറും.

## നിറം മാറാത്ത ഓന്തുകളുണ്ടോ?
**വിജയകുമാർ ബ്ലാത്തൂർ**

അത്രവേഗം നിറം മാറാൻ കഴിവുള്ള ജീവിയാണോ നമ്മൾ ചുറ്റുവട്ടത്തു കാണുന്ന ഓന്തുകൾ? കേരളത്തിൽ കാണപ്പെടുന്ന ഓന്തുകൾക്ക് വലിയ തോതിൽ ഈ നിറമാറ്റം പ്രകടിപ്പിക്കാൻ കഴിയുമോ?

8



## കാണാതായ സാന്താക്ലോസ്
**എൽ ഫ്രാങ്ക് ബോം**
**പുനരാഖ്യാനം: അനഘ സുധാകരൻ**

29



കുട്ടികൾക്കുള്ള സമ്മാനങ്ങളു
മായിപ്പോയ സാന്താക്ലോസിനെ
ഒരിക്കൽ ചെകുത്താന്മാർ
തട്ടിക്കൊണ്ടുപോയി.
എന്നിട്ടെന്തു സംഭവിച്ചു?

**ശിശുവിന്റെ നേരുകൾ**................ 7
രബീന്ദ്രനാഥ് ടാഗോർ /
എൻ പി ചന്ദ്രശേഖരൻ
**തേനീച്ചക്കൂട്ടിലെ തിരോധാനം**....12
അരുൺ രവി
**ലോകകപ്പ് ക്രിക്കറ്റ് ബാക്കി വയ്ക്കുന്നത്**..........................17
ഡോ. പി ടി അജീഷ്
**രാവണന്റെ മീശ**.........................20
സുഭാഷ് ഒട്ടുംപുറം
**ഉറുമ്പുറുമ്പ്**...........................24
അമൃത കേളകം
**ബാൽക്കണിത്തുമ്പ**................25
വിമീഷ് മണിയൂർ
**വാനിലയുടെ കഥ**...................26
പി കെ സുധി
**ഭാഷാവിചാരം**.........................34
സാബു കോട്ടുക്കൽ
**കടപയാദി**..............................35
പള്ളിയറ ശ്രീധരൻ
**വൈരമാല**...............................36
ഗയ് ദേ മോപ്പസാങ്
പുനരാഖ്യാനം: അനന്തര എസ്
**ഭോപ്പാലിൽ സംഭവിച്ചത്**............40
പ്രദീപ് ഓർക്കാട്ടേരി
**ഇളംതളിര്**.............................42
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**...........46

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ
**വെങ്കി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org




വര: ബോബി എം പ്രഭ

# മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടട്ടേ...

ക്രിസ്തുമസ്സും പുതുവർഷവും അടുത്തെത്തിക്കഴിഞ്ഞു. 2023നോട് വിടപറയാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. നിങ്ങൾക്ക് ഏറെ സന്തോഷം നൽകുന്ന വർഷമാണ് കടന്നുപോയത് എന്നു കരുതുന്നു.

ക്രിസ്തുമസ് മാത്രമല്ല ഡിസംബറിനെ വേറിട്ടതാക്കുന്നത്. മനുഷ്യാവകാശദിനം, ലോക മണ്ണുദിനം, ലോക എയ്ഡ്സ് ദിനം തുടങ്ങിയ ദിനാചരണങ്ങളും ഡിസംബറിൽത്തന്നെയാണ്.

ഇതിൽ ഇത്തവണ ഏറ്റവും പ്രധാനം മനുഷ്യാവകാശദിനമാണ്. 1948 ഡിസംബർ 10ന് ഐക്യരാഷ്ട്രസഭ പാരീസിൽ യോഗം കൂടി. അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം അന്നാണ് ലോകം അംഗീകരിച്ചത്. ആ മഹത്തായ പ്രഖ്യാപനത്തിന്റെ എഴുപത്തിയഞ്ചാം വാർഷികമാണ് 2023. മനുഷ്യർക്ക് സ്വാഭാവികമായുള്ള അവകാശങ്ങളെ മനുഷ്യരെ ബോധ്യപ്പെടുത്തുന്നതിനായുള്ള ആദ്യ ആഗോള പ്രഖ്യാപനമായിരുന്നു അന്താരാഷ്ട്ര മനുഷ്യാവകാശപ്രഖ്യാപനം. പിന്നീടുവന്ന പല അന്താരാഷ്ട്ര ഉടമ്പടികളുടെ മാത്രമല്ല പല രാജ്യങ്ങളുടെയും ഭരണഘടനകളുടെതന്നെ ഭാഗമായി മനുഷ്യാവകാശപ്രഖ്യാപനത്തിലെ പല ഭാഗങ്ങളും മാറി.

മുപ്പത് ഭാഗങ്ങളായിട്ടാണ് മനുഷ്യാവകാശപ്രഖ്യാപനം വിഭജിച്ചിരിക്കുന്നത്. ഓരോ ഭാഗവും മനുഷ്യാവകാശങ്ങളുടെ വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്നു. തുല്യത, അന്തസ്സ്, സ്വാതന്ത്ര്യം, സ്വയരക്ഷാബോധം തുടങ്ങിയ

അവകാശങ്ങൾ ഈ പ്രഖ്യാപനം മുന്നോട്ടുവയ്ക്കുന്നു. അടിമത്തത്തെ ശക്തിയായി എതിർക്കുന്നു. നിയമങ്ങളെക്കുറിച്ചും ശിക്ഷകളെക്കുറിച്ചും ഈ പ്രഖ്യാപനം പ്രത്യേകം എടുത്തുപറയുന്നുണ്ട്. ക്രൂരമായ ശിക്ഷകളിൽനിന്നുള്ള സംരക്ഷണം മുതൽ കുറ്റവാളിയുടെ അവകാശങ്ങളെക്കുറിച്ചുവരെ മനുഷ്യാവകാശപ്രഖ്യാപനം ലോകത്തോടു സംസാരിക്കുന്നു.

പൗരത്വം, വിവാഹം, കുടുംബം, സ്വത്തവകാശം, അഭിപ്രായ സ്വാതന്ത്ര്യം, കൂട്ടായ്മകൾ, രാജ്യഭരണം, തിരഞ്ഞെടുപ്പ്, ജോലിസ്വാതന്ത്ര്യം, ന്യായമായ കൂലി, വിശ്രമം, ആരോഗ്യസംരക്ഷണം, കുഞ്ഞുങ്ങളുടെ അവകാശം, വിദ്യാഭ്യാസാവകാശം, കലാസാംസ്കാരികപ്രവർത്തനങ്ങൾക്കുള്ള അവകാശം തുടങ്ങി എല്ലാ മനുഷ്യാവകാശമേഖലകളെയും സ്പർശിക്കുന്ന സമഗ്രമായ പ്രഖ്യാപനമാണ് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം.

ലോകത്തെ അഞ്ഞൂറിലധികം ഭാഷകളിലേക്കാണ് അന്താരാഷ്ട്ര മനുഷ്യാവകാശപ്രഖ്യാപനം വിവർത്തനം ചെയ്യപ്പെട്ടത്. ഭാഷ അറിയാത്തതിന്റെ പേരിൽ ഈ പ്രഖ്യാപനത്തിന്റെ അന്തഃസത്ത ലോകമെമ്പാടുമുള്ള മനുഷ്യർ അറിയാതെപോകരുത് എന്ന ലക്ഷ്യമാണ് വിവർത്തനത്തിനു പിന്നിൽ.

മലയാളത്തിലും ഈ വിവർത്തനം ലഭ്യമാണ്. കൂട്ടുകാർ അത് തേടിപ്പിടിച്ചു വായിക്കണം. മനുഷ്യരുടെ അവകാശങ്ങൾ നിലനിർത്തേണ്ടത് എല്ലാവരുടെയും കടമയാണ്. മനുഷ്യരുടെ അവകാശങ്ങൾ ഏറ്റവും മനോഹരമായി നിലനിൽക്കുന്ന ഒരു ലോകം കെട്ടിപ്പടുക്കാൻ നിങ്ങൾക്കാകട്ടേ,

ക്രിസ്തുമസ് പുതുവത്സര ആശംസകൾ,
**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**1948 ഡിസംബർ 10നാണ് അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം നടന്നത്. അതിനുശേഷം 75 വർഷങ്ങൾ കഴിയുന്നു. ലോകത്ത് ഇന്നും മനുഷ്യാവകാശലംഘനങ്ങൾ നടക്കുന്നുണ്ട്. എന്നിരുന്നാലും 1948നെ അപേക്ഷിച്ച് മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്നത് ഏറെ കുറഞ്ഞിട്ടുണ്ട്. സമത്വവും സ്വാതന്ത്ര്യവുമെല്ലാം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള ഈ പ്രഖ്യാപനത്തെക്കുറിച്ച് നാമെല്ലാവരും അറിഞ്ഞിരിക്കണം. മനുഷ്യാവകാശലംഘനങ്ങളില്ലാത്ത ഒരു നവലോകം സൃഷ്ടിക്കപ്പെടാൻ അത് ആവശ്യമാണ്.**



## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

# ബാളംപുളി (വാളംപുളി)

**ശാസ്ത്രീയനാമം:** ടാമരിൻഡസ് ഇൻഡിക്ക
(Tamarindus indica)



### ഔഷധഗുണങ്ങൾ

കഠിനമായ പനിക്ക് ശർക്കരയിൽ കുതിർത്തു നൽകുന്നു. ത്വക്ക്രോഗത്തിനും പഴകിയ ക്ഷയരോഗത്തിനും കൊന്നക്കുരുവും പുളിയും പഞ്ചസാരയും ചേർത്തു നൽകുന്നു. ഇതിനെ ജാഗ്ര ഡി കാന (Jagra De Cana) എന്നു വിളിക്കുന്നു. തൊലി പൊടിച്ചു കഞ്ഞിവെള്ളത്തിൽ ചേർത്തു പുരട്ടിയാൽ ശരീരത്തിലെ നീരു ശമിക്കും.


ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്





# പച്ചക്കുതിര

**സച്ചിദാനന്ദൻ**



ഹേ, മരതക-
വിൽപ്പനക്കാരി,
ഏതു സ്വർഗത്തിൽ
നിന്നു നീ വന്നു?

ഇഷ്ടമായ് നിൻ മെയ്
തുന്നിയതാരോ,
പട്ടുകൊണ്ടോ,
ഇളംകൂമ്പുകൊണ്ടോ?
പുല്ലിൽ ചാടി
നടന്നിടും നിന്റെ
നീണ്ട കാലൊ-
ന്നെനിക്കു തരാമോ?
വേഗമെത്തിടാം
അപ്പോഴെൻ സ്കൂളിൽ,
കോപിക്കില്ലൊട്ടു-
മപ്പോഴെൻ ടീച്ചർ.
വൈകാറുണ്ടെന്നും;
വേറൊരു വീട്ടിൽ
വേല തീർത്തിട്ടു
വേണ്ടേയങ്ങെത്താൻ?

അല്ലെങ്കിൽ നീ
ഒരൽപം വലുതായ്
എന്നെ നിന്റെ
മുതുകിൽ കയറ്റൂ
പച്ചയാമെൻ
കുതിരയെക്കണ്ടാൽ
ചുറ്റും കുട്ടികൾ
അദ്ഭുതം കൂറും.
പൂവുകൊണ്ടു
കിരീടവും ചൂടി
റാണിയായി ഞാൻ
നിൻ പുറത്തേറും.
ടീച്ചർ വന്നെതി-
രേറ്റിടുമെന്നെ,
കൂട്ടുകാരോ
വണങ്ങി നിന്നീടും.
എന്നെയും കൊണ്ടു
പോവുക നിന്റെ
സ്വർഗത്തിന്റെ
കതകോളം മാത്രം.

വര: വെങ്കി

# ശിശുവിന്റെ നേരുകൾ

## രബീന്ദ്രനാഥ് ടാഗോർ / എൻ പി ചന്ദ്രശേഖരൻ



വര: സുധീർ പി വൈ

സകല വിഷാദവുമൊപ്പാനായി-
പ്പോന്നുവരും നിദ്ര-
ശിശുവിന് കണ്ണിലെ നിദ്ര- ജനിച്ചിട-
മെവിടെന്നാർക്കറിയാം?

യക്ഷിക്കഥയിലെയൊരു ഗ്രാമത്തിൽ
മിനുങ്ങുകൾ പാറും
വനനീലിമയിൽ ഇരുപൂമൊട്ടുകൾ
തെന്നലിലാടുന്നൂ

അതിന്റെയുള്ളിന്നുള്ളിലിരിപ്പൂ
കുട്ടികളുടെ നിദ്ര
അവിടുന്നാണതു വരുന്നു, പോകു-
ന്നാളുകൾ പറയുന്നൂ!

ശിശുവിൻ ചൊടിയിൽ സുഖനിദ്രകളിൽ
വിടരും ചെറുചിരിയോ,
എവിടാണതിനുടെ നാടും വീടും;
ആർക്കതു പറയാനാം?

ശിശിരകണങ്ങൾ വലയം ചെയ്യും
ഒരു പുലർയാമത്തിൽ
ഒരു ശാരദമേഘത്തിൻ കോണിൽ
ശശിരാഗം വീഴ്കേ

പിറന്നുവീണാപ്പുഞ്ചിരിയെന്നാ-
ണാളുകൾ പറയുന്നൂ;
അവിടുന്നായതു വന്നീ ചൊടിയിൽ
വിടരുകയാണത്രെ!

ശിശുവിൻ ഉടലിൽ വിടരും മൃദുലത-
യെവിടുന്നെത്തുന്നൂ?
ഇതുവരെയെങ്ങതു പമ്മിയിരുന്നൂ;
പറയാനാർക്കാകും?

വയസ്സറിയും നാൾ അമ്മയിൽ നിറയും
സ്നേഹം കാരുണ്യം
മധുരിമയാർന്നവ ശിശുവിൻ മേനിയിൽ
മൃദുലതയായെത്തി!


ശിശുവിൻ ശിരസ്സിൽച്ചൊരിയും
ലാളനയെവിടുന്നെത്തുന്നൂ?
അതിലെയനുഗ്രഹമെവിടുന്നെന്നും
പറയാനാർക്കാകും?

അവയെത്തുന്നു ചന്ദനമണമായ്
ഫാൽഗുന മാസത്തിൽ,
കടമ്പുപൂവിൻ പരിമളമായി
ശ്രാവണമാസത്തിൽ,

പുന്നെൽക്കതിരിൻ നിരകളിൽനിന്നും
ആശ്വിനമാസത്തിൽ,
പുതുമഴയരുളും ജലകണമായി-
ട്ടാഷാഢങ്ങളിലും!

പിറന്നപാടേ മിഴികൾ തുറക്കും
ശിശുവിൻ രക്ഷകനാർ?

പൊന്നൊളി തിരളും ലോകത്തൊട്ടിലി-
ലാട്ടിയുറക്കീട്ടും,
ആകാശത്തിലെ ഗോളങ്ങളുടെ
മടിയിലിരുത്തീട്ടും,
ആരോമനയായ് അവനെ വളർത്തും
ആദിപരാശക്തി!



# നിറംമാറാത്ത ഓന്തുകളുണ്ടോ?

വിജയകുമാർ ബ്ലാത്തൂർ

**നിറം മാറാനുള്ള കഴിവിന്റെ പേരിലാണ് നാം ഓന്തുകളെ മനസ്സിലാക്കാറ്. പോരാത്തതിന് ഓന്തിനെപ്പോലെ നിറം മാറുന്നവർ എന്ന വിശേഷണമൊക്കെ പലർക്കും ചാർത്തിക്കൊടുക്കുകയും ചെയ്യും. പക്ഷേ യഥാർത്ഥത്തിൽ അത്രവേഗം നിറം മാറാൻ കഴിവുള്ള ജീവിയാണോ നമ്മൾ ചുറ്റുവട്ടത്തു കാണുന്ന ഓന്തുകൾ? കേരളത്തിൽ കാണപ്പെടുന്ന ഓന്തുകൾക്ക് വലിയ തോതിൽ ഈ നിറമാറ്റം പ്രകടിപ്പിക്കാൻ കഴിയുമോ?**

▲ ബംഗ്ലാദേശിൽ കാണപ്പെടുന്ന ഒരിനം ഗാർഡൻ ലിസാർഡ്.
ചിത്രം: Sifat Sharker/Wikimedia Commons

പണ്ടുമുതലേയുള്ള ആഗ്രഹമായിരുന്നു, ഇഷ്ടമുള്ളപോലെ ഉടുപ്പിന്റെ നിറം മാറ്റാൻ കഴിയുമെങ്കിൽ എന്നത്. വീട്ടിൽ നിന്നിറങ്ങുമ്പോൾ ഉള്ള നിറമാകരുത് ബസ്സിൽ കയറുമ്പോൾ. സ്കൂളിലെത്തുമ്പോൾ യൂണിഫോമിന്റെ നിറമാകണം. കളിക്കാൻ ഗ്രൗണ്ടിലിറങ്ങുമ്പോൾ വീണ്ടും മാറണം. അങ്ങിനെ ഇടയ്ക്കിടെ കളർ മാറ്റാൻ കഴിയുന്ന കിടിലൻ ഉടുപ്പ് - അടിപൊളി. ചിലപ്പോൾ കുറച്ചു വർഷം കൊണ്ട് അത്തരം പ്രത്യേകതരം വസ്തുങ്ങൾ വന്നുകൂടെന്നില്ല.

ഓന്തുകൾക്ക് ഇങ്ങനെ ഇഷ്ടംപോലെ നിറം മാറാൻ കഴിയും എന്നായിരുന്നു ഞാൻ ചെറുപ്പത്തിൽ കരുതിയിരുന്നത്. അതിനാൽ ഓന്തായുള്ള ജീവിതം എന്റെ ഒരു സ്വപ്നമായിരുന്നു. ആർക്കും കണ്ടുപിടിക്കാൻ പറ്റാത്തവിധം നിറം മാറ്റിമാറ്റിക്കളിച്ച് കറങ്ങിനടക്കൽ എന്തൊരു രസമാകും. ഇരപിടിയർ കാണാതെ ഓന്തുകൾക്ക് അങ്ങിനെ ജീവിക്കാൻ കഴിയും എന്നാണു കരുതിയിരുന്നത്. ഇലകൾക്കിടയിൽ നിൽക്കുമ്പോൾ ഇലപ്പച്ച നിറം, കരിമ്പാറപ്പുറത്ത് നിൽക്കുമ്പോൾ കട്ടക്കറുപ്പ്, മരത്തടിയിൽ നിൽക്കുമ്പോൾ ആ നിറം, ചെങ്കല്ലിൽ നിൽക്കുമ്പോൾ ചുവപ്പുനിറം. ആർക്കും കാണാനാവാതെ ഒളിഞ്ഞുള്ള ജീവിതം.



Calotes calotes എന്ന സ്പീഷിസിലെ ഒരു പച്ചയോന്ത്. ഇതും ഒരിനം ഗാർഡൻ ലിസാർഡ് ആണ്.

ചിത്രം: Charles J. Sharp /Wikimedia Commons

പക്ഷേ നമ്മുടെ നാട്ടിലുള്ള ഓന്തുകളെ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോഴാണ് ഒരു കാര്യം മനസ്സിലായത്. അവയ്ക്ക് അമ്പരപ്പിക്കുംവിധം ശരീരം മൊത്തം നിറം മാറ്റാനൊന്നും പറ്റില്ല.ആരോ ചാർത്തിക്കൊടുത്ത ബഹുമതി മാത്രമാണത്.

'ഓന്തിനെപ്പോലെ നിറം മാറുക' എന്നതാണല്ലോ അവസരവാദത്തിനെയും വിശ്വാസവഞ്ചനയെയും ചതിയെയും സൂചിപ്പിക്കാൻ സാധാരണമായി ഉപയോഗിക്കുന്ന ഭാഷാശൈലി. ഓരോരോ സാഹചര്യത്തിനനുസരിച്ച് അഭിപ്രായങ്ങളും സ്വഭാവവും മാറ്റുന്നവരെ കളിയാക്കാനായി നമ്മൾ ഉപയോഗിക്കുന്ന ഈ ഉപമയിൽ പറയുന്നപോലെ അടിമുടി നിറം മാറുന്ന ഓന്തുകൾ എന്തായാലും കേരളത്തിൽ ഇല്ല. വളരെ സാധാരണമായി വീട്ടുപറമ്പിലും പൊന്തകളിലും കാണുന്ന ഗാർഡൻ ലിസാർഡുകൾ ആണല്ലോ നമുക്ക് സുപരിചിതരായ ഓന്തുകൾ. പാലക്കാട് പോലുള്ള വരണ്ട പ്രദേശങ്ങളിൽ മാത്രം കാണുന്ന കമിലിയനുകൾ(Chameleon) എന്ന ഇനം ഓന്തുകൾ നമ്മുടെ നാട്ടിൽ അത്ര സാധാരണം അല്ലതാനും. അവർക്കും കുറച്ചു കൂടുതൽ ഷേഡുകളിലേക്ക് നിറം മാറാനാകുമെന്നല്ലാതെ കൂടുതലായി നിറം മാറാനുള്ള കഴിവും ഇല്ല. പിന്നെ എങ്ങനെയാണാവോ ഈ പഴമൊഴി ഉണ്ടായത്!

ഇന്ത്യയിൽ ഇതുവരെയായി രേഖപ്പെടുത്തിയിട്ടുള്ള കലോട്ടസ് ജനുസിൽപ്പെട്ട 14 ഇനം ഓന്തുകളിൽ 4 ഇനങ്ങളാണ് കേരളത്തിൽ ഉള്ളത്. മരങ്ങളിലും കാട്ടുപൊന്തകൾക്കു മുകളിലുമൊക്കെ കഴിയാൻ ഇഷ്ടപ്പെടുന്നവരാണിവരെല്ലാവരും. ഇതിൽ വളരെ സാധാരണമായി നമ്മുടെ നാട്ടിൽ കാണുന്ന **Calotes versicolor** എന്ന ഇനം ആണ് നമുക്ക് ഏറെ പരിചിതം. **Oriental garden lizard, Eastern garden lizard, Indian garden lizard, Common garden lizard, Changeable**

lizard എന്നൊക്കെയുള്ള പേരിൽ അറിയപ്പെടുന്ന ഇതിന്റെ സ്പീഷിസ് നാമം സൂചിപ്പിക്കുന്നതുപോലെ നിരവധി രൂപത്തിലും നിറഭേദങ്ങളിലും ഇവയെ കാണാൻ പറ്റും. പക്ഷേ അത് ഒരേയിനം വ്യത്യസ്ത നിറത്തിൽ കാണുന്നതല്ല. അതിന്റെ സ്വാഭാവിക നിറത്തിൽനിന്ന് ചെറിയ നിറവ്യത്യാസങ്ങൾ വരുത്താനുള്ള കഴിവേ അവർക്കൊക്കെ ഉള്ളൂ. ഇരപിടിയരുടെ കണ്ണിൽപ്പെടാതിരിക്കാൻ പരിസരവുമായി ചേരുന്നവിധം മറഞ്ഞിരിക്കാൻ സഹായകരമായ കാമോഫ്ലാഷിന് വേണ്ടി നിറത്തിൽ ചെറിയ മാറ്റങ്ങൾ വരുത്താനുള്ള കഴിവ് മാത്രമുള്ളവയാണ് അവയെല്ലാം. പൊതുവെ തവിട്ടുനിറക്കാരായ ഇവരെ തവിട്ടിന്റെയും ചാരനിറത്തിന്റെയും വിവിധ ഷേഡുകളിൽ കാണാൻ പറ്റും.

ഇണചേരൽ കാലത്ത് പെൺ ഓന്തുകളെ ആകർഷിക്കാൻ വേണ്ടിയാണ് നിറം മാറൽ തന്ത്രങ്ങൾ ആൺ ഓന്തുകൾ കൂടുതലായി പുറത്തെടുക്കാറുള്ളത്. തലയും ചുമലും മുൻകാലുകളും ഒക്കെ ചുവപ്പുരാശി പടർത്തി ചുവപ്പനായാണ് പ്രണയാഭ്യർത്ഥനയുമായി ഇവർ പെൺ ഓന്തിനെ കാത്തിരിക്കുക. സ്വന്തം ടെറിട്ടറിയിലേക്ക് കയറിവരുന്ന മറ്റ് ഓന്തുകളെ ഭയപ്പെടുത്താനും ഓടിച്ചുവിടാനും ഒക്കെയായി ചുവപ്പു നിറമാറ്റം നടത്തി നോക്കും.

മേലുടുപ്പ് ഇടാതെ കുട്ടികൾ പുറത്തിറങ്ങുന്നത് വിലക്കാനായാണോ എന്നറിയില്ല, പണ്ടുകാലത്ത് കുട്ടികളോട്, ഓന്ത് പൊക്കിളിലൂടെ ചോരയൂറ്റുമെന്നും അങ്ങിനെ അതിന്റെ നിറം ചുവപ്പായി മാറുമെന്നും പറഞ്ഞ് പേടിപ്പിച്ചിരുന്നു. മനുഷ്യരുടെ രക്തം പൊക്കിളിലൂടെ വൈഫൈയായി വലിച്ച് അകത്താക്കുന്ന കഥയൊന്നും ഇപ്പോൾ ആരും വിശ്വസിക്കില്ലെങ്കിലും ഈ മിത്തിനെ പിൻപറ്റി Bloodsucker എന്ന വിളിപ്പേരും ചിലയിടങ്ങളിൽ ഓന്തുകൾക്കുണ്ട്.

ഈ ഓന്ത് കൂടാതെ പച്ചയോന്ത്(Calotes calotes), പശ്ചിമഘട്ടത്തിന്റെ തെക്കൻ ഭാഗങ്ങളിൽ ഉള്ള കാട്ടുപച്ച ഓന്ത് (Calotes grandisquamis) നീലഗിരി ഓന്ത് (Calotes nemoricola) എന്നിവയാണ് കലോട്ടസ് ജനുസിൽ കേരളത്തിൽ ഉള്ളവ.

ഇവയെക്കൂടാതെ മറ്റു ജനുസുകളിലും ഓന്തുകൾ ഉണ്ട്. മുള്ളോന്ത് (Monilesaurus ellioti) റോക്സ് ഫോറസ്റ്റ് ഓന്ത് (Monilesaurus rouxii), അപൂർവമായി കാണുന്നതും വയനാടുനിന്ന് കണ്ടെത്തിയതുമായ Monilesaurus montanus, പെരിയാർ കടുവാസങ്കേതത്തിൽനിന്നു കണ്ടെത്തിയ Monilesaurus acanthocephalus എന്നിവയും നമുക്കു ചുറ്റുമുണ്ട്.

ശല്യം ചെയ്താൽ നിറം മാറുന്ന ഓറഞ്ചു ചുണ്ടൻ കാട്ടോന്ത് ആയ Microauris aurantolabium ത്തെക്കൂടാതെ ഉയർന്ന പ്രദേശങ്ങളിൽ മാത്രം കാണുന്ന രണ്ടിനം മുള്ളോന്തുകളെക്കൂടി കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് വിടവിനു തെക്ക് ആനമലയിൽനിന്ന് ആനമല മുള്ളോന്ത് (Salea anamallayana), വടക്ക് നീലഗിരി പ്രദേശത്തുനിന്നുള്ള Salea horsfieldii എന്നിവയാണവ.

എന്നാലും ഇവർക്കാർക്കും മാജിക് ഷോയിൽ പൂക്കളുടെ നിറം മാറ്റി കാണിക്കുംപോലെ സ്വന്തം നിറം മൊത്തമായി മാറ്റാനുള്ള കഴിവൊന്നും ഇല്ല.



മുള്ളോന്ത് (Calotes_ellioti) എന്നറിയപ്പെടുന്ന ഓന്ത്. ഇവയുടെ തലയിൽ ചെറിയ മുള്ളുകൾ കാണാം.
ചിത്രം: Sandeep_Das/ Wikimedia Commons



നീലഗിരി ഓന്ത് (Calotes nemoricola) എന്നറിയപ്പെടുന്ന ഓന്ത്. വയനാട് പൂക്കോട് തടാകക്കരയിൽനിന്നു പകർത്തിയ ചിത്രം.

ചിത്രം: Preethi Rajasekaran/ Wikimedia Commons





വര: ജാസില ലുലു

# തേനീച്ചക്കൂട്ടിലെ തിരോധാനം

## അഥവാ മത്തായി v/s ബീഹുബലി



**അരുൺ രവി**

തേനുണ്ണിക്കര ഗ്രാമപഞ്ചായത്തിലെ തേനീച്ചകളുടെ കണ്ണിലുണ്ണിയായിരുന്നു എച്ച്. എച്ച്. മാത്യുബീ എന്ന മത്തായിത്തേനീച്ച. ധൈര്യം, സ്ഥൈര്യം, കൃത്യനിഷ്ഠ, ഉത്തരവാദിത്തബോധം, നേതൃപാടവം, ആത്മാർത്ഥത, കർമ്മകുശലത എന്നീ ഗുണങ്ങൾ കൊണ്ടൊന്നുമല്ല ഈ കണ്ണിലുണ്ണിത്തരം അദ്ദേഹം കൈമുതലാക്കിയത്. പകരം, തികഞ്ഞ ബോധമില്ലായ്മ കാരണം അദ്ദേഹം കാട്ടിക്കൂട്ടുന്ന തമാശകൾ കണ്ട്, വയറുനിറയെ ചിരിക്കാൻ മറ്റു തേനീച്ചകൾക്ക് അവസരം കിട്ടുന്നു എന്ന ഒറ്റക്കാര്യം കൊണ്ടാണ് മത്തായിത്തേനീച്ച തേനീച്ചക്കൂട്ടത്തിലെ സ്റ്റാർ ആയത്.

രാവിലെ മുതൽ പണിയെടുത്ത് തളർന്നിരിക്കുന്ന തേനീച്ചകൾക്ക് വൈകുന്നേരം സമയം കളയാൻ ഐഡിയ സ്റ്റാർ സിംഗറും, കോമഡി സർക്കസും ഒന്നുമില്ലല്ലോ. അപ്പോ അവർ മത്തായിത്തേനീച്ചയെ വിളിക്കും. ശരിക്കും പറഞ്ഞാൽ വിളിക്കുകപോലും വേണ്ട. എവിടെനിന്നെങ്കിലും മൂത്ത തേൻ മൂക്കറ്റം വലിച്ചുകേറ്റിയിട്ട്, മത്തുപിടിച്ച് തിത്തിത്തൈ ചുവടുവച്ച് മത്തായിത്തേനീച്ചയെത്തും. പിന്നെ, ഗംഭീരപ്രകടനങ്ങളാണ്. ചിലപ്പോൾ ഒറ്റയ്ക്കുനിന്ന് ഗാനമേള നടത്തും. വേറെ ചിലപ്പോ ചവിട്ടുനാടകമായിരിക്കും. മിമിക്രി, മോണോ ആക്ട്, കളരിപ്പയറ്റ്, കഥകളി, ഓട്ടൻതുള്ളൽ തുടങ്ങി ലോകമായ ലോകത്തുള്ള എല്ലാ കലാപ്രകടനങ്ങളും മത്തായിക്ക് വശമുണ്ട്. അതൊക്കെ വളരെ സീരിയസ് ആയിത്തന്നെ അദ്ദേഹം അവതരിപ്പിക്കുകയും ചെയ്യും.

ഇതൊക്കെ കണ്ട് എന്തിനാണ് മറ്റുള്ളവർ ചിരിക്കുന്നതെന്ന് ഒരു നിമിഷംപോലും ആലോചിക്കാൻ അദ്ദേഹം സമയം കളഞ്ഞിട്ടില്ല. സ്വന്തം പ്രതിഭയിൽ അത്രത്തോളം വിശ്വാസമുള്ളതു കൊണ്ടല്ല, അതൊന്നും ആലോചിക്കാനുള്ള ബോധമേ ആ സമയത്ത് ഇല്ലാത്തതുകൊണ്ടാണ്.

സാധാരണ ഗതിയിൽ തേനീച്ചക്കൂട്ടിലെ ഒരു ജോലിക്കും ഹിസ് ഹൈനസ് മത്തായിയെ വിളിക്കാറില്ല. വിളിച്ചാൽ അതെല്ലാം അദ്ഭുതകരമായി അദ്ദേഹം കുളമാക്കും. അതുകൊണ്ട് മറ്റു തേനീച്ചകൾ ചിറകുതളരുംവരെ പണിയെടുക്കുമ്പോഴും മത്തായിത്തേനീച്ച ഒരു തുള്ളി തേനിന്റെ പോലും പണിയെടുക്കാതെ സുഖിച്ചു ജീവിക്കും. എന്നിട്ട് ചിലപ്പോഴൊക്കെ തേനീച്ചക്കൂട്ടിനു പുറത്തിറങ്ങി വിശാലമായ ആകാശം നോക്കി 'ഹാ... എന്തു സുന്ദരമായ ശാന്ത മനോഹരമായ അടിപൊളി ജീവിതം!' എന്ന് ആശ്ചര്യപ്പെടുകയും ചെയ്യും.

ഇതു കേൾക്കുമ്പോൾ മാത്രമാണ് മറ്റു തേനീച്ചകൾക്ക് കലി കയറുന്നത്. അവർക്ക് പണി

യൊഴിഞ്ഞിട്ട് നേരമില്ലല്ലോ. അപ്പോഴാണ് ഇവിടെയിരുന്നൊരു മടിയൻ പ്രകൃതിവർണ്ണന നടത്തുന്നത്.

ഇങ്ങനെ പ്രകൃതിവർണ്ണനയും സുഖവാസവും അധികമായ ഒരു കാലം തേനീച്ചക്കൂട്ടിലെ ജനറൽബോഡി യോഗത്തിൽ മത്തായിത്തേനീച്ചയെ പണിയെടുക്കാൻ വിടണം എന്നൊരു ആവശ്യം ഉയർന്നുവന്നു. സാധാരണ മത്തായിയുടെ പക്ഷത്ത് നിൽക്കുന്നവർക്കുപോലും അത്തരം ഒരാവശ്യത്തിന് പ്രസക്തിയുണ്ടെന്നു തോന്നി. അങ്ങനെ, അടുത്ത ദിവസത്തെ ജോലികളുടെ വീതംവയ്പ്പിൽ നമ്മുടെ കഥാനായകന് പൂന്തേൻ ശേഖരണത്തിന് ഒരു സ്ലോട്ട് മാറ്റി വയ്ക്കപ്പെട്ടു.

പിറ്റേന്നു രാവിലെ മടിച്ചുമടിച്ച് കൂട്ടിൽ കുത്തിയിരുന്ന ശ്രീമാൻ മത്തായിയെ, മറ്റു തേനീച്ചകൾ ഉന്തിത്തള്ളി പണിക്കു കൊണ്ടുപോയി. സത്യം പറഞ്ഞാൽ കൂടെപ്പോയവരെ സമ്മതിക്കണം. ഇങ്ങേര് പറക്കണ്ടേ! ഓരോ രണ്ടു മീറ്റർ പറന്നിട്ട് ഏതെങ്കിലും ഇലത്തുമ്പിൽ പോയി ചടഞ്ഞിരിക്കും. പിന്നേം കൂടെ വരുന്നവർ ഉന്തിത്തള്ളി പുറത്തിറക്കും.

പറക്കും...

ഇരിക്കും...

പുറത്തിറക്കും...

റിപ്പീറ്റ്..!

ഒടുവിൽ എങ്ങനേലും പൂന്തോട്ടത്തിന്റെ തുടക്കത്തിൽ തന്നെയുള്ള രണ്ടുമൂന്ന് കുഞ്ഞിപ്പൂവിന്റെയടുത്ത് എത്തിച്ചിട്ട്, അവിടെയുള്ള തേനെടുക്കാൻ അവനെ ഏർപ്പാടാക്കി മറ്റു തേനീച്ചകൾ അവരുടെ പണിക്ക് പോയി.

നേരം ഇമ്മിണി കഴിഞ്ഞു. സൂര്യച്ചാച്ചൻ ഡേഷിഫ്റ്റ് കഴിഞ്ഞ് കുളിക്കാൻ പോയി. സർവലോകവും കോട്ടുവായയിട്ട് ഉറങ്ങാനുള്ള തയ്യാറെടുപ്പ് തുടങ്ങിയിരുന്നു. കൊണ്ടുവന്ന തേനിന്റെ കണക്കെടുപ്പൊക്കെ കഴിഞ്ഞ് തേനീച്ചകൾ കൊച്ചുവർത്താനമൊക്കെ പറഞ്ഞ് കൂട്ടിനുള്ളിൽ മൂളിമൂളിയിരിക്കാൻ തുടങ്ങി. പെട്ടെന്നാണ് ആരോ മത്തായിത്തേനീച്ചയെപ്പറ്റി ഓർത്തത്?

"എവിടെ പഹയൻ?"

ആരോ വിളിച്ചുചോദിച്ചു.

"സാധാരണ കലാപ്രകടനമൊക്കെ തുടങ്ങേണ്ട സമയമായല്ലോ. ഇതെവിടെപ്പോയി?"

"ഓ, ഇന്ന് ലേശം പണിയെടുത്തതല്ലേ... അതിന്റെ ക്ഷീണത്തിൽ ഇരിക്കുകയായിരിക്കും." ആരോ അഭിപ്രായം പറഞ്ഞു.

"എന്നാലും എവിടെ ചങ്ങാതി?"

തേനീച്ചകൾ 'ബൂം.. ബൂം..' ന്ന് തിരയാൻ തുടങ്ങി. അവരാരും മത്തായിയെ കണ്ടില്ല. അല്പം പേടി കയറിയ തേനീച്ചച്ചങ്ങാതിമാർ കൂടു മുഴുവൻ പരതി. തേനറയിലും കുട്ടികളുടെ നഴ്സറിയിലും അവിടേം ഇവിടേം ഒക്കെ നോക്കി. ഏയ്.. എവിടേമില്ല.

"എവിടെപ്പോയി മത്തായി?" ആയിരക്കണക്കിനു തേനീച്ചകളുടെ ശബ്ദം ഉയർന്നു.

റാണിത്തേനീച്ചയെ ദൂതന്മാർ വിവരമറിയിച്ചു. റാണിയുടെ പ്രത്യേക നിർദേശപ്രകാരം, സൈനികമേധാവികൾ അടിയന്തിരയോഗം കൂടി. കൂട്ടത്തിലെ ഒരു പ്രധാന സെലിബ്രിറ്റിയെയാണ് കാണാതായിരിക്കുന്നത്? എത്രയും പെട്ടെന്ന് കണ്ടെത്തിയേ മതിയാവൂ... ഒടുവിൽ മത്തായിയെ കണ്ടെത്താൻ ഒരു സെർച്ച് പാർട്ടി രൂപീകരിച്ചു. അവർ രാത്രിയിലേക്ക് 'ങ്ങൂം...' ന്ന് ശടപടേന്ന് ഇറങ്ങിപ്പോയി.

ആകാംക്ഷാനിർഭരമായ ചില മണിക്കൂറുകൾ കടന്നുപോയി. ദൂരെനിന്ന് തിരച്ചിൽ സംഘത്തിന്റെ മൂളൽ കേട്ടു. മത്തായിയെ കിട്ടിയിട്ടുണ്ടാവും എന്ന പ്രതീക്ഷയിൽ തേനീച്ചക്കൂട്ടം മുഴുവൻ കൂടിന്റെ മുന്നിൽ തിക്കിത്തിരക്കി നിൽക്കാൻ തുടങ്ങി. പക്ഷേ, തിരിച്ചുവന്നവരിൽ മത്തായി ഉണ്ടായിരുന്നില്ല. കൂട്ടംകൂടി നിന്ന തേനീച്ചകളെ വകഞ്ഞുമാറ്റി, തിരച്ചിൽ സംഘത്തിന്റെ തലവൻ കേണൽ ബീ-നാഥ് ഖാൻ റാണിത്തേനീച്ചയുടെ മുന്നിലേക്കു പറന്നുവന്നു. അയാൾ സങ്കടത്തോടെ ആ വാർത്ത അറിയിച്ചു:

"മത്തായിത്തേനീച്ച അക്കരപ്പുതയിൽ പെട്ടു..."

**റാണിയുടെ പ്രത്യേക നിർദേശപ്രകാരം, സൈനികമേധാവികൾ അടിയന്തിരയോഗം കൂടി. കൂട്ടത്തിലെ ഒരു പ്രധാന സെലിബ്രിറ്റിയെയാണ് കാണാതായിരിക്കുന്നത്? എത്രയും പെട്ടെന്ന് കണ്ടെത്തിയേ മതിയാവൂ... ഒടുവിൽ മത്തായിയെ കണ്ടെത്താൻ ഒരു സെർച്ച് പാർട്ടി രൂപീകരിച്ചു. അവർ രാത്രിയിലേക്ക് 'ങ്ങൂം...' ന്ന് ശടപടേന്ന് ഇറങ്ങിപ്പോയി.**

"എന്ത്? മത്തായി അക്കരെ പുതച്ചു കിടന്നുറങ്ങുന്നെന്നോ?"

വിവരമില്ലാത്ത ഏതോ തേനീച്ച സ്ഥലകാലബോധമില്ലാതെ ഉറക്കെ ചോദിച്ചു.

"അക്കരപ്പുത എന്നത് ഒരു തരം ഇരപിടിയൻ ചെടിയാണ്. അതിന്റെ പൂവിനടുത്ത്, കൊച്ചു കമ്പുകൾപോലെ നീണ്ടിരിക്കുന്ന ഭാഗത്ത് നല്ല തേൻ വന്ന് നനഞ്ഞിരിക്കും. അതിൽ ചെന്നിരുന്നാൽ തീർന്നു. അതിൽ ഒട്ടിപ്പോവുകയും ചെടി നമ്മളെ തിന്നുകയും ചെയ്യും."

ഇത്തവണ റാണിയാണ് ഉത്തരം പറഞ്ഞത്.

"റാണിയമ്മേ, മത്തായി തേൻകെണിയിൽ പെട്ടുപോയി. ഇപ്പോഴും ജീവനുണ്ട്. പക്ഷേ, രക്ഷപ്പെടുത്താൻ പറ്റുമെന്നു

തോന്നുന്നില്ല. ഏറെ വൈകാതെ, അവൻ..."

പറഞ്ഞു തീർക്കാനാവാതെ, ബീനാഥ് ഖാന്റെ തൊണ്ടയിടറു ന്നുണ്ടായിരുന്നു.

സംഗതിയുടെ ഗൗരവം അപ്പോഴാണ് എല്ലാവർക്കും മനസ്സിലായത്.

"അയ്യോ.. നമ്മുടെ മത്തായി..." തേനീച്ചകളുടെ കുഞ്ഞിക്കണ്ണു കൾ നിറഞ്ഞു കലങ്ങി.

"ഇനിയെന്തു ചെയ്യും?

ഇനിയെന്തു ചെയ്യും?"

ഉത്തരമില്ലാത്ത ആ ചോദ്യം അവിടെയെങ്ങും മുഴങ്ങിക്കേൾ ക്കാൻ തുടങ്ങി.

റാണിത്തേനീച്ച മാത്രം മൂക യായിരുന്നു. അല്പനിമിഷങ്ങൾ ക്കുശേഷം അവൾ ഉറക്കെ പ്പറഞ്ഞു...

"അവനെ വിളിക്ക്..."

ബീനാഥ് ഖാനും മറ്റു പട്ടാള ക്കാരും ഒരു നിമിഷം ഒന്ന് ഞെട്ടിയോ?

"ആരാണ് അവൻ?"

"അവൻ വന്നിട്ട് എന്തു ചെയ്യും?"

ചോദ്യങ്ങളുടെ പെരുമഴ പെയ്യാൻ തുടങ്ങി..

(ഈ കഥയ്ക്ക് ഇവിടെ ഒരു ഇടവേളയാണ്. ചായയും പഫ്സും കഴിക്കാൻ പോകുന്ന വർക്ക് പോയിട്ട് തിരിച്ചുവരാം.

ഇടവേള...

ഇടവേള തീർന്നു.)

അവന്റെ പേര് 'ബീ-ഹു-ബലി'. തേനീച്ചക്കൂട്ടത്തിലെ കമാൻഡോ ലീഡർ. കരുത്ത രിൽ കരുത്തൻ, ചൈനീസ് തേനീച്ചകളുടെ ആയോധനകല യായ 'ഹു'വിൽ ആറാം ഡാൻ ബ്ലാക്ക് ബെൽറ്റ് നേടിയ വീരാ ധിവീരൻ. അവന്റെ ചിറകൊച്ച കേട്ടാൽ ഏത് ശത്രുവിന്റെയും ഹൃദയം പടപടാന്ന് മിടിച്ച് 'ക്ലറ്... പ്ട്റ്...' ന്ന് നിന്നുപോകും. ശരിക്കുമുള്ള പേര് ബി. എച്ച്. ബാലകൃഷ്ണൻ. പക്ഷേ സ്വയം വിളിക്കുന്നത് ബീഹുബലി എന്നാണ്. ശത്രുസൈന്യത്തി ന്റെ ആക്രമണമാവട്ടെ, റെസ്ക്യൂ മിഷൻ ആവട്ടെ, അവസാന വാക്ക് ബീഹുബലിയാണ്. തീരെ കരുണയില്ലാത്ത, പേടിയെന്തെ ന്നറിയാത്ത ദേഷ്യം വന്നാൽ കൂട്ടത്തിലുള്ളവരെപ്പോലും കുത്തിമറിയ്ക്കാൻ മടിയില്ലാത്ത കൊടൂരഹൃദയൻ. ചുമ്മാതല്ല കേണൽ ബീനാഥ് ഖാന്റെ മുട്ടു വിറച്ചത്.

ഏറ്റവും അത്യാവശ്യഘട്ടങ്ങ ളിലേ, റാണിത്തേനീച്ച ബീഹു ബലിയെ വിളിക്കാറുള്ളൂ. ഇവിടെ ഇതിലപ്പുറം ഒരത്യാ വശ്യം വരാനുണ്ടോ? ബീഹു ബലി വന്നു.

സിക്സ്പാക്ക് മസിലും കരുത്തൻ ചിറകുകളും കണ്ണിൽ രൗദ്രഭാവവുമായി അവൻ നിന്നു.

കാര്യമെല്ലാം കേട്ടു. കേണൽ ബീനാഥ് ഖാനോട് പ്ലാൻ ബ്രീഫ് ചെയ്യാൻ പറഞ്ഞു. സംഗതി ബീഹുബലിയെക്കാൾ സീനി യർ ആണെങ്കിലും കേണൽ വിറച്ചുവിറച്ചാണ് പദ്ധതി വിശ ദീകരിച്ചത്.

'ഈ പ്ലാൻ ഇഷ്ടപ്പെടാതെ ഇവനിനി എനിക്കിട്ട് കുത്തു മോ?' എന്നായിരുന്നു അയാ ളുടെ മനസ്സിൽ.

'അന്ത ഭയം ഇരുക്കട്ടും' എന്ന ഭാവത്തിൽ ബീഹുബലി യും നിന്നു.

കേണലിന്റെ പ്ലാൻ വളരെ സിമ്പിൾ ആയിരുന്നു.

"ബീഹുബലി അക്കരപ്പുത യുടെ അടുത്തു ചെല്ലുക. മത്തായിയെ തോളിൽ കേറ്റുക. രക്ഷിക്കുക." അയാൾ പറഞ്ഞു.

"ഇതെല്ലാം ഒരു പ്ലാനാ..? ഉനക്കാരെടാ പൈത്യക്കാരാ കേണൽ പദവി തന്നത്." എന്ന് ബീഹുബലി മനസ്സിൽ പറഞ്ഞു.

എന്തായാലും വേറെ മാർഗം ഒന്നുമില്ലാത്തതിനാൽ ബീഹു ബലി, പരിവാരസമേതം 'മത്താ യി മോചന ദൗത്യ'ത്തിനിറങ്ങി.

അക്കരപ്പുതയുടെ ചുറ്റും അതിഭീകരമായ ഒരു അന്തരീ ക്ഷമായിരുന്നു. ഒരു ജീവിയും അബദ്ധത്തിൽപ്പോലും എത്തി ച്ചേരാൻ സാധ്യതയില്ലാത്ത മുള്ളും മുരടും നിറഞ്ഞ ഈ സ്ഥലത്തേക്ക് ഈ മത്തായി ച്ചൻ എന്തിനുവന്നു എന്ന് ബീഹുബലി ആലോചിച്ചു. എന്തായാലും രക്ഷിച്ചല്ലേ പറ്റൂ. സംഘാംഗങ്ങളെ ചുറ്റും നിർത്തി ഒടുക്കത്തെ ബിൽഡപ്പ് ഒക്കെ യിട്ട് ബീഹുബലി, ക്രൈംസീനി ലേക്കു കടന്നു. അക്കരപ്പുത ഭീകരമായ ഒരു ട്രാപ്പാണ്. ശ്രദ്ധിച്ചില്ലെങ്കിൽ താനും അതിൽ പെട്ടുപോകും. ഒരു പാടു പേർക്ക് ഒരുമിച്ചു ചെല്ലാൻ കഴിയില്ല. ഒറ്റയ്ക്കു തന്നെ പോയേ പറ്റൂ...

അവൻ പയ്യെപ്പയ്യെ, ശബ്ദമു ണ്ടാക്കാതെ, അക്കരപ്പുതയുടെ കൊമ്പു ലക്ഷ്യമാക്കി പറന്നു. ദേ... മത്തായി അവിടെത്തന്നെ യുണ്ട്.

'പാവം ബോധം കെട്ടുപോയി എന്നു തോന്നുന്നു. പതിയെ ചെന്നു വിളിച്ചുണർത്താം.'

ബീഹുബലി മത്തായിയുടെ അടുത്തു പറന്നെത്തി. തന്റെ ബലിഷ്ഠമായ കൈകൾകൊണ്ട് അവൻ മത്തായിയെ കുലുക്കി യുണർത്താൻ നോക്കി.

"പോടാ... ഡിഷ്കിന മിഷ്ക്കിനേ..."

**അക്കരപ്പുതയുടെ ചുറ്റും അതിഭീകരമായ ഒരു അന്തരീക്ഷമായി രുന്നു. ഒരു ജീവിയും അബദ്ധത്തിൽപ്പോലും എത്തിച്ചേരാൻ സാധ്യതയില്ലാത്ത മുള്ളും മുരടും നിറഞ്ഞ ഈ സ്ഥലത്തേക്ക് ഈ മത്തായിച്ചൻ എന്തിനുവന്നു എന്ന് ബീഹുബലി ആലോചിച്ചു. എന്തായാലും രക്ഷിച്ചല്ലേ പറ്റൂ. അക്കരപ്പുത ഭീകരമായ ഒരു ട്രാപ്പാണ്. ശ്രദ്ധിച്ചില്ലെങ്കിൽ താനും അതിൽ പെട്ടുപോകും.**

'ങേ! ഇതെന്തു ഭാഷ?' ബീഹുബലി അന്തംവിട്ടു പോയി!

"ഒഴുത്തനെ മഴ്യാദയ്ക്ക് കിട ന്നൊഴങ്ങാനും സമ്മതിക്കി ല്ലേടാ... അടിച്ച് നെന്റെ അണ പ്പല്ല് ഞാനിളക്കും..."

സംഗതി ഈ മധുരഭാഷണം പുറത്തുവരുന്നത് മത്തായിയുടെ വായിൽനിന്നാണ്. അക്കരപ്പൂത യുടെ ഭീകരത നിറഞ്ഞ കൊമ്പു കൾക്കിടയിൽ ആശാൻ സുഖ മായി കിടന്നുറങ്ങുകയാണ്. അവിടെയുണ്ടായിരുന്ന തേൻ മുഴുവൻ അവൻ അകത്താക്കി ക്കഴിഞ്ഞു എന്നത് ഉറപ്പാണ്.

ബീഹുബലി വീണ്ടും മത്താ യിയെ കുലുക്കിയുണർത്താൻ ശ്രമിച്ചു. മത്തായി തേനീച്ചക ളുടെ ഭാഷയിലുള്ള സകലമാന തെറികളും വിളിച്ചുപറയാൻ തുടങ്ങി. ബീഹുബലി പെട്ടു!

അവൻ ആദ്യം മത്തായിയെ ഭീഷണിപ്പെടുത്താൻ നോക്കി. മത്തായി തെറി പറഞ്ഞു.

പിന്നെ അവൻ മത്തായിയെ ന്യായം പറഞ്ഞ് വശത്താക്കാൻ നോക്കി... മത്തായി വഴക്കു പറഞ്ഞു. അടുത്തതായി അവൻ മത്തായിയ്ക്ക് തേനും പാലും തരാം എന്ന മട്ടായി. മത്തായി കണ്ണുരുട്ടി!

ഒടുവിൽ ബീഹുബലി കരച്ചിലിന്റെ വക്കത്തെത്തി. മത്തായി അപ്പോഴും എന്തൊ ക്കെയോ പറഞ്ഞു.

ഈ മാരണത്തിനെ ഒന്ന് വിളിച്ചോണ്ടു പോകുമോ എന്ന മട്ടിൽ അക്കരപ്പൂത ദയനീയ മായി തന്നെ നോക്കിനിൽക്കു കയാണ് എന്ന് ബീഹുബലിക്ക് മനസ്സിലായി. അവൻ പതിയെ അക്കരപ്പൂതയുടെ കൊമ്പുകൾ ക്കിടയിൽനിന്ന് മത്തായിയെ വലിച്ചൂരിയെടുക്കാൻ ശ്രമം തുടങ്ങി.

പക്ഷേ ദാ കിടക്കണ് പുട്ടും കടലേം... കൊമ്പുകളുടെ ട്രാപ്പിൽ ബീഹുബലിയും പെട്ടു.

'നിന്നോടല്ലേടാ, അവനേം കൊണ്ട് എങ്ങനേലും പോവാൻ പറഞ്ഞത്? നീയും കൂടി ഇവിടെ താമസം തുടങ്ങിയോ?' എന്ന മട്ടിൽ അക്കരപ്പൂത കലിതുള്ളി നിൽക്കുന്നത് ആ കിടപ്പിൽ ബീഹുബലി കണ്ടു. ഇനിയെന്തു ചെയ്യും?

അവൻ അവിടെക്കിടന്ന് കര യാൻ തുടങ്ങി.

"അയ്യോ... അമ്മച്ചീ... എന്നെ എങ്ങനേലും രക്ഷപ്പെടുത്തണേ. ആരേലും ഓടിവരണേ, എന്റെ പൊന്നുസാറമ്മാരേ... അയ്യോ!" എന്നൊക്കെ അച്ചാലും മുച്ചാലും നിലവിളിക്കുന്ന യുദ്ധവീരൻ ബീഹുബലിയെ കണ്ട് റെസ്ക്യൂമിഷനിലെ മറ്റു സംഘാംഗങ്ങൾ അന്തംവിട്ടു നിൽക്കാൻ തുടങ്ങി.

"ഹെന്തൊരു ശല്യമാണിത്? ഹാരെടാ നീ?" എന്നും പറഞ്ഞ് മത്തായി കണ്ണുതുറന്ന് നോക്കി യത് ബീഹുബലിയുടെ മുഖ ത്തേക്കാണ്. തന്റെ പഴയ സ്കൂൾ ഫ്രണ്ടായ അവനെ തിരിച്ചറിഞ്ഞ മത്തായി സന്തോ ഷത്തോടെ കുശലം ചോദി ക്കാൻ തുടങ്ങി.

"അളിയാ, ബാലഷ്ണാ... നീയെപ്പ വന്നെടാ? ഇവിടെ അടിപൊളി തേനാ. ശരിക്കും മത്തായിപ്പോവും."

"എന്റെ പൊന്നു മത്തായീ.. നീയിവിടെ കുടുങ്ങിയതറിഞ്ഞ് രക്ഷിക്കാൻ വന്ന ഞാനും കുടു ങ്ങിപ്പോയെടാ... ഇനിയെന്തോ ചെയ്യുമെടാ." എന്നായി ബീഹു ബലി... അല്ല ബാലകൃഷ്ണൻ!

"ആര് കുടുങ്ങി? ഞാൻ ബോറടിച്ചപ്പോ ഇവിടെ കിടന്നു റങ്ങിയതല്ലേ... കൂട്ടിൽ വന്നാൽ നാളത്തേക്ക് പണി തരും. അതു കൊണ്ട് ഇവിടെ അങ്ങ് കൂടി യതാ."


മത്തായിയുടെ മറുപടി സിമ്പിളായിരുന്നു.

എന്നിട്ട്?

ബീഹുബലി എന്ന ബാല കൃഷ്ണന്റെ കണ്ണുതള്ളിപ്പോയ







സാമർത്ഥ്യത്തോടെ, മത്തായി അക്കരപ്പുതയിൽനിന്ന് പറന്നു മാറി!

"ങേ! ഇതെങ്ങിനെ? നീയെങ്ങിനാടാ രക്ഷപ്പെട്ടത്?"

ബാലകൃഷ്ണന്റെ ചോദ്യത്തിന് മത്തായിയുടെ മറുപടി ഒരു കള്ളച്ചിരിയായിരുന്നു. എന്നിട്ട് അവൻ പതിയെപ്പറഞ്ഞു.

"അളിയാ... ആ ഒട്ടിപ്പോ കുന്ത്രാണ്ടത്തിലെ പശയ്ക്ക് നല്ല ടേസ്റ്റായിരുന്നു. ഞാൻ മുഴുവൻ തിന്നു തീർത്തു. അപ്പോഴാടാ ഈ പാവം മത്തായിക്ക് മത്തായത്."

"ന്റമ്മോ.. നിന്നെ രക്ഷിക്കാൻ വന്ന ഞാനിപ്പ ആരായി? ഡാ... ഡാ... എന്നേം കൂടി കൊണ്ടുപോടാ." എന്നായി ബീഹുബലി.

"ഇവന്റൊരു കാര്യം! ആ വാ, പണ്ടേ നീ ഇങ്ങനെ ആരോഗ്യമില്ലാത്ത ഒരുത്തനാ..." എന്നും പറഞ്ഞ് മത്തായി അവിടെയുള്ള പശയൊക്കെ കപ്പുകുപ്പനാ തിന്നിട്ട്, ഒരു കുഞ്ഞിക്കല്ലെടുത്തു മാറ്റുന്നപോലെ ആ മല്ലനെയെടുത്തു പറന്നു.

ഇതെല്ലാം കണ്ട് അന്തം വിട്ടിരുന്ന റെസ്ക്യൂമിഷൻ സംഘം അവരുടെ പിന്നാലെ വച്ചുപിടിച്ചു.

അല്പനേരം കഴിഞ്ഞ്, മത്തായിയെ രക്ഷിച്ചുവരുന്ന ബീഹുബലിയെ കാത്തിരുന്ന തേനീച്ചക്കൂട്ടിലേക്ക് ബീഹുബലിയെ രക്ഷിച്ചുവരുന്ന മത്തായി വന്നു കേറി.

എന്നിട്ട് ഒരു ഭാവഭേദവുമില്ലാതെ, അങ്ങേര് ചവിട്ടുനാടകം റിഹേഴ്സൽ ചെയ്യാൻ പോയി.

എല്ലാരും ബീഹുബലിയെ കുറേനേരം നോക്കിനിന്നു. റാണിയാണ് ആ നിശ്ശബ്ദതയ്ക്ക് ഒരു വിരാമമിട്ടത്. അവർ സഹതാപത്തോടെ പറഞ്ഞു.

"കഷ്ടം!"

പാവം ബീഹുബലി.

അന്നു മുതൽ അവനെ ബഡായിബലിന്നേ ആളോള് വിളിച്ചിട്ടുള്ളൂ.

പക്ഷേ, ഏറ്റവും സങ്കടം, അടിച്ചു മത്തായ മത്തായി, 'ഡാ ബാലപ്പ്ണാ.. നെനക്ക് അക്കരപ്പുതേന്ന് തേൻ വേണോടാ'ന്ന് വളരെ സീരിയസ്സായി ചോദിക്കുമ്പോ ഈ വിവരദോഷിത്തേനീച്ചകൾ പൊട്ടിച്ചിരിക്കുന്നത് കാണുന്നതാണ്.

അപ്പോ മത്തായിയും ചോദിക്കും.

"അതെന്താ ബാലപ്പ്ണാ, ഇവര് ചിരിക്കുന്നതെന്ന്."

അക്കരപ്പുതയ്ക്കും മാനം പോയി... ഇരപിടിയനാണത്രേ, ഇരപിടിയൻ! കുഞ്ഞിപ്പിള്ളേരു വരെ ഇപ്പോ വന്ന് തേൻ മോട്ടിച്ചോണ്ട് പോകുന്നുണ്ട്.

മത്തായി മാത്രം പഴയതുപോലെതന്നെ. തേനുണ്ണിക്കരയുടെ സ്വന്തം ഹിസ് ഹൈനസ് സെലിബ്രിറ്റി!

ബോധവുമില്ല പണിയുമില്ല, ശരിക്കും ഭാഗ്യവാൻ!



# അക്കരപ്പുത



**ദാ, ദിതാണ് അക്കരപ്പുത എന്ന ചെടി. അമേരിക്കയിലൊഴിക ലോകത്ത് മിക്കയിടത്തും കാണപ്പെടുന്ന കീടഭോജിച്ചെടിയാണിത്. അഴുകണ്ണി, സൺഡ്യൂ തുടങ്ങിയ പേരുകളുമുണ്ട്. നീളമുള്ള ഇലകളാണിതിന്. നീണ്ട കമ്പുപോലിരിക്കുന്ന ഭാഗത്ത് എപ്പോഴും തേൻപോലെ ഒട്ടുന്ന ദ്രാവകം ഉണ്ടാവും. ഇവിടെ വന്നിരിക്കുന്ന ചെറിയ കീടങ്ങൾ ഈ മഞ്ഞുതുള്ളികൾപോലെയുള്ള ഇടത്ത് ഒട്ടിപ്പോകും. ചെടി പതിയെ ഈ കീടങ്ങളെ ഭക്ഷണമാക്കുകയും ചെയ്യും. നല്ല ഭംഗിയുള്ള പൂക്കളും ഈ ചെടിക്കുണ്ട്. Drosera indica എന്നതാണ് അക്കരപ്പുതയുടെ ശാസ്ത്രീയനാമം.**

ചിത്രം: Sreejith R S / Wikimedia Commons

# ലോകകപ്പ് ക്രിക്കറ്റ് ബാക്കിവയ്ക്കുന്നത്

ഡോ. പി ടി അജീഷ്




ഇന്ത്യയിലെ പത്തു നഗരങ്ങളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് ഏകദിന ലോക ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന്റെ പതിമൂന്നാം എഡിഷൻ അവസാനിച്ചു. കരുത്തരും ലോകറാങ്കിങ്ങിൽ ഒന്നാം സ്ഥാനക്കാരും ആതിഥേയരുമായിരുന്ന ഇന്ത്യയെ അട്ടിമറിച്ചുകൊണ്ട് മുൻ ലോകചാമ്പ്യന്മാരായ ഓസ്ട്രേലിയ ആറാം ലോകകിരീടം സ്വന്തമാക്കി.

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ നോക്കൗട്ട്, റൗണ്ട് റോബിൻ എന്നീ രീതികളിലാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ആദ്യ രണ്ട് ലോകകപ്പുകൾ നേടിയ പ്രതാപശാലികളായ വെസ്റ്റിൻഡീസ് ഈ ലോകകപ്പിൽ യോഗ്യത നേടിയിരുന്നില്ല. 1992 ലെ ലോകകപ്പ് മുതൽ ഇന്ത്യ സ്ഥിരമായി പാക്കിസ്ഥാനെ തോൽപ്പിച്ചിരുന്ന പതിവ് ഈ ലോകകപ്പിലും ആവർത്തിച്ചു. ക്രിക്കറ്റ് ഇതിഹാസമായ സച്ചിൻ ടെണ്ടുൽക്കറായിരുന്നു ഈ ലോകകപ്പിലെ ബ്രാൻഡ് അംബാസിഡർ. ലോകകപ്പ് മത്സര ആവേശം വാനോളം നിലനിൽക്കുന്നതിനിടയിൽ ക്രിക്കറ്റിനെ ഒളിമ്പിക്സിൽ മത്സര ഇനമായി ഉൾപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയുടെ തീരുമാനവും ഉണ്ടായി. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം നടന്ന ക്രിക്കറ്റ് മത്സരങ്ങൾ നേരിട്ടും ഡിജിറ്റലായും വീക്ഷിച്ചവരുടെ എണ്ണം ക്രമാതീതമായി വർധിച്ചത് ക്രിക്കറ്റിന്റെ പ്രചാരം വ്യാപകമായതിന്റെ തെളിവാണ്.

ഒന്നാം സ്ഥാനത്ത് എത്തി കപ്പ് ഉയർത്തിയ ഓസ്ട്രേലിയൻ ടീമിന് ലഭിച്ചത് 33 കോടി രൂപയാണ്. രണ്ടാം സ്ഥാനത്ത് എത്തിയ ഇന്ത്യൻ ടീമിന് 16 കോടി രൂപയും സെമിഫൈനലിൽ എത്തിച്ചേർന്ന ടീമുകൾക്ക് ആറരക്കോടി രൂപയും പ്രതിഫലമായി ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ വ്യക്തിഗതപ്രകടനം കാഴ്ചവച്ച താരങ്ങൾക്കും സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ലോകകപ്പിലെ മത്സരങ്ങളെല്ലാം വിലയിരുത്തുമ്പോൾ കായിക വിദഗ്ധരെയും നിരീക്ഷകരെയുമെല്ലാം അമ്പരിപ്പിച്ചുകൊണ്ടുള്ള മത്സരഫലങ്ങളാണ് ഓരോ സമയത്തും ഉണ്ടായിട്ടുള്ളത്. നെതർലാൻഡ്,

അഫ്ഗാനിസ്ഥാൻ തുടങ്ങിയ ടീമുകൾ വമ്പൻ ടീമുകളെ അട്ടിമറിച്ചതിനും ഈ ലോകകപ്പ് സാക്ഷിയായി.

ഈ ലോകകപ്പിൽ ഏറ്റവും മികച്ച ടീമായിരുന്നു ഇന്ത്യ. പ്രാഥമിക റൗണ്ട് മുതൽ സെമി ഫൈനലിൽവരെ തുടർച്ചയായ 10 വിജയങ്ങളാണ് ഇന്ത്യ സ്വന്തമാക്കിയത്. ഏറ്റവും കൂടുതൽ സെഞ്ച്വറി നേടിയിരുന്ന സച്ചിൻ ടെണ്ടുൽക്കറിന്റെ റെക്കോർഡ് വിരാട് കോലി തകർത്തതും ഈ ലോകകപ്പിലാണ്. മികച്ച പ്രകടനത്തിലൂടെ ഈ ലോകകപ്പിലെ താരമായി തിരഞ്ഞെടുത്തതും വിരാട് കോലിയെത്തന്നെ.

പക്ഷേ ഈ ലോകകപ്പിൽ ഏറ്റവും കൂടുതൽ കൈയടി നേടിയ താരം മുഹമ്മദ് ഷമിയാണ്. പകരക്കാരനിൽനിന്ന് ഇന്ത്യൻ ബൗളിങ്ങിന്റെ അമരത്തേക്ക് എത്തിച്ചേർന്ന് വെറും ഏഴു കളി കളിൽനിന്ന് വിലപ്പെട്ട 24 വിക്കറ്റുകളാണ് ഷമി സ്വന്തമാക്കിയത്. ഇന്ത്യയ്ക്കുവേണ്ടി ലോകകപ്പിൽ അൻപതു വിക്കറ്റ് അതിവേഗം വീഴ്ത്തിയ താരം എന്ന ബഹുമതിയും ഷമി സ്വന്തമാക്കി. ലോക കപ്പിൽ ഏറ്റവും കൂടുതൽ തവണ അഞ്ച് വിക്കറ്റ് പ്രകടനം കാഴ്ചവച്ച ബഹുമതിയും ഷമി സ്വന്തം പേരിൽ കുറിച്ചു. ന്യൂസിലൻഡിനെതിരെ നേടിയ ഏഴ് വിക്കറ്റ് പ്രകടനം ഏറെ ശ്രദ്ധേയമായിരുന്നു.

സെമിഫൈനലിൽ വരെ മികച്ച രീതിയിൽ പോരാടിയ ഇന്ത്യ പക്ഷേ ഫൈനലിൽ ഓസ്ട്രേലിയയോട് ദയനീയമായി കീഴടങ്ങിയതിന്റെ ഞെട്ടലിലാണ് ക്രിക്കറ്റ് ആരാധകരെല്ലാം...

## ടൈംഡ് ഔട്ടിന്റെ ലോകകപ്പ്

ലോക ക്രിക്കറ്റ് ചരിത്രത്തിലെ അത്യപൂർവമായ ഒരു പുറത്താക്കൽ രീതി ന്യൂഡൽഹിയിലെ അന്തർദേശീയ സ്റ്റേഡിയത്തിൽ അരങ്ങേറി. ഇന്ത്യയുടെ രണ്ട് അയൽരാജ്യങ്ങളായ ബംഗ്ലാദേശും ശ്രീലങ്കയും തമ്മിലുള്ള മത്സരത്തിനിടയിലാണ് അപ്രതീക്ഷിത സംഭവം നടന്നത്.

ശ്രീലങ്കൻ ബാറ്റർ ആയ എയ്ഞ്ചലോ മാത്യൂസ് അന്താരാഷ്ട്ര ക്രിക്കറ്റിൽ ഈ നിയമരീതിയിലൂടെ പുറത്താക്കപ്പെട്ട ആദ്യ ബാറ്ററായി മാറി. ബംഗ്ലാദേശ് കളിക്കാർ അപ്പീൽ ചെയ്തതാണ് പുറത്താകലിൽ നിർണായകമായത്. നിശ്ചിതസമയത്തിനുള്ളിൽ താരം ക്രീസിൽ എത്താതെ വന്നതോടെ ബംഗ്ലാദേശ് കളിക്കാർ അപ്പീൽ ചെയ്യുകയും അമ്പയർ വിക്കറ്റ് വിധിക്കുകയുമായിരുന്നു. ഒരുപക്ഷേ ബംഗ്ലാദേശ് അപ്പീൽ പിൻവലിച്ചിരുന്നുവെങ്കിൽ അമ്പയർക്ക് കളിക്കാരനെ ബാറ്റ് ചെയ്യുവാൻ അനുവദിക്കാമായിരുന്നു. എന്നാൽ ബംഗ്ലാദേശ് കളിക്കാർ അതിന് തയ്യാറായില്ല.

## എന്താണ് ടൈംഡ് ഔട്ട്

ടൈംഡ് ഔട്ട് എന്നത് ക്രിക്കറ്റിൽ ബാറ്ററുടെ ഒരു പുറത്താകൽ രീതിയാണ്. വിക്കറ്റ് വീണതിനു ശേഷം അല്ലെങ്കിൽ ഒരു ബാറ്റർ വിരമിച്ചതിനു ശേഷം ഒരു പുതിയ ബാറ്റർ മൂന്നു മിനിറ്റിനുള്ളിൽ കളിക്കുവാൻ ഗ്രൗണ്ടിൽ എത്തിച്ചേരേണ്ടതുണ്ട് എന്നതാണ് മെർലെബോൺ ക്രിക്കറ്റ് ക്ലബ്(Marylebone Cricket Club- എം സി സി) നിയമം പറയുന്നത്. ലണ്ടൻ ആസ്ഥാനമായ ഈ ക്ലബാണ് ക്രിക്കറ്റിലെ അന്താരാഷ്ട്ര നിയമങ്ങളും ചട്ടങ്ങളും തയാറാക്കുന്നത്. ഐ സി സി ലോകകപ്പിൽ ഈ സമയം രണ്ടു മിനിട്ടായാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഈ നിബന്ധന കൃത്യമായും പാലിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ പുതുതായി ക്രീസിലേക്ക് എത്തുന്ന ബാറ്റർ ഔട്ട് ആകുന്നു. ബാറ്റർ ഒരു പന്തുപോലും അഭിമുഖീകരിക്കാതെയാണ് ഔട്ട് ആകുന്നതെന്ന പ്രത്യേകത ഇതിനുണ്ട്. അതിനാൽ ബൗളർക്ക് വിക്കറ്റിന്റെ ക്രെഡിറ്റ് ലഭിക്കുന്നില്ല. സ്കോർ ബോർഡിലും ടൈം ഔട്ട് എന്ന് തന്നെയാണ് രേഖപ്പെടുത്തുക.

സ്ട്രൈക്ക് നേരിടുന്നതിനുമുമ്പ് എയ്ഞ്ചലോ മാത്യൂസ് ഹെൽമറ്റിലെ സ്ട്രാപ്പ് ഇടാൻ ശ്രമിക്കുന്നതിനിടയിൽ അത് പൊട്ടിപ്പോവുകയുണ്ടായി. തുടർന്ന് അദ്ദേഹം പുതിയ ഹെൽമറ്റിനായി ടീം അംഗങ്ങളോട് ആംഗ്യം കാണിച്ചു. ശ്രീലങ്കൻ ടീമിലെ ഒരംഗം പുതിയ ഹെൽമറ്റുമായി ഗ്രൗണ്ടിലേക്കു വരികയും അത് മാത്യൂസിനു കൈമാറുകയും ചെയ്തു. ഇതിനിടെ ബംഗ്ലാദേശ് നായകന് ഷാക്കിബ് അൽ ഹസൻ അംപയറോടു വിക്കറ്റിനുവേണ്ടി അപ്പീൽ ചെയ്യുകയായിരുന്നു. ക്രീസിലെത്തിയിട്ടും സ്ട്രൈക്ക് നേരിടാൻ വൈകിയതിനെ തുടർന്നായിരുന്നു ഈ അപ്പീൽ. ഇതുകണ്ട് അമ്പരന്ന മാത്യൂസ് ഹെൽമറ്റ് കേടായതുകാരണം അതുമാറ്റിയതിനാലാണ് സ്ട്രൈക്ക് നേരിടാൻ വൈകിയതെന്ന് അംപയറെയും ഷാക്കിബ് അൽ ഹസനെയും ധരിപ്പിക്കുവാൻ ശ്രമിച്ചു. പക്ഷേ ടൈംഡ് ഔട്ടിനായുള്ള അപ്പീൽ പിൻവലിക്കുവാൻ ഷാക്കിബ് തയ്യാറായില്ല. അവർ അപ്പീലിൽ ഉറച്ചു നിന്നതോടെ മാത്യൂസിനോടു ക്രീസ് വിടാൻ അംപയർ ആവശ്യപ്പെടുകയായിരുന്നു. തുടർന്ന് നിരാശയോടെയും രോഷത്തോടെയും ക്രീസ് വിട്ട അദ്ദേഹം ഗ്രൗണ്ടിൽനിന്നു കയറുന്നതിനിടെ ദേഷ്യത്തിൽ ഹെൽമറ്റ് വലിച്ചെറിയുകയും ചെയ്തു.

കളിയിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുകയാണ് നിയമത്തിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. എന്നാൽ ക്രിക്കറ്റ് കളിക്കിടയിൽ ബാറ്റർ ടൈം ഔട്ട് ആയി പുറത്താകുന്നത്



അസാധാരണ സംഭവമാണ്. ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിലോ 20-20 ക്രിക്കറ്റിലോ ഇത്തരത്തിലുള്ള പുറത്താകൽ സംഭവങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. 1980 ലാണ് ക്രിക്കറ്റിലെ നിയമാവലിയുടെ ഭാഗമായി ടൈം ഔട്ട് എന്ന പ്രത്യേക പുറത്താക്കൽ രീതി കൂടി ഉൾപ്പെടുത്തിയത്. പുതിയ ചട്ടം നടപ്പാക്കിയശേഷം ആദ്യമായാണ് ഈ രീതിയിൽ ഒരു ബാറ്റർ പുറത്താകുന്നത്.

## ബാറ്റർ പ്രധാനമായും ഔട്ട് ആകുന്ന രീതികൾ

സാധാരണയായി 10 രീതികളിലൂടെയാണ് ഒരു ബാറ്റർ ക്രിക്കറ്റ് കളിക്കിടയിൽ ഔട്ട് ആകുന്നത്. ക്യാച്ച്, ബൗൾഡ്, എൽ.ബി.ഡബ്ല്യു, സ്റ്റമ്പ്ഡ് ഔട്ട്, റൺ ഔട്ട്, ഫീൽഡ് തടസ്സപ്പെടുത്തൽ, ബാറ്റർ രണ്ടുതവണ പന്തടിക്കുമ്പോൾ, റിട്ടയേർഡ് ഔട്ട്, ടൈംഡ് ഔട്ട് എന്നിവയാണവ. എന്നാൽ ഇവയിൽ ടൈംഡ് ഔട്ട് ഒഴികെയുള്ള മറ്റെല്ലാ രീതികളും ക്രിക്കറ്റ് മത്സരങ്ങൾക്കിടയിൽ സ്വാഭാവികമായി ഉണ്ടാകുന്നതും കായികാരാധകർക്ക് പരിചിതവുമാണ്. എതിർ ബാറ്റർക്കെതിരെ മങ്കാദിങ് ഉൾപ്പെടെയുള്ളവയിൽ അപ്പീൽ ചെയ്ത് ഔട്ട് വിളിച്ച ചില സന്ദർഭങ്ങളിൽ ബാറ്ററെ തിരികെ വിളിച്ച് ബാറ്റിങ്ങിന് അനുവദിക്കുകയും അവസരം ഒരുക്കുകയും ചെയ്ത ഇന്ത്യ ഉൾപ്പെടെയുള്ള ടീമുകളുടെ മാതൃകാപരമായ തീരുമാനങ്ങളുടെ ഉദാഹരണങ്ങൾ നിരവധിയുണ്ട്.

മാന്യരുടെ കളിയായ ക്രിക്കറ്റ് തുടങ്ങിയ കാലം മുതൽ ഇന്നുവരെയും ചരിത്രത്തിൽ ആരും ഈ നിയമം മാത്രം ഉപയോഗിച്ചിട്ടില്ല. ഇതിനു മുൻപും നിരവധി സമയങ്ങളിൽ കളിക്കാർ വിക്കറ്റ് വീണശേഷം ആദ്യ ബോൾ നേരിടാൻ 180 സെക്കൻഡിൽ അധികം എടുത്തിട്ടുണ്ട്. പക്ഷേ ഇന്നുവരെ ഒരു കളിക്കാരനോ, ടീമോ ഈ നിയമം ഉപയോഗിച്ച് അപ്പീൽ ചെയ്ത് എതിർ ബാറ്ററെ പുറത്താക്കാൻ ശ്രമിച്ചിട്ടില്ല. അംഗീകൃത നിയമമുള്ളതല്ലേ അത് ഉപയോഗിച്ചതിൽ എന്താണ് തെറ്റ് എന്ന് ചോദിക്കുന്ന നിരവധി കായിക നിരീക്ഷകരുണ്ട്. എന്നാൽ ഇത്ര കാലമായിട്ടും ഒരു ടീമും അത് പ്രയോഗിക്കുവാനോ അത്തരത്തിൽ ഒരു ബാറ്ററെ പുറത്താക്കുവാനോ തയാറായിരുന്നില്ല. ബംഗ്ലാദേശ് ചെയ്തത് ക്രിക്കറ്റ് നിയമത്തിന് എതിരല്ല. എന്നാൽ ക്രിക്കറ്റ് കളിയുടെ സൗന്ദര്യത്തിന്റെ സഹജവും സാമാന്യവുമായ മര്യാദയ്ക്ക് എതിരായുണ്ടായ സംഭവമായിപ്പോയി എന്നും വാദമുണ്ട്.

മധ്യകാലഘട്ടത്തിൽ ദക്ഷിണ ഇംഗ്ലണ്ടിലെ കെന്റിനും സസെക്സിനും ഇടയിലുള്ള പുൽമേടുകളിൽ രൂപപ്പെട്ട ക്രിക്കറ്റ് ഇന്ന് ലോകത്തിലെ ഏറ്റവും പ്രചാരമുള്ള കായികയിനങ്ങളുടെ പട്ടികയിൽ മുന്നിൽ നിൽക്കുന്നു. അതിനാൽത്തന്നെ കോമൺവെൽത്ത് രാജ്യങ്ങളിലാണ് ക്രിക്കറ്റിന്റെ പ്രചാരം കൂടുതലായി ഉണ്ടായത്. കേവലം ഒരു കായിക പോരാട്ടത്തിനപ്പുറം രാജ്യങ്ങൾ തമ്മിൽ ഒന്നിക്കുവാനുള്ള അവസരം കൂടിയാണ് ഓരോ ലോകകപ്പും.

ജയപരാജയങ്ങൾ കളിയുടെ ഭാഗമാണെന്നും മത്സരഫലങ്ങളെ സമചിത്തതയോടുകൂടി ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുവാനും ക്രിക്കറ്റ് പഠിപ്പിക്കുന്നു.

# രാവണന്റെ മീശ

സുഭാഷ് ഒട്ടുംപുറം



വര: ടി ആർ രാജേഷ്

പതിവുപോലെ കടപ്പുറത്ത് കപ്പലുണ്ടാക്കി മാധവിയമ്മൂമ്മയെ കാത്തിരിക്കുകയായിരുന്നു രേവതിയും കൂട്ടുകാരും. മാധവിയമ്മൂമ്മയാണ് അവരുടെ കപ്പലിന്റെ കപ്പിത്താൻ. വളരെ ലളിതമാണ് അവരുടെ കപ്പലിന്റെ നിർമ്മാണം. മണൽകൊണ്ട് ത്രികോണാകൃതിയിൽ ഒരു വരമ്പുണ്ടാക്കും. അതിന്റെ ഒരു മൂലയിൽ മണൽ ചെറിയ കൂനയാക്കി ഉയർത്തും. അത് കപ്പലിന്റെ അണിയമാണ്. വീതി കൂടിയ പിൻഭാഗം അമരവും. അണിയം എപ്പോഴും പടിഞ്ഞാട്ടായിരിക്കും. ഇത്രയേ ഉള്ളൂ അവരുടെ കപ്പൽ. മണൽകപ്പൽ. എങ്ങും സഞ്ചരിക്കാത്ത സാങ്കൽപ്പിക കപ്പൽ.

കുട്ടികളുടെ സങ്കൽപ്പത്തിൽ ആ ത്രികോണത്തിന് പുറത്തുള്ള മണലെല്ലാം കടലാണ്. മാധവിയമ്മൂമ്മ പറഞ്ഞുകൊടുക്കുന്ന കഥകൾ കേട്ട് അവരാ കപ്പലിൽ ഒത്തിരി ദൂരം സഞ്ചരിക്കും. അവരുടെ മനസ്സിൽ ആയിരമായിരം സങ്കൽപ്പങ്ങൾ തെളിയും. മാധവിയമ്മൂമ്മയ്ക്ക് ഒരു തൊണ്ണൂറു വയസ്സെങ്കിലുമുണ്ടാകും. അതുകൊണ്ടുതന്നെ അമ്മൂമ്മയുടെ കഥകളെല്ലാം പഴയകാലത്തേതാവും. കുട്ടികളൊക്കെ ജനിക്കുന്നതിനും ഒത്തിരി മുന്നേയുള്ള കഥകൾ.

ഗ്രാമമുണ്ടായ കാലം മുതലേ മാധവിയമ്മൂമ്മയുമുണ്ട്. അമ്മൂമ്മയുടെ അച്ഛനും കൂട്ടരും കൂടിയാണത്രെ ഗ്രാമമുണ്ടാക്കിയത്. അക്കാലത്ത് കടലിനും പുഴയ്ക്കുമിടയിൽ ഒരു വെളിമ്പറമ്പു പോലെ കിടക്കുകയായിരുന്നത്രേ ആ പ്രദേശം.

പൂക്കൈത, നായക്കരിമ്പ്, നെച്ചി എന്നിങ്ങനെ കടലോരത്ത് കാണുന്ന സസ്യങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. മരങ്ങളെല്ലാം പിന്നീട് വെച്ചുപിടിപ്പിച്ചതാണ്. അന്ന് വളരെ കുറച്ച് ആളുകളും വീടുകളും മാത്രമേ

ഉണ്ടായിരുന്നുള്ളൂ. ഇക്കഥക ളെല്ലാം മാധവിയമ്മൂമ്മ പറയു മ്പോൾ രേവതി ചുറ്റും നോക്കും.

മാധവിയമ്മൂമ്മ പറഞ്ഞ കൈതകളും നായക്കരിമ്പുകളു മെവിടെ? കടലാമകളും കടൽ പ്പക്ഷികളുമെവിടെ? വരമ്പത്ത യ്യാർ പറന്നു കളിച്ച വെളിമ്പറ മ്പുകളെവിടെ?

മാധവിയമ്മൂമ്മ മറ്റേതോ നാടിനെക്കുറിച്ചാണോ പറയു ന്നത്? എന്ത് സുന്ദരമാണ് മാധ വിയമ്മൂമ്മയുടെ കഥകളിലെ നാട്.

പഴങ്കഥകളാണെങ്കിലും മാധവിയമ്മൂമ്മ പറയുന്നത് കേട്ടിരിക്കാൻ രേവതിയെപ്പോലെ മറ്റു കുട്ടികൾക്കും ആവേശമാ യിരുന്നു. അവരെന്നും വൈകു ന്നേരം മണൽക്കപ്പലുണ്ടാക്കി മാധവിയമ്മൂമ്മയെ കാത്തിരുന്നു.

കപ്പലിന്റെ പണി പൂർത്തി യായപ്പോൾ കിഴക്കേവേലിക്ക രികെ മാധവിയമ്മൂമ്മ പ്രത്യ ക്ഷപ്പെട്ടു. വടി കുത്തിപ്പിടിച്ച് കൂനിക്കൂടി അമ്മൂമ്മ പതിയെ കപ്പലിനു നേർക്കു നടന്നു. അപ്പോൾ പടിഞ്ഞാറ് ആകാശം ചുവന്നുതുടുത്തു.

മാധവിയമ്മൂമ്മ കപ്പലിലേക്ക് കാലെടുത്തു വച്ച നിമിഷം കാറ്റ് പതിയെ വീശാൻ തുടങ്ങി. മണൽ, കടലുപോലെ ഇളകി മറിയാൻ തുടങ്ങി. അമ്മൂമ്മ കഥ പറയാൻ തുടങ്ങിയപ്പോൾ കപ്പൽ പതിയെ നീങ്ങുന്നതു പോലെ രേവതിക്കു തോന്നി. ഇളകിമറിയുന്ന കടലിലൂടെ സഞ്ചരിക്കുന്ന ഒരു പായ്ക്കപ്പ ലിലാണ് തങ്ങളെന്ന് രേവതി സങ്കൽപ്പിച്ചു. കാലത്തിലൂടെ സഞ്ചരിക്കുന്ന കപ്പൽ.

മാധവിയമ്മൂമ്മ അന്നു പറ ഞ്ഞത് കൂമുള്ളിനെ പറ്റിയാണ്.

"കൂമുള്ളോ? എന്താണത്?" കുട്ടികൾ ചോദിച്ചു.

"നിങ്ങളാരും കൂമുള്ള് കണ്ടിട്ടില്ലല്ലോ?" മാധവിയമ്മൂമ്മ ചോദിച്ചു.

"ഇല്ല."

"എന്റെ ചെറുപ്പത്തിലൊക്കെ കടപ്പുറം മുഴുവൻ കൂമുള്ളായി രുന്നു." മാധവിയമ്മൂമ്മ പറഞ്ഞു.

കുട്ടികൾക്ക് ഒന്നും മനസ്സി ലായില്ല. അവരെല്ലാം ആദ്യമാ യിട്ട് കേൾക്കുകയായിരുന്നു ആ വാക്ക്.

മാധവിയമ്മൂമ്മ കുട്ടികൾക്ക് കൂമുള്ളിനെപ്പറ്റി വിശദമായി പറഞ്ഞുകൊടുത്തു.

"കൂമുള്ള് ഒരു ചെടിയാണ്. ഇലകൾപോലും മുള്ളുകളാണ തിന്. അതിന്റെ വിത്ത് കാണാ നാണ് രസം. കൂർത്ത മുള്ളുകൾ നിറഞ്ഞ ചെറിയ പന്തുപോലെ യാണ് അതിന്റെ രൂപം. ഈർ ക്കിൽ കുത്തിവെച്ചുണ്ടാക്കിയ പന്തുപോലെ."

കുട്ടികൾ ഓരോരുത്തരും മനസ്സിൽ പലതരം കൂമുള്ളു

പറഞ്ഞു.

"എന്തു കളി?" കുട്ടികൾക്ക് ആകാംക്ഷയായി.

"ഞാനും ചീരുവും ചക്കിയും കൂടി ഓരോ കൂമുള്ളുമെടുത്ത് ദാ അവിടെ വന്നു നിൽക്കും." മാധവിയമ്മൂമ്മ മണ്ണിലേക്ക് കൈ ചൂണ്ടി പറഞ്ഞു.

ചീരുവും ചക്കിയും മാധവി യമ്മൂയുടെ കൂട്ടുകാരികളായി രുന്നത്രേ. രേവതിയും കൂട്ടുകാ രുമൊക്കെ ജനിക്കുന്നതിന് എത്രയോ മുമ്പ് അവരൊക്കെ മരിച്ചുപോയി. ഒരിക്കൽപ്പോലും കണ്ടിട്ടില്ലെങ്കിലും ആ അമ്മൂമ്മ മാരെ കുട്ടികൾക്ക് മറ്റാരെക്കാളും പരിചയമായിരുന്നു.

"ഞങ്ങൾ മൂന്നാളും ഒരേ സമയം കൂമുള്ള് നിലത്തിടും. വീശിയടിക്കുന്ന കാറ്റിൽ കൂമുള്ള് ഉരുണ്ടുരുണ്ടങ്ങ് പോകും.

**കൊട്ട നിറയെ കൂമുള്ളിന്റെ വിത്തുകൾ പെറുക്കിവരുന്ന മാധവിയമ്മൂമ്മയെ രേവതി സങ്കൽപ്പിച്ചു നോക്കി.**
**"അതു മാത്രമല്ല രസം. കൂമുള്ള് കൊണ്ടൊരു കളിയുണ്ട്." മാധവിയമ്മൂമ്മ പറഞ്ഞു.**
**"എന്തു കളി?" കുട്ടികൾക്ക് ആകാംക്ഷയായി. "ഞാനും ചീരുവും ചക്കിയുംകൂടി ഓരോ കൂമുള്ളുമെടുത്ത് ദാ അവിടെ വന്നുനിൽക്കും."**

കൾ സങ്കൽപ്പിച്ചെടുത്തു.

"അന്നൊക്കെ വൈകുന്നേരം ഞങ്ങളെല്ലാം കൊട്ടയുമെടുത്ത് കടപ്പുറത്തേക്കിറങ്ങും." മാധവി യമ്മൂമ്മ പറഞ്ഞു.

"മീൻ പെറുക്കാനാണോ?" കുട്ടികൾ ചോദിച്ചു.

മാധവിയമ്മൂമ്മ ചിരിച്ചു.

"കൂമുള്ള് പെറുക്കാൻ."

"അതെന്തിനാ?"

"അന്ന് മരങ്ങൾ കുറവാ യതു കാരണം വിറക് കിട്ടാൻ വല്ല്യ പാടായിരുന്നു. ഉണങ്ങിയ കൂമുള്ള് നന്നായി കത്തും."

കൊട്ട നിറയെ കൂമുള്ളിന്റെ വിത്തുകൾ പെറുക്കിവരുന്ന മാധവിയമ്മൂമ്മയെ രേവതി സങ്കൽപ്പിച്ചു നോക്കി.

"അതു മാത്രമല്ല രസം. കൂമുള്ള് കൊണ്ടൊരു കളി യുണ്ട്." മാധവിയമ്മൂമ്മ

പിന്നാലെ ഞങ്ങളും. ആരുടെ കൂമുള്ളാണോ ആദ്യം വേലി തൊടുന്നത്, അയാൾ ജയിക്കും." മാധവിയമ്മൂമ്മ പറഞ്ഞു.

കുട്ടികൾക്കതു കേട്ടപ്പോൾ വല്ലാത്ത കൗതുകം തോന്നി. മനസ്സുകൊണ്ട് അവരും കൂമു ള്ളിനു പിന്നാലെ പാഞ്ഞു.

"എന്നിട്ടാ കൂമുള്ളൊക്കെ എവിടെപ്പോയി അമ്മൂമ്മേ?" രേവതി ചോദിച്ചു.

അവളുടെ ചോദ്യം കേട്ട പ്പോൾ മാധവിയമ്മൂമ്മയുടെ മുഖത്ത് വിഷാദം പരന്നു.

"എല്ലാം കുറ്റിയറ്റുപോയി മോളെ. എങ്ങനെയുണ്ടായിരുന്ന നാടാ. ഇപ്പോ ഒരു തുമ്പപ്പൂ പോലും കാണാൻ കിട്ടാണ്ടായി." മാധവിയമ്മൂമ്മ പറഞ്ഞു.

അതു പറഞ്ഞ് മാധവിയ മ്മൂമ്മ വടിയും കുത്തി വീട്ടി

ലേക്കു നടന്നു. ഒന്നും മിണ്ടാതെ കുട്ടികളും പിന്നാലെ നടന്നു.

രാത്രി അച്ഛൻ വന്നപ്പോൾ രേവതി ചോദിച്ചു:

"അച്ഛൻ കൂമുള്ള് കണ്ടിട്ടുണ്ടോ?"

അച്ഛൻ അദ്ഭുതപ്പെട്ടു. ഒത്തിരി വർഷങ്ങൾക്കു ശേഷമാണ് അച്ഛൻ ആ പേര് കേൾക്കുന്നത്.

"കണ്ടിട്ടുണ്ട്. പണ്ടിവിടെ ധാരാളമുണ്ടായിരുന്നു."

"അമ്മയോ?"

"പിന്നില്ലാതെ. കൂമുള്ള് കാറ്റിൽ ഉരുണ്ടു വരുന്നതു കാണാൻ എന്തുഭംഗിയായിരുന്നു." അമ്മ പറഞ്ഞു.

അപ്പോൾ അമ്മയും കണ്ടിട്ടുണ്ട്.

"അച്ഛച്ഛനും അച്ഛമ്മയുമോ?" രേവതി ചോദിച്ചു.

അവരും കണ്ടിട്ടുണ്ടത്രേ!

എല്ലാവരും കൂമുള്ള് കണ്ടിട്ടുണ്ട്. കാണാത്തത് ഇപ്പോഴത്തെ കുട്ടികൾ മാത്രം.

"എന്നിട്ട് നിങ്ങളെന്തുകൊണ്ടാണ് ഞങ്ങൾക്ക് കാണാൻ വേണ്ടി അതിനെ കാത്തുവെയ്ക്കാതിരുന്നത്?" രേവതി ചോദിച്ചു.

അവളുടെ ചോദ്യത്തിന് ആരും മറുപടിപറഞ്ഞില്ല.

"എനിക്ക് കൂമുള്ള് കാണണം." രേവതി വാശിപിടിച്ചു.

"അതിന് ഇപ്പോ കൂമുള്ള് എവിടെയാണുള്ളത്?" അച്ഛൻ കൈ മലർത്തി.

"ഗൂഗിളിൽ സെർച്ച് ചെയ്താലറിയാൻ പറ്റും." അമ്മ തമാശയായി പറഞ്ഞു.

അതു കേട്ടപ്പോൾ രേവതി അച്ഛന്റെ ഫോൺ വാങ്ങി. ഗൂഗിളിൽ കൂമുള്ള് എന്ന് സെർച്ച് ചെയ്തു. കുറേ ചെടികളുടെ ചിത്രം തെളിഞ്ഞു.

"ഇതൊന്നുമല്ല." രേവതി പറഞ്ഞു.

മാധവിയമ്മൂമ്മ പറഞ്ഞതുമായി യാതൊരു ബന്ധവുമില്ലാത്ത ചെടികളുടെ ചിത്രങ്ങളായിരുന്നു ഗൂഗിൾ കാട്ടിക്കൊടുത്തത്. രേവതിക്ക് വല്ലാത്ത നിരാശതോന്നി.

കഷ്ടം കൂമുള്ളിന്റെ ഒരു ചിത്രം പോലും ഭൂമിയിൽ ബാക്കിയില്ലേ?

"ചിലപ്പോൾ അതിന്റെ ശരിയായ പേര് മറ്റെന്തെങ്കിലുമാവും." അച്ഛൻ പറഞ്ഞു.

"അതെങ്ങനെ കണ്ടെത്തും?"

അച്ഛൻ കുറെ നേരം ആലോചിച്ചു. പിന്നെ പറഞ്ഞു:

"കൂമുള്ള് കടലോരത്തു കാണുന്ന ചെടിയാണ്. ഞങ്ങൾ മത്സ്യത്തൊഴിലാളികളുടെ ഒരു ഫേസ്ബുക്ക് ഗ്രൂപ്പുണ്ട്. കേരളത്തിലെ പലഭാഗത്തുള്ള മത്സ്യത്തൊഴിലാളികളും ആ ഗ്രൂപ്പിലുണ്ട്. അതിൽ ചോദിച്ചു നോക്കാം."

കടലിന്റെ മക്കൾ എന്നായിരുന്നു ആ ഫേസ്ബുക്ക് ഗ്രൂപ്പിന്റെ പേര്.

ആ പേര് രേവതിക്ക് ഇഷ്ടമായി. അല്ലെങ്കിലേ കടലുമായി ബന്ധപ്പെട്ട പേരുകളെല്ലാം കേൾക്കാൻ രസമാണ്. കപ്പൽ, കടപ്പുറം, അഴിമുഖം...

അച്ഛനോടൊപ്പം അവളും ആ ഗ്രൂപ്പിൽ കയറി.

കൂമുള്ളിനെപ്പറ്റിയുള്ള സംശയം അവർ അവിടെ ചോദിച്ചു. അതിന്റെ രൂപം, പന്തുപോലുള്ള വിത്ത്, കാറ്റിലുരുണ്ടുള്ള വരവ് അങ്ങനെ കൂമുള്ളിനെപ്പറ്റി അറിയാവുന്നതെല്ലാം അവരാ ഗ്രൂപ്പിൽ പങ്കുവെച്ചു.

**മാധവിയമ്മൂമ്മ പറഞ്ഞതുമായി യാതൊരു ബന്ധവുമില്ലാത്ത ചെടികളുടെ ചിത്രങ്ങളായിരുന്നു ഗൂഗിൾ കാട്ടിക്കൊടുത്തത്. രേവതിക്ക് വല്ലാത്ത നിരാശതോന്നി. കഷ്ടം കൂമുള്ളിന്റെ ഒരു ചിത്രം പോലും ഭൂമിയിൽ ബാക്കിയില്ലേ?**

മിനിറ്റുകൾക്കുള്ളിൽ പോസ്റ്റിനു താഴെ കുറേ കമന്റുകൾ വന്നു. എല്ലാവർക്കും ഓർമ്മയുണ്ട്. പക്ഷേ, അവരും കൂമുള്ള് കണ്ടിട്ട് ഒത്തിരി കാലമായത്രേ. രേവതിക്ക് വല്ലാത്ത നിരാശ തോന്നി. എങ്കിലും പ്രധാനപ്പെട്ട ഒരു കാര്യം ആ കമന്റുകളിൽ നിന്നവൾക്ക് കിട്ടി. കൂമുള്ളിന് പലയിടത്തും എലിമുള്ള് എന്നാണത്രേ പറയുക. എലിശല്യം ഒഴിവാക്കാൻ വേണ്ടി അതു പറിച്ച് വീട്ടിനരികിൽ വെയ്ക്കാറുണ്ടത്രേ.

അവൾ ഗൂഗിളിൽ എലിമുള്ള് എന്ന് സെർച്ച് ചെയ്തു. കുറേ എലികളുടെ ചിത്രം തെളിഞ്ഞു വന്നു. അതുകണ്ട് അച്ഛൻ പൊട്ടിപ്പൊട്ടിച്ചിരിച്ചു. രേവതി മുഖം വീർപ്പിച്ചിരുന്നു.

കുറച്ചുകഴിഞ്ഞപ്പോൾ മൊബൈലിൽ ഒരു നോട്ടിഫിക്കേഷന്റെ ശബ്ദമുയർന്നു.

"നോക്കച്ഛാ." അവൾ ചാടിയെഴുന്നേറ്റു.

അവരുടെ പോസ്റ്റിനു താഴെ പുതിയൊരാളുടെ കമന്റ് കിടക്കുന്നുണ്ടായിരുന്നു.

രാജേഷ് കപ്പൽ എന്നായിരുന്നു അയാളുടെ പേര്. ആ പേരു കേട്ട് അവൾ അദ്ഭുതപ്പെട്ടു. പേരിന്റെ കൂടെ കപ്പൽ എന്നു ചേർക്കണമെങ്കിൽ അയാൾ എത്രമാത്രം കടലിനെ സ്നേഹിക്കുന്നുണ്ടാകും.

അവർ കമന്റ് വായിച്ചു:

"നിങ്ങൾ പറയുന്ന ലക്ഷണം കേട്ടിട്ട് അത് എലിമുള്ളു തന്നെ ആവാനാണ് സാധ്യത. പണ്ടിവിടെ ഒത്തിരി ഉണ്ടായിരുന്നു. ഇപ്പൊ പേരിനു മാത്രമേയുള്ളൂ."

അതു വായിച്ചപ്പോൾ രേവതിയുടെ മുഖം സന്തോഷംകൊണ്ട് വിടർന്നു.

"ഒരു ഫോട്ടോയെടുത്ത് അയച്ചു തരാമോ?" അവൾ ചോദിച്ചു.

"നാളെ അയക്കാം." അയാൾ മറുപടി പറഞ്ഞു.

അഴീക്കൽ എന്ന സ്ഥലത്തു ള്ളതായിരുന്നു ആ മനുഷ്യൻ.

പിറ്റേ ദിവസം നേരം വെളു ത്തപ്പോൾത്തന്നെ അവൾ അച്ഛന്റെ മൊബൈൽ വാങ്ങി പരിശോധിച്ചു. ഇല്ല. ഫോട്ടോ അയച്ചിട്ടില്ല. നേരം ഉച്ചയായി. അയാൾ ഫോട്ടോ അയച്ചില്ല.

"മത്സ്യത്തൊഴിലാളിയല്ലേ. അയാൾ ഇന്നേരം കടലിലാവും." അച്ഛൻ പറഞ്ഞു.

വൈകുന്നേരമായി. അച്ഛൻ സാധനങ്ങൾ വാങ്ങാൻ കട യിലേക്കു പോയി. അവൾ കടപ്പുറത്ത് പോകാതെ അച്ഛന്റെ വരവിനായി കാത്തിരുന്നു.

കുറേ കഴിഞ്ഞപ്പോൾ അച്ഛൻ വന്നു.

അവൾ ആകാംക്ഷയോടെ മൊബൈൽ വാങ്ങി. ഇല്ല. പുതിയ കമന്റുകളോ ഫോട്ടോ സോ വന്നിട്ടില്ല.

നിരാശയോടെ ഫോൺ അച്ഛന് തിരികെക്കൊടുക്കാൻ നിൽക്കുമ്പോഴാണ് മെസഞ്ച റിൽ ഒരു നോട്ടിഫിക്കേഷൻ വന്നത്. അവളത് തുറന്നു നോക്കി. രാജേഷ് കപ്പൽ എന്ന മനുഷ്യന്റെ മെസേജ് ആയി രുന്നു അത്.

അവളത് വായിച്ചു:

"ഇതാ ഫോട്ടോസ്. ഇതു തന്നെയാണോ നിങ്ങളുദ്ദേശിച്ച കൂമുള്ള് എന്നു നോക്കൂ."

മെസേജിന് താഴെ കുറേ ചിത്രങ്ങളുണ്ടായിരുന്നു.

ഇളംപച്ചയാണോ കടുംപച്ച യാണോ എന്നുറപ്പിച്ചു പറയാൻ കഴിയാത്തൊരു പച്ചനിറം. മുള്ളുപോലുള്ള ഇലകൾ. ഉണങ്ങിയ ഉരുണ്ട വിത്ത്.

"ഇതുതന്നെ!" രേവതി ആർത്തു വിളിച്ചു.


അവളുടെ ആർപ്പുവിളി കേട്ട് അമ്മയും അച്ഛമ്മയും അച്ഛച്ഛനും ഓടിവന്നു.

വർഷങ്ങൾക്കു ശേഷം അവരുംകൂമുള്ളിനെ കണ്ണു നിറയെ കണ്ടു.

"ഇനി നമുക്കി തിന്റെ ശരിയായ പേരു കണ്ടെത്താം." അച്ഛൻ പറഞ്ഞു.

"എങ്ങനെ?" രേവതി ചോദിച്ചു.

"നമുക്കീ ചിത്രംവെച്ച് ഗൂഗി ളിൽ ഇമേജ് സെർച്ച് ചെയ്യാം."



"കൊള്ളാലോ സൂത്രം." രേവതി പറഞ്ഞു.

ഇത്തവണ ഗൂഗിൾ ശരിയായ വിവരങ്ങൾ തന്നെ രേവതിക്ക് കാണിച്ചു കൊടുത്തു.

കൂമുള്ളിന്റെ ശാസ്ത്രീയ നാമം **Spinifex littoreus** എന്നാണത്രേ. ഇംഗ്ലീഷിലുള്ള പേര് '**Ravans Moustache.**' അതായത് രാവണന്റെ മീശ.

"എന്തു രസമുള്ള പേര്. ശരിക്കും രാവണന്റെ മീശ ഇങ്ങനെയായിരിക്കുമോ?" അവൾ സ്വയം ചോദിച്ചു.

പെട്ടെന്ന് അവൾക്ക് മാധവി യമ്മൂമ്മയുടെ കാര്യം ഓർമ്മ വന്നു. ഈ ചിത്രം കാണു മ്പോൾ അമ്മൂമ്മയ്ക്ക് ഒത്തിരി സന്തോഷമാവും.

അവൾ അച്ഛനോട് അനു വാദം ചോദിച്ച് മൊബൈലു മായി കടപ്പുറത്തേക്കു പാഞ്ഞു.

അവൾ കടപ്പുറത്തെത്തു മ്പോൾ പഴങ്കഥകളുമായി കപ്പൽ പുറപ്പെടാൻ നിൽക്കു കയായിരുന്നു.

"പോവല്ലേ, ആളു കേറാനു ണ്ടേ." രേവതി ഉറക്കെ വിളിച്ചു പറഞ്ഞു.

കപ്പൽ നിന്നു. രേവതി ഒറ്റച്ചാട്ടത്തിന് മാധവിയമ്മൂമ്മ യുടെ അരികിലെത്തി.

"അമ്മൂമ്മയ്ക്ക് ഞാനൊരു സംഗതി കാട്ടിത്തരാം."

അവൾ മൊബൈൽഫോൺ മാധവിയമ്മൂമ്മയുടെ കൈയിൽ കൊടുത്തു. മൊബൈൽ സ്ക്രീ നിൽ കൂമുള്ളിന്റെ ചിത്രം തെളിഞ്ഞു.

മാധവിയമ്മൂമ്മയുടെ കണ്ണു കൾ വിടർന്നു.

"ന്റെ ദൈവേ... കൂമുള്ള്!" അമ്മൂമ്മ നിലവിളിക്കുമ്പോലെ പറഞ്ഞു.

അതു കേട്ട് കുട്ടികൾ ചുറ്റും കൂടി. എല്ലാവരും കൺനിറയെ കൂമുള്ള് കണ്ടു.

"മരിക്കണതിന്റെ മുമ്പ് ഒരു വട്ടം കൂടി ഇതിന്റെ ചിത്രെ ങ്കിലും കാണാൻ പറ്റിയല്ലോ." അമ്മൂമ്മ പറഞ്ഞു.

"അമ്മൂമ്മ ഇപ്പഴൊന്നും മരി ക്കില്ല. നമ്മളെല്ലാവരുംകൂടി ഇവിടം മുഴുവൻ കൂമുള്ള് നട്ടു പിടിപ്പിക്കും. എന്നിട്ട് നമുക്ക് കാറ്റത്ത് കൂമുള്ളിനു പിന്നാലെ പായണം."

"അതൊക്കെ നടക്വോ മോളേ?"

അമ്മൂമ്മ ചോദിച്ചു.

"നടക്കും. അഴീക്കലിൽ നിന്ന് വിത്ത് കൊണ്ടുവരാ മെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ട്."

അതുകേട്ടപ്പോൾ മാധവിയമ്മൂമ്മയുടെ മുഖത്ത് സൂര്യനുദിച്ച പോലെ വെളിച്ചം പരന്നു.

"അമ്മൂമ്മേ, കൂമുള്ളിന്റെ ഇംഗ്ലീഷിലുള്ള പേരെന്താണ ന്നറിയോ?" രേവതി ചോദിച്ചു.

"എന്താണ്?"

"Ravan's Moustache, എന്നു വെച്ചാൽ രാവണന്റെ മീശ."

അതു കേട്ട് മാധവിയമ്മൂമ്മ കുഞ്ഞുങ്ങളെപ്പോലെ കൈ കൊട്ടി ആർത്തുചിരിച്ചു.

---




കവിത

# ഉറുമ്പുറുമ്പ്...

**അമൃത കേളകം**

നിങ്ങളുടെ
അനിയത്തിമാർക്കും
അനിയന്മാർക്കും
പാടിക്കൊടുക്കൂ...



വര: ബോബി എം പ്രഭ

വരിവരിയായി വരുന്നുണ്ടേ
പുളിയനുറുമ്പിൻ കൂട്ടങ്ങൾ
കലപിലകൂട്ടിവരുന്നേതോ
നെയ്യനുറുമ്പിൻ കുഞ്ഞുങ്ങൾ
വെള്ളപ്രാവിന് കൂട്ടിന്നായ്
കുഞ്ഞനുറുമ്പൊരു ചങ്ങാതി,
ആടിപ്പാടി വരുന്നേതോ
മാട്ടക്കാലൻ പോക്കിരികൾ
കൂനിക്കൂടിയിരിപ്പുണ്ടേ
കൂനനുറുമ്പിൻ പീക്കിരികൾ
കടിയനുറുമ്പ് കുറുമ്പോടെ
വികൃതികൾകാട്ടി വിളങ്ങുന്നേ
കട്ടുറുമ്പിനും ചങ്ങാതി
ഒട്ടൊരു കുഞ്ഞൻ നീർക്കോലി
വരിവരിയായിപ്പോകുന്നേ
പലരിവരൊന്നായ് തൊടിനീളേ...



# ബാൽക്കണിത്തുമ്പ

വിമീഷ് മണിയൂർ

ബാൽക്കണിപ്പാടവരമ്പിമ്മല്
പൂതിക്കു നട്ടുവളർത്തി തുമ്പ
പൂവിട്ടു ചിങ്ങം കഴിഞ്ഞപ്പോഴ്
എന്താണിതെന്താണിതിങ്ങനെ
ഫ്ലാറ്റിലാരും വന്നു ചോദിച്ചില്ല
കൂട്ടത്തിലാരും തിരഞ്ഞുമില്ല

നാട്ടിമ്പുറത്തിന്ന് വന്നതല്ലേ
നാട്ടാരെക്കണ്ട് വളർന്നതല്ലേ
സങ്കടപ്പെട്ട് കരഞ്ഞു തുമ്പ

നോക്കുമ്പഴപ്പുറത്തുള്ള ഫ്ലാറ്റിൽ
വാതിലിൽ ചാരിയിരുന്നുകൊണ്ട്
വെള്ളം കുടിക്കുന്നു മുക്കുറ്റി

ചങ്കിലൊരാന്തൽ കിടന്നെരിഞ്ഞു
കണ്ടിരിക്കാനൊരാളുണ്ടല്ലോ
പ്രേമിച്ചു പോയാലും തെറ്റില്ലല്ലോ

ഏറെക്കഴിയുന്നതിന്നു മുമ്പെ
ഏലക്കായിട്ടൊരു ചായപോലെ
ഏന്തിയേന്തിച്ചെന്നു തൊട്ടിരുന്നു

താഴേ നോക്കിയാക്കാണുമത്
ആരോ ചവിട്ടി താഴെയിട്ട
പാതാളമെന്ന് കണക്കുകൂട്ടി
മേലേ നോക്കിയാക്കാണുമത്
ഏറെ വെളിച്ചമുരുട്ടിക്കേറ്റി
ആരോ നിറച്ചൊരു പത്തായം

അങ്ങനെ മോഹപ്പനിപനിച്ച്
മിണ്ടാതെ മിണ്ടിയതു വളർന്നു
കാണാതെ കണ്ടു മിഴി നിറഞ്ഞു

പിന്നെത്തണുത്തൂ വെയിലിറങ്ങി
പൊട്ടിപ്പിരിഞ്ഞു പെരുമഴകൾ
ഉള്ളിലൊരാൾ വന്നു വാതിൽമുട്ടി

ബാൽക്കണിപ്പാറ പരപ്പിമ്മല്
ചിങ്ങമ്പോലൊന്ന് പരതിവന്നു
പൂവിട്ടു പൂരക്കുടകൾ ചുറ്റും.



വര: ബാസി മറിയം

# വാനിലയുടെ കഥ

**പി കെ സുധി**

വാനിലയെക്കുറിച്ചുള്ള കഥ പറയാൻ ആദ്യം നമ്മൾ മെക്സിക്കോയിലേക്കു പോകണം. അവിടങ്ങളിൽ പ്രചാരത്തിലുള്ളൊരു നാടോടിക്കഥ കേൾക്കണം.

പണ്ടുപണ്ട് ഈ രുചിക്കുരു ഭൂമിയിൽ ഉണ്ടായിരുന്നില്ലത്രേ. മെക്സിക്കോയിലെ ജനങ്ങൾ അങ്ങനെയാണ് വിശ്വസിക്കുന്നത്. ആ നാട്ടിൽ പരസ്പരം ഇഷ്ടപ്പെട്ട രണ്ടുപേരുണ്ടായിരുന്നു. ഒരു ദിവസം അവർ ഒളിച്ചോടിപ്പോകാൻ തീരുമാനിച്ചു. പക്ഷേ പാതിവഴിയിൽവച്ച് പിടിക്കപ്പെട്ടു. കോപാകുലരായ ജനങ്ങൾ ഇരുവരേയും കൊന്നുകളഞ്ഞു. പക്ഷേ സ്നേഹത്തെ തോൽപ്പിക്കാനാവില്ലല്ലോ! അവരുടെ തെറിച്ചുവീണ ചോരയിൽ നിന്ന് മുളച്ചുപൊന്തിയത് വാനിലയായിരുന്നു! എന്തായാലും ഈ നാടോടിക്കഥയോടെ വാനിലയുടെ പൂവ് പ്രണയത്തിന്റെ ചിഹ്നമായി മാറി.

കഥയെന്തുമാകട്ടേ, നമുക്കു കാര്യത്തിലേക്കു വരാം. മെക്സിക്കോയിലെ ടോട്ടോനാക്ക് (Totonac) വംശജർ പണ്ടുമുതൽതന്നെ, ഈ കുരു പൊടിച്ച് ചോക്കലേറ്റിൽ കലക്കി കുടിക്കാറുണ്ടായിരുന്നു. ആയിരത്തി എണ്ണൂറുകളിൽ തെക്കേ അമേരിക്കയിലേക്കു കടന്നുകയറിയ യൂറോപ്യർ അവിടെനിന്നു കിട്ടിയതെല്ലാം നാട്ടിലേക്കു കടത്തി. കൂട്ടത്തിൽ ഈ ചെടിയും. യൂറോപ്യൻ കാലാവസ്ഥയിലും വാനിലകൾ വളർന്നു പൂവിട്ടു. പക്ഷേ കായ മാത്രം ഉണ്ടാവുന്നില്ല. മെക്സിക്കോയിൽ ഒരു പ്രത്യേകതരം തേനീച്ചയാണ് ഈ പൂവിന്റെ പരാഗണം നടത്തിയിരുന്നത്. എന്നാൽ മെക്സിക്കോയുടെ പുറത്തുള്ള ഈച്ചകൾക്കാവട്ടേ വാനിലപ്പൂക്കളിൽ പരാഗണം നടത്താനുള്ള സൂത്രമറിയില്ലായിരുന്നു! അതായിരുന്നു കായ ഉണ്ടാവാതിരുന്നതിനുള്ള കാരണം.

ഒരു വാനിലപ്പൂവിനുള്ളിൽ ആണും പെണ്ണും ജനിതാവയങ്ങളുണ്ട്. ഇവയ്ക്കിടയിൽ ഒരു തടസ്സം പോലെ റോസ്റ്റെല്ലം (Rostellum) എന്ന ഭാഗം ഉള്ളതിനാൽ യൂറോപ്യൻ തേനീച്ചയ്ക്ക് പൂവിനുള്ളിൽ കടക്കാൻ കഴില്ല. റോസ്റ്റെല്ലത്തിനെ തുളച്ച് ഉള്ളിൽ



വാനിലയെക്കുറിച്ച് എന്തുപറഞ്ഞാലും ആർക്കും തൃപ്തിവരില്ല. വാനില ഐസ്ക്രീം, കേക്ക്, ചോക്കലേറ്റ്... എന്നുതുടങ്ങി ഇപ്പോ ആ രുചിക്കൂട്ട് പായസത്തിൽ വരെ എത്തിയിട്ടുണ്ട്. വാനില എന്ന ചെടിയുടെ കുരുവിൽനിന്നാണ് ഇതു തയ്യാറാക്കുന്നത്. ഓർക്കിഡുകളുടെ വംശക്കാരിയാണ് ഈ വാനില. സ്വദേശം മെക്സിക്കോ.



▼വാനിലയുടെ പൂവ്
ചിത്രം: Geoff McKay

വാനിലയിൽ കൃത്രിമപരാഗണം നടത്തുന്ന രീതി ▼

ചിത്രം: Forest and Kim Starr/Wikimedia

കയറി പരാഗണം നടത്തുന്ന മെക്സിക്കോയിലെ മെലിപോണാ ഈച്ചകൾ (Melipona Bee) യൂറോപ്പിലൊട്ടില്ലതാനും.

വൻതോതിൽ വച്ചുപിടിപ്പിക്കപ്പെട്ട വാനില ത്തോട്ടങ്ങൾ അങ്ങനെ നോക്കുകുത്തികളായി മാറി. ഒക്ടോബറിലും ജനുവരിയിലും അവരങ്ങ് പുഷ്പിക്കും. ഒരു കുലയിൽ ദിവസവും ഒന്നെന്ന തോതിൽ വിരിയുകയും ചെയ്യും. പൂവു തുറ ന്നിരിക്കുന്നതാകട്ടേ ഏതാനും മണിക്കൂറുകൾ മാത്രമാണ്. തേനീച്ചയില്ലാതെ ഇതിലെങ്ങനെ കായ പിടിപ്പിക്കാൻ? സസ്യശാസ്ത്രജ്ഞരും ഉഴ്ന്നിച്ചു. തോട്ടമുടകളായ സായിപ്പന്മാർ നഷ്ട ക്കച്ചവടത്തിലായി.

## എഡ്മണ്ടിന്റെ കഥ

ഇന്ത്യൻ മഹാസമുദ്രത്തിലെ ഫ്രഞ്ച് കോളനിയാ യിരുന്നു റീയുണിയൻ (Reuinion). അവി ടെയും 1820 കാലത്ത് വാനിലത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കപ്പെട്ടിരുന്നു. എഡ്മണ്ട് എന്ന ബാലൻ ജീവിച്ചിരുന്നത് അവിടെയാണ്.

അടിമയായ എഡ്മണ്ടിന് പിറവിയിൽത്തന്നെ അമ്മയെ നഷ്ടമായിരുന്നു. അടിമകളല്ലേ, പഠി ക്കാനൊന്നും വിടില്ല. ചെറുപ്രായത്തിൽത്തന്നെ യൂറോപ്യരുടെ റീയുണിയൻ തോട്ടങ്ങളിൽ അടിമപ്പണിയെടുക്കേണ്ടിവന്നു അവന്. പക്ഷേ ചെടികളെ ഇഷ്ടമായിരുന്നു എഡ്മണ്ടിന്. തോട്ട പ്പണിക്കിടയിൽ അവൻ അവിടെയുള്ള ചെടി കളെ നിരീക്ഷിക്കാൻ തുടങ്ങി. കൃഷിയിൽ ചെറിയ പരീക്ഷണങ്ങളും നടത്തി.

സസ്യപരിപാലനത്തിൽ പതിയെ അവൻ മികവുനേടിയെടുത്തു. ആ അറിവുകൾ പ്രായോ ഗികമാക്കുന്നതിലും അവസാനം ആ പന്ത്രണ്ടു വയസ്സുകാരൻ വിജയിച്ചു. എഡ്മണ്ടിന് വാനില ച്ചെടിയിൽ പരാഗണം നടത്താനായി! ചെറിയൊരു കമ്പുകൊണ്ട് വാനിലപ്പൂവിലെ റോസ്റ്റെല്ലത്തെ പതിയെ ഉയർത്തുക, ചെടിത്തണ്ടിൽ പരാഗ രേണുക്കളെയെടുത്ത് പൂവിന്റെ പരാഗണ സ്ഥലത്ത് പതിപ്പിക്കുക. ഇത്രമാത്രമായിരുന്നു ആ കൃത്രിമവിദ്യയുടെ പിന്നിലുണ്ടായിരുന്നത്.

ഒരുദിവസം തോട്ടം പരിശോധിക്കാൻ ഉടമ സ്ഥൻ എത്തിയപ്പോൾ അവിടെ അവിശ്വസ നീയമായ ഒരു കാഴ്ചകണ്ടു. അയാൾക്കത് വിശ്വ സിക്കാനേ കഴിഞ്ഞില്ല. നട്ടുപിടിപ്പിച്ച് ഏതാണ്ട് ഇരുപത് വർഷം വളർത്തി, പാഴ്ച്ചെടികളെന്ന് എഴുതിത്തള്ളിയ വാനിലകളിൽ ചിലതിൽ കായ പിടിച്ചിരിക്കുന്നു. പണിക്കാരനായ എഡ്മണ്ട് വിശ ദീകരിച്ചത് അയാൾ ആദ്യം വിശ്വസിച്ചതേയില്ല. അവനൊരു അടിമ! അതും വെറും പന്ത്രണ്ടു വയസ്സു മാത്രം പ്രായം!





എഡ്മണ്ട് പക്ഷേ ആ കൃത്രിമ പരാഗണവിദ്യ അയാൾക്ക് നേരിട്ടു കാണിച്ചുകൊടുത്തു. അതോടെ ചെടിയിൽനിന്നും ചെടികളിലേക്ക്, തോട്ടത്തിൽനിന്നും തോട്ടങ്ങളിലേക്ക്, രാജ്യത്തുനിന്നും രാജ്യങ്ങളിലേക്ക് എഡ്മണ്ടിന്റെപരാഗണവിദ്യ പടർന്നു. വാനിലച്ചെടികൾ മുഴുവൻ കായ്ക്കാൻ തുടങ്ങി. റീയുണിയൻ ഉൾപ്പെടെ വാനില കയറ്റുമതി ചെയ്യാൻ തുടങ്ങിയ രാജ്യങ്ങളുടെ സാമ്പത്തികനില അതോടെ കുതിച്ചുയർന്നു.

അതിനു കാരണമായ കണ്ടുപിടുത്തം നടത്തിയ ആ പാവപ്പെട്ട അടിമ ബാലന് എന്തുകിട്ടി? എഡ്മണ്ട് എന്ന പേരിനൊപ്പം ആൽബിയസ് എന്നു ചേർക്കാൻ അനുവാദം കിട്ടി! അടിമകൾക്ക് അക്കാലത്ത് കുടുംബനാമം സ്വീകരിക്കാൻ അനുവാദമുണ്ടായിരുന്നില്ല. എഡ്മണ്ട് സ്വീകരിച്ച ആൽബിയസ് എന്ന വാക്കിനു വാനിലപ്പൂക്കളുടെ വെളുത്തനിറം എന്നാണർഥം.

പക്ഷേ എന്നിട്ടും തോട്ടത്തിലെ പണി നഷ്ടമായ എഡ്മണ്ട് ശിഷ്ടകാലം ഒരു പാചകക്കാരനായിട്ടാണ് ജീവിച്ചത്. പിന്നൊരു കേസിൽപ്പെട്ടു എഡ്മണ്ട്. 'നമ്മുടെ വാനിലക്കാരൻ!' ആ പരിഗണനയിൽ ശിക്ഷാ കാലാവധി പകുതിയാക്കി ജഡ്ജി കുറച്ചുകൊടുത്തു. വാനില കൊണ്ട് എഡ്മണ്ടിന് അന്നുണ്ടായ നേട്ടം അതുമാത്രമായിരിക്കും.

എന്നാൽ കാലം അദ്ദേഹത്തെ ആദരിക്കുക തന്നെ ചെയ്തു. എഡ്മണ്ട് ആൽബിയസ്സിന്റെ മരണശേഷമാണ് അതെന്നുമാത്രം. ഈ വിദ്യ കണ്ടെത്തിയതിന്റെ നൂറാംവർഷത്തിൽ അദ്ദേഹത്തിന്റെ ഒരു പ്രതിമ റീയുണിയനിൽ സ്ഥാപിക്കപ്പെട്ടു.

ഇന്നു നമുക്ക് വാനിലയുടെ സ്വാദ് ആസ്വദിക്കാൻ ഭാഗ്യമുണ്ടായത് ഒരു അടിമബാലൻ കാരണമാണ്. വാനില രുചിക്കുമ്പോൾ അതുകൂടി ഓർക്കുക.

കഥ

# കാണാതായ സാന്താക്ലോസ്

**എൽ ഫ്രാങ്ക് ബോം**

പുനരാഖ്യാനം: **അനഘ സുധാകരൻ**

(അമേരിക്കൻ എഴുത്തുകാരനായ എൽ ഫ്രാങ്ക് ബോമിന്റെ *എ കിഡ്നാപ്ഡ് സാന്റക്ലോസ്* (*A Kidnapped Santaclaus* ) എന്ന കഥയുടെ സ്വതന്ത്ര പുനരാഖ്യാനം. ദ ഡെലിനിയേറ്റർ (The Delineator) വനിതാ മാസികയിൽ 1904ലാണ് ഈ കഥ ആദ്യമായി അച്ചടിച്ചുവന്നത്. )

ലാഫിങ് വാലി താഴ്‌വരയിലെ ഒരു വലിയ കൊട്ടാരം. അവിടെയാണ് സാന്താക്ലോസിന്റെ താമസം. കളിപ്പാട്ടങ്ങൾ ഉണ്ടാക്കാൻ അദ്ദേഹത്തിന് കൂട്ടായി അവിടെ ഒരുപാട് മാലാഖമാരുണ്ട്. അവരെല്ലാവരും കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്ന തിരക്കിലാണ്.

ലാഫിങ് വാലി എന്ന പേരു വരാൻ ഒരു കാരണമുണ്ട്. അവിടെ എല്ലാവർക്കും എപ്പോഴും സന്തോഷമാണ്. പച്ചപ്പു നിറഞ്ഞ പുൽത്തകിടികൾ,



വര: ആതിര സജീവ് ടി

ചിരിച്ചുകൊണ്ടൊഴുകുന്ന പുഴ, കാറ്റത്താടിക്കൊണ്ടിരിക്കുന്ന മരങ്ങൾ... അങ്ങനെ ചുറ്റുമുള്ള തെല്ലാം പുഞ്ചിരിച്ചുകൊണ്ടേയിരുന്നു. നമ്മുടെ സാന്താക്ലോസാകട്ടെ, മറ്റാരെയും ഭയപ്പെടാതെ കളിപ്പാട്ടങ്ങൾ കൊടുത്ത് എല്ലാ കുട്ടികളെയും സന്തോഷിപ്പിച്ചു കൊണ്ടിരുന്നു.

ആ താഴ്‌വരയുടെ മറുവശത്ത് ചെകുത്താന്മാരുടെ ഗുഹകൾ ഉണ്ടായിരുന്നു. എല്ലാവരാലും വെറുക്കപ്പെട്ടവരായിരുന്നു അവർ.

എല്ലാവരും സാന്താക്ലോസിനെ സ്നേഹിക്കുന്നത് ചെകുത്താന്മാർക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. കുട്ടികളെ സന്തോഷിപ്പിക്കുന്ന സാന്താക്ലോസിനോട് ചെകുത്താന്മാർക്കുള്ള ദേഷ്യം വർധിച്ചുകൊണ്ടിരുന്നു. ചെകുത്താന്മാർ അദ്ദേഹത്തെ വെറുക്കാൻ തുടങ്ങി.

മലയുടെ അടിവാരത്തിലെ അഞ്ചു ഗുഹകളിലായിട്ടായിരുന്നു അഞ്ച് ചെകുത്താന്മാരുടെയും താമസം. വളരെ വിശാലമായ പാതയിലൂടെ ചെല്ലുമ്പോഴുള്ള ആദ്യത്തെ ഗുഹ സ്വാർത്ഥതയുടെ ചെകുത്താന്റേതാണ്. ഇതിനു തൊട്ടുപിറകിലെ ഗുഹ അസൂയയുടെ ചെകുത്താന്റെ ഇടമാണ്. അതിനടുത്ത ഗുഹയിലാകട്ടെ, വെറുപ്പിന്റെ ചെകുത്താനായിരുന്നു താമസിച്ചിരുന്നത്. പക്ഷേ ഇവരെക്കാൾ ഭീകരനായ, ആളുകൾ പേടിച്ചിരുന്ന മറ്റൊരു ചെകുത്താൻ ഉണ്ടായിരുന്നു; അവനാണ് ദുഷ്ടതയുടെ ചെകുത്താൻ. ആ ഗുഹയ്ക്കുമപ്പുറം എന്താണുള്ളതെന്ന് ആർക്കും അറിയില്ലായിരുന്നു.

ഗുഹകൾക്കിടയിൽ നിറയെ കുഴികളാണ്... മരണത്തിനു വരെ കാരണമായേക്കാവുന്ന വലിയ കുഴികൾ! അവിടേക്കു പോയവരാരും തിരികെ വന്നിട്ടില്ല.

ഇവയെക്കൂടാതെ അഞ്ചാമതായി ഒരു ഗുഹ കൂടി അവിടെയുണ്ടായിരുന്നു. ഈ ഗുഹയിലേക്ക് നാലു ഗുഹകളിൽ നിന്നും ഇടുങ്ങിയ തുരങ്കങ്ങളുണ്ടായിരുന്നു. അവിടെയാണ് പശ്ചാത്താപത്തിന്റെ ചെകുത്താൻ താമസിച്ചിരുന്നത്. വളരെ ചെറിയ ഒരു മുറിയാണത്. വഴിതെറ്റിയെത്തുന്ന പലരും അലഞ്ഞുതിരിഞ്ഞ് അവിടെ എത്തിയിട്ടുണ്ടെന്നും പലർക്കും പശ്ചാത്താപത്തിന്റെ ചെകുത്താൻ പുറത്തേക്കുള്ള വഴി കാട്ടിയായിട്ടുണ്ടെന്നും പറഞ്ഞു കേട്ടിട്ടുണ്ട്.

സാന്താക്ലോസിന്റെ പ്രവൃത്തികളിൽ പൊറുതിമുട്ടിയ ചെകുത്താന്മാർ ഈ വിഷയം ചർച്ച ചെയ്യാനായി ഒരു യോഗം ചേർന്നു. യോഗത്തിൽ ആദ്യം സംസാരിച്ചത് സ്വാർത്ഥതയുടെ ചെകുത്താനായിരുന്നു.

“ആ സാന്താക്ലോസ് എല്ലാ കുട്ടികൾക്കും ധാരാളം ഭംഗിയുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുന്നതുകൊണ്ട് ആരും ഇപ്പോൾ എന്നെ തിരഞ്ഞുവരുന്നില്ല. എല്ലാവരും സന്തോഷത്തോടെ മറ്റുള്ളവരോടൊപ്പം ആഘോഷിച്ചു ജീവിക്കുകയാണ്. സ്വാർത്ഥത എല്ലാവരും മറന്നുപോയിരിക്കുന്നു.”

ഇതു കേട്ടതും അസൂയയുടെ ചെകുത്താൻ പെട്ടെന്നു തന്നെ പറഞ്ഞു:

“ഇതേ പ്രശ്നം എനിക്കുമുണ്ട്, കുട്ടികൾക്കെല്ലാവർക്കും ഇപ്പോൾ സാന്താക്ലോസിനെ മതി. അവർക്കാർക്കും ഇപ്പോൾ അസൂയപ്പെടാൻ സമയമില്ല.”

“അതെയതെ, എന്റെ കാര്യവും കഷ്ടംതന്നെ. സ്വാർത്ഥതയുടെയും അസൂയയുടെയും



ഗുഹകളിലൂടെ കുട്ടികൾ കടന്നു പോകുന്നില്ലെങ്കിൽ പിന്നെ ങ്ങനെ എന്റെ ഗുഹയിലേക്ക് അവരെത്തും?" ദേഷ്യത്തിന്റെ ചെകുത്താനും പറഞ്ഞു.

"എന്റെ കാര്യം പിന്നെ പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. നിങ്ങളുടെ ആരുടെയും ഗുഹ കളിലേക്ക് ആരും വരുന്നില്ലെ ങ്കിൽ എന്റെ ഗുഹയിൽ ആരു വരാനാണ്? ഞാനും നിങ്ങളെ പ്പോലെതന്നെ അവഗണിക്ക പ്പെട്ടിരിക്കുന്നു."

"ഇതിനെല്ലാം കാരണം ആ സാന്താക്ലോസാണ്."

അസൂയയുടെ ചെകുത്താൻ ദേഷ്യത്തോടെ വിളിച്ചുപറഞ്ഞു.

"എങ്ങനെയും അവനെ നശിപ്പിച്ചേ മതിയാവൂ."

മറ്റു ചെകുത്താന്മാരും അവ നൊപ്പം ചേർന്നു. എത്രയും പെട്ടെന്നുതന്നെ അവനെ ഇല്ലാ താക്കാൻ അവർ തീരുമാനിച്ചു. സാന്താക്ലോസിനെ പ്രലോഭി പ്പിച്ച് ഗുഹയിൽ ഏതെങ്കിലും ഒന്നിൽ എത്തിച്ച് അവിടെ യുള്ള നാശത്തിന്റെ കുഴികളി ലേക്കു തള്ളിയിടാം എന്നതാ യിരുന്നു അവരുടെ തന്ത്രം.

ക്രിസ്തുമസ് വരെ കുട്ടികൾ ക്കുള്ള സമ്മാനങ്ങൾ തയ്യാറാ ക്കിക്കൊണ്ട് സാന്താക്ലോസ് കൊട്ടാരത്തിൽത്തന്നെ ഉണ്ടാ യിരിക്കും എന്ന് ചെകുത്താ ന്മാർക്ക് അറിയാമായിരുന്നു. തന്ത്രപൂർവം അതിനുള്ളിൽ കയറി സാന്താക്ലോസിനെ പ്രലോഭിക്കുകയായിരുന്നു അവരുടെ ലക്ഷ്യം, അതിനായി പിറ്റേദിവസംതന്നെ സ്വാർത്ഥ തയുടെ ചെകുത്താൻ സാന്താ ക്ലോസിനടുത്തെത്തി. സാന്താ ക്ലോസും സുഹൃത്തുക്കളും കളി പ്പാട്ടം ഉണ്ടാക്കുന്ന തിരക്കിലാ യിരുന്നു. അവിടെയെത്തിയ സ്വാർത്ഥതയുടെ ചെകുത്താൻ സാന്താക്ലോസിനോടു പറഞ്ഞു:

"ഈ കളിപ്പാട്ടങ്ങൾ വളരെ മനോഹരവും ഭംഗിയുള്ളവയു മാണ്. ഇതു നിങ്ങൾക്ക് സ്വന്ത മായി വച്ചാൽ പോരേ? ആ വികൃതിക്കുട്ടികൾക്ക് ഇതൊക്കെ എന്തിനു കൊടുക്കണം. അവർ ഇതെല്ലാം പെട്ടെന്നുതന്നെ നശിപ്പിച്ചുകളയും."

"നിങ്ങൾ എന്ത് അസംബ ന്ധമാണു പുലമ്പുന്നത്?,"

ആ വെള്ളത്താടിക്കാരൻ സ്വാർത്ഥതയുടെ ചെകുത്താ നോടു പറഞ്ഞു,

"സമ്മാനങ്ങൾ ലഭിച്ചതിനു ശേഷം കുട്ടികൾ ഒരിക്കലും വികൃതി കാണിക്കാറില്ല. മാത്ര മല്ല, വർഷത്തിലൊരിക്കൽ അവരെ സന്തോഷിപ്പിക്കുന്ന താണ് എന്റെ സന്തോഷം. അതിൽ ഞാൻ തൃപ്തനുമാണ്."

ഇതു കേട്ട് സ്വാർത്ഥതയുടെ ചെകുത്താൻ വിഷമത്തോടെ ഗുഹയിലേക്കു മടങ്ങിപ്പോയി. എന്നിട്ട് മറ്റുള്ളവരോട് തന്റെ പരാജയം സമ്മതിച്ചു. സാന്താ ന്നുള്ളൂ, കളിപ്പാട്ടങ്ങൾ ലഭി ക്കുമ്പോൾ അവരെല്ലാവരും വളരെയധികം സന്തോഷിക്കു ന്നുമുണ്ട്. പക്ഷേ ബാക്കി സമ യവും അവർക്ക് ഏതെങ്കിലും തരത്തിലുള്ള വിനോദങ്ങളിൽ ഏർപ്പെടണമല്ലോ... അതിനു സഹായിക്കുന്നവയാണ് ഈ കളിപ്പാട്ടക്കടകൾ. അതുകൊണ്ട് അവരോട് എനിക്ക് അസൂയ അല്ല, സ്നേഹമാണുള്ളത്."

അങ്ങനെ രണ്ടാമനും സാന്താക്ലോസിനു മുന്നിൽ മുട്ടുമടക്കി. അടുത്ത ദിവസം സാന്താക്ലോസിനെ തേടിയെ ത്തിയത് വെറുപ്പിന്റെ ചെകു ത്താനായിരുന്നു.

"സുപ്രഭാതം സാന്താ. ഇന്നു നിങ്ങൾക്ക് ഒരു മോശം വാർത്ത യാണുള്ളത്."

"അങ്ങനെയെങ്കിൽ ഇവിടെ നിന്ന് ഓടിപ്പൊയ്ക്കോള്ളൂ...

**അഞ്ചാമതായി ഒരു ഗുഹ കൂടി അവിടെയുണ്ടായിരുന്നു. ഈ ഗുഹ യിലേക്ക് നാലു ഗുഹകളിൽനിന്നും തുരങ്കങ്ങളുണ്ടായിരുന്നു. അവിടെയാണ് പശ്ചാത്താപത്തിന്റെ ചെകുത്താൻ താമസിച്ചിരു ന്നത്. വഴിതെറ്റി പലരും അവിടെ എത്തിയിട്ടുണ്ട്. പലർക്കും പശ്ചാ ത്താപത്തിന്റെ ചെകുത്താൻ പുറത്തേക്കുള്ള വഴികാട്ടിയായിട്ടു മുണ്ട്.**

ക്ലോസ് സ്വാർത്ഥനല്ല എന്നവർ മനസ്സിലാക്കി.

തൊട്ടടുത്ത ദിവസംതന്നെ അസൂയയുടെ ചെകുത്താൻ സാന്താക്ലോസിനെ സന്ദർശിച്ചു.

"നിങ്ങൾ ഉണ്ടാക്കുന്നതിനെ ക്കാൾ എത്ര മനോഹരമായ കളിപ്പാട്ടങ്ങളാണ് കടകളിലു ള്ളത്. നിങ്ങൾ കൈകൊണ്ട് ഉണ്ടാക്കുന്നതിനെക്കാൾ നല്ല കളിപ്പാട്ടങ്ങൾ ഇപ്പോൾ കുട്ടി കൾക്കു കിട്ടുന്നുണ്ട്. നിങ്ങൾക്ക് അവരോട് അസൂയ തോന്നാ റില്ലേ?"

സാന്താക്ലോസ് അസൂയ യുടെ ചെകുത്താനോടു മറുപടി പറഞ്ഞു:

"കുട്ടികൾക്ക് വർഷത്തി ലൊരിക്കൽ മാത്രമല്ലേ ഞാൻ കളിപ്പാട്ടങ്ങൾ സമ്മാനിക്കു മോശം വാർത്തകൾ മറ്റുള്ളവ രോടു പറയാൻ പാടില്ലാത്ത താണ്."

"പക്ഷേ അങ്ങിത് അറിഞ്ഞേ പറ്റൂ."

വെറുപ്പിന്റെ ചെകുത്താൻ തുടർന്നു,

"ലോകത്തിലുള്ള പലർക്കും സാന്താക്ലോസിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. മാത്രമല്ല, പലരും നിങ്ങളെ വെറുക്കാനും തുടങ്ങിയിരിക്കുന്നു."

"ശുദ്ധ വിഡ്ഢിത്തം." സാന്താ അലറിക്കൊണ്ടു പറഞ്ഞു.

"കുട്ടികളെ സന്തോഷിപ്പി ക്കുന്ന അങ്ങയുടെ പ്രവർ ത്തിയെ പരിഹസിക്കുന്നവരും അങ്ങയെ 'വിഡ്ഢിയായ വൃദ്ധൻ' എന്നു വിളിക്കുന്നവരും അങ്ങ യ്ക്കു ചുറ്റുമുണ്ട്. അവരെ

യെല്ലാം അങ്ങ് വെറുക്കണം, അവരോട് പ്രതികാരവും ചെയ്യണം." വെറുപ്പിന്റെ ചെകുത്താൻ സാന്തായെ പ്രലോഭിപ്പിക്കാൻ ശ്രമിച്ചു.

"ഞാൻ അവരെ ആരെയും വെറുക്കുന്നില്ല. ഇത്തരം ആളുകൾ യഥാർഥത്തിൽ ആ കുട്ടികളുടെ സന്തോഷമാണു തല്ലിക്കെടുത്തുന്നത്. അതോർത്താണ് എനിക്കു വിഷമം. പക്ഷേ അവരെയും വെറുക്കാൻ അല്ല, സ്നേഹിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്."

അങ്ങനെ, തങ്ങളുടെ പ്രലോഭനത്തിലൊന്നും സാന്താ ക്ലോസ് വീഴില്ലെന്നു ചെകുത്താന്മാർക്കെല്ലാം മനസ്സിലായി.

ലാഫിങ് വാലിയിൽ താമസിക്കുന്ന കാലത്തോളം സാന്തായെ ഒന്നും ചെയ്യാൻ തങ്ങൾക്കാവില്ലെന്ന സത്യം അവർ തിരിച്ചറിഞ്ഞു. ക്രിസ്തുമസ് രാത്രിയിൽ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളുമായി മാനുകൾ തെളിക്കുന്ന വണ്ടിയിൽ സാന്താ പോകുന്ന വഴിക്കുവച്ചു മാത്രമേ അദ്ദേഹത്തെ ഉപദ്രവിക്കാൻ പറ്റൂ എന്ന് ചെകുത്താന്മാർ മനസ്സിലാക്കി. അതുകൊണ്ട് ഇനിയുള്ള പദ്ധതികളെല്ലാം ക്രിസ്തുമസ് രാത്രിയിലാവാം എന്നവർ തീരുമാനിച്ചു.

അവർ കാത്തിരുന്ന ക്രിസ്തുമസ് രാത്രി വന്നെത്തി. ആകാശത്ത് ചന്ദ്രൻ മനോഹരമായ പ്രകാശം പരത്തിനിന്നു. സാന്താ തന്റെ മാനുകൾ തെളിക്കുന്ന വണ്ടിയിൽ കുട്ടികൾക്കരികിലേക്കു സന്തോഷത്തോടെ പാഞ്ഞു. പെട്ടെന്നാണ് സാന്താക്ലോസിനെ വണ്ടിയിൽനിന്ന് ആരോ വലിച്ചുകൊണ്ടുപോയത്. ചെകുത്താന്മാരുടെ പണിയായിരുന്നു അത്. തങ്ങളുടെ പ്രവർത്തിയിൽ ചെകുത്താന്മാർ ഏറെ സന്തുഷ്ടരായി. കുട്ടികൾക്കു സമ്മാനം നൽകാനാവാതെ സാന്താക്ലോസ് വിഷമിച്ചു പോകും എന്നവർക്ക് ഉറപ്പായിരുന്നു. സമ്മാനം കിട്ടാതെ വിഷമിച്ചു കുട്ടികളെല്ലാം പിറ്റേന്ന് ഉറക്കമുണരുമ്പോൾ ത്തന്നെ തങ്ങളുടെ ഗുഹകളിൽ എത്തും എന്നായിരുന്നു അവരുടെ പ്രതീക്ഷ.

**അവർ കാത്തിരുന്ന ക്രിസ്തുമസ് രാത്രി വന്നെത്തി. ആകാശത്ത് ചന്ദ്രൻ മനോഹരമായ പ്രകാശം പരത്തിനിന്നു. സാന്താ തന്റെ മാനുകൾ തെളിക്കുന്ന വണ്ടിയിൽ കുട്ടികൾക്കരികിലേക്കു സന്തോഷത്തോടെ പാഞ്ഞു. പെട്ടെന്നാണ് സാന്താക്ലോസിനെ വണ്ടിയിൽനിന്ന് ആരോ വലിച്ചുകൊണ്ടുപോയത്.**

സമ്മാനങ്ങൾ കൊടുക്കാൻ പോകുമ്പോൾ സാന്താക്ലോസ് തന്റെ കുഞ്ഞു മാലാഖമാരെ ക്കൂടി കൂടെകൂട്ടിയിരുന്നു. അവരും സാന്തയോടൊപ്പം ആ വണ്ടിയിൽ ഉണ്ടായിരുന്നു. എന്താണു സംഭവിക്കുന്നതെന്ന് അവർക്കു മനസ്സിലാക്കുന്നതിനു മുമ്പുതന്നെ ചെകുത്താന്മാർ സാന്തായെ കൺമുന്നിൽനിന്ന് കൊണ്ടുപോയിരുന്നു. പക്ഷേ സാന്തയുടെ വിശ്വസ്തരായ മാലാഖമാർ അദ്ദേഹത്തിന്റെ വാക്കുപാലിക്കാൻ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ നൽകാൻ തന്നെ തീരുമാനിച്ചു.

തങ്ങളുടെ യജമാനനെപ്പോലെ എല്ലാം വളരെ കൃത്യതയോടെ ചെയ്യാൻ പക്ഷേ മാലാഖമാർക്കായില്ല. കളിപ്പാട്ടങ്ങൾ അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോയി. പാവ ആഗ്രഹിച്ച കുട്ടിക്ക് ചെണ്ടയും ബൂട്ട്സ് ആഗ്രഹിച്ച കുട്ടിക്ക് നിറമുള്ള നൂലുകളും... അങ്ങനെയങ്ങനെ ചെറിയ തെറ്റുകൾ അവർക്കു പറ്റി. പക്ഷേ തങ്ങളുടെ യജമാനന്റെ കടമ മുടക്കംകൂടാതെ അവർ നിറവേറ്റിയിരുന്നു.

ഇതിനിടെ ഗുഹയിൽ കൊണ്ടുവന്ന സാന്താക്ലോസിനെ ചെകുത്താന്മാർ പലതും പറഞ്ഞ് പരിഹസിച്ചുകൊണ്ടേയിരുന്നു. നാളെ നിന്റെ കുട്ടികൾ സമ്മാനം ലഭിക്കാതെ നിന്നെ ചീത്ത പറയുമെന്നും നിന്നോട് അവർ കലഹിക്കുമെന്നും നിന്നെ അവർ വെറുക്കുമെന്നും; കുട്ടികളെക്കൊണ്ട് നാളെ ഈ ഗുഹ നിറയുമെന്നും സാന്തയോട് അവർ പറഞ്ഞു. ഇതെല്ലാം കേട്ട് നിശബ്ദനായി ഇരിക്കാനേ സാന്തയ്ക്കു കഴിഞ്ഞുള്ളൂ.

തന്റെ മാലാഖമാരെ സാന്തയ്ക്കു വലിയ വിശ്വാസമായിരുന്നെങ്കിലും അവർ എല്ലാം കൃത്യമായി ചെയ്യുമോ എന്ന ആശങ്കയിലായിരുന്നു അദ്ദേഹം. സമ്മാനങ്ങൾ ലഭിച്ചില്ലെങ്കിൽ തന്റെ കുഞ്ഞുകൂട്ടുകാർക്കുണ്ടാകുന്ന വിഷമത്തെക്കുറിച്ചായിരുന്നു സാന്തായുടെ സങ്കടം. അതിനിടയിൽ ചെകുത്താന്മാർ ഓരോരുത്തരായി അദ്ദേഹത്തെ കളിയാക്കിക്കൊണ്ടേയിരുന്നു.

അങ്ങനെയിരിക്കേ പശ്ചാത്താപത്തിന്റെ ചെകുത്താൻ സാന്തയുടെ മുന്നിലെത്തി.

"നിനക്ക് ഒരിക്കലും പശ്ചാത്താപം തോന്നിയിട്ടില്ലേ?" സാന്താ അവനോടു ചോദിച്ചു.

"ഉണ്ടല്ലോ... ഇപ്പോൾ ഈ നിമിഷം നിങ്ങളെ പിടിച്ചുകൊണ്ടുവന്നത് ഓർത്തുപോലും എനിക്ക് പശ്ചാത്താപം തോന്നുന്നുണ്ട്. പക്ഷേ അങ്ങേക്കൊരു കാര്യം അറിയുമോ, തെറ്റും തിന്മയുമൊക്കെ ചെയ്തു കഴിഞ്ഞതിനു ശേഷം മാത്രമേ നമ്മൾക്ക് പശ്ചാത്താപം തോന്നുകയുള്ളൂ."

പശ്ചാത്താപത്തിന്റെ ചെകുത്താൻ തുടർന്നു:

"നന്മ നിറഞ്ഞ അങ്ങയെ ഇവിടെ പിടിച്ചുവെച്ചതിൽ ഞാൻ ക്ഷമ ചോദിക്കുന്നു.

അതിൽ പശ്ചാത്തപിച്ച് അങ്ങയെ ഞാൻ ഇവിടെനിന്ന് മോചിപ്പിക്കുവാൻ പോവുകയാണ്."

എന്നിട്ട് ഇരുട്ടുനിറഞ്ഞ ഒരു ഇടനാഴിയിലൂടെ പശ്ചാത്താപത്തിന്റെ ചെകുത്താൻ സാന്തയെ കൊണ്ടുപോയി. അവസാനം ഇടുങ്ങിയ ഒരു വാതിൽ സാന്തയ്ക്കു മുന്നിൽ തുറക്കപ്പെട്ടു. അതിലൂടെ സാന്താ വീണ്ടും സൂര്യപ്രകാശം കണ്ടു, ശുദ്ധവായു ശ്വസിച്ചു.

"ഞാൻ നിങ്ങളോട് വീണ്ടും ക്ഷമ ചോദിക്കുന്നു. നിങ്ങൾ വളരെ നന്മയും ദയയും ഉള്ളവനാണ്. അങ്ങുള്ള ലോകം കൂടുതൽ മനോഹരമാവും. അങ്ങേക്ക് എന്റെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ് ആശംസകൾ."

പശ്ചാത്താപത്തിന്റെ ചെകുത്താൻ സാന്തായെ ഗുഹയിൽ നിന്ന് മോചിപ്പിച്ചു.

അങ്ങനെ ഏറെ സന്തോഷത്തോടെ സാന്താ ലാഫിങ് വാലിയിലേക്കുള്ള തന്റെ യാത്ര ആരംഭിച്ചു. പോകും വഴിയിൽ കുഞ്ഞു മാലാഖമാരുടെ ഒരു സൈന്യം അണിനിരന്നു നിൽക്കുന്നുണ്ടായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട സാന്തായെ പിടിച്ചുകെട്ടിയ ചെകുത്താന്മാരെ ആക്രമിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. വഴിയിൽവച്ച് തങ്ങളുടെ യജമാനനെ കണ്ടപ്പോൾ അവർ സന്തോഷത്താൽ മതിമറന്നു. എന്നാലും തങ്ങളുടെ യജമാനനെ പിടിച്ചുകെട്ടിയവരോടുള്ള  ദേഷ്യം അവർക്ക് മാറിയിരുന്നില്ല. പക്ഷേ സാന്താ ക്ലോസ് അവരെ ശാന്തരാക്കി. ചെകുത്താന്മാരെ തേടിപ്പോകുന്നത് ശരിയല്ലെന്നും  ഈ ലോകത്ത് നന്മയും തിന്മയും ഉള്ളതുപോലെ നല്ല  മനുഷ്യരും ചെകുത്താന്മാരും ഉണ്ടെന്നും അവരെ നമുക്ക് ഇല്ലാതാക്കാൻ കഴിയില്ലെന്നും പറഞ്ഞു മനസ്സിലാക്കി. ഇതു കേട്ട മാലാഖമാർ സാന്തയുമായി ലാഫിംഗ് വാലിയിലേക്ക് തിരിച്ചു. കുട്ടികൾക്ക് സമ്മാനങ്ങൾ കൊടുത്തതിനെപ്പറ്റിയും ചില സമ്മാനങ്ങൾ മാറിപ്പോയതിനെപ്പറ്റിയുമെല്ലാം അവർ സാന്തയോടു പറഞ്ഞു. സമ്മാനങ്ങൾ മാറിപ്പോയ കുട്ടികൾക്ക് അവർ ആഗ്രഹിച്ച സമ്മാനങ്ങൾ സാന്താ അയച്ചുകൊടുത്തു. അങ്ങനെ കുട്ടികളും സന്തുഷ്ടരായി.

ഗുഹകളിലെ ദുഷ്ടന്മാരായ ചെകുത്താന്മാർ അതിനുശേഷം സാന്തയെ അപായപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. ചതിയിലൂടെ സാന്തയെ കീഴ്പ്പെടുത്താൻ പറ്റില്ലെന്ന് അവർക്കു മനസ്സിലായി. പിന്നീടൊരിക്കലും സാന്തയുടെ കാര്യങ്ങളിൽ അവർ ഇടപെട്ടില്ല.



# അക്ഷരം



സാബു കോട്ടുക്കൽ

വർണ്ണം എന്തെന്ന് കഴിഞ്ഞ ലക്കത്തിൽ മനസ്സിലാക്കിയ സ്ഥിതിക്ക് ഇനി അക്ഷരത്തെക്കുറിച്ച് ആലോചിക്കാം. അക്ഷരം എന്ന വാക്കിന് നാശമില്ലാത്തത് എന്നാണ് അർത്ഥം. (ക്ഷരം – നാശം, അക്ഷരം – നാശമില്ലാത്തത്) അക്ഷരങ്ങൾ ഒരിക്കലും നശിക്കരുത് എന്നാണ് നമ്മുടെയെല്ലാം ആഗ്രഹം. എന്നാൽ ഭാഷകൾതന്നെ മരിക്കുന്നതിനെക്കുറിച്ച് വാർത്തകൾ വരുന്നുണ്ടല്ലോ. അപ്പോൾ അക്ഷരങ്ങളുടെ കാര്യം ഊഹിക്കാവുന്നതേയുള്ളൂ. നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന ഭാഷകൾക്കേ ഭാവിയിൽ നിലനിൽക്കാനാവൂ. വളർച്ച മുരടിച്ച ഭാഷകൾ ക്രമേണ ഇല്ലാതാകും. നമ്മുടെ ഭാഷയ്ക്ക് ഈ ഗതി വരാതിരിക്കാൻ നാം ശ്രദ്ധാലുക്കളായേ മതിയാവൂ.



നമുക്ക് അക്ഷരത്തെപ്പറ്റി ആലോചിക്കാം. ഉച്ചാരണക്ഷമമായ (വ്യക്തമായി ഉച്ചരിക്കാൻ കഴിയുന്നത് എന്നു സാരം) ഏറ്റവും ചെറിയ ഭാഷാഘടകത്തെയാണ് അക്ഷരം എന്നു വിളിക്കുന്നത്. വർണ്ണം ഏറ്റവും ചെറിയ ഭാഷാഘടകമാണെന്ന് മുമ്പ് പറഞ്ഞത് ഓർക്കുക. അതിൽനിന്ന് എന്തു വ്യത്യാസമാണ് അക്ഷരത്തിനുള്ളത്? ഉച്ചരിക്കാൻ കഴിയുന്ന ഏറ്റവും ചെറിയ ഭാഷാഘടകമാണത്. ഇപ്പോൾ കാര്യം വ്യക്തമായില്ലേ?

വർണ്ണങ്ങളെക്കുറിച്ചു പറഞ്ഞപ്പോൾ എല്ലാ വർണ്ണങ്ങൾക്കും ഉച്ചാരണക്ഷമത ഇല്ലെന്ന് പറഞ്ഞിരുന്നല്ലോ. സ്വരവർണ്ണങ്ങൾക്കു മാത്രമാണ് ഉച്ചാരണക്ഷമതയുള്ളത്. വ്യഞ്ജനവർണ്ണങ്ങൾക്ക് ഈ ഗുണമില്ല. വ്യഞ്ജനവർണ്ണങ്ങൾ സ്വരത്തിന്റെ സഹായത്തോടെ അക്ഷരമായി മാറുമ്പോഴാണ് ഉച്ചാരണക്ഷമത കൈവരിക്കുന്നത്. താഴെക്കൊടുക്കുന്ന ഉദാഹരണം നോക്കുക:

അ ( ഉച്ചരിക്കാൻ കഴിയുന്ന സ്വരവർണ്ണം)

ക് (ഉച്ചരിക്കാൻ കഴിയാത്ത വ്യഞ്ജനവർണ്ണം)

മുകളിലെ ഉദാഹരണത്തിൽ നൽകിയിട്ടുള്ള അ എന്ന വർണ്ണം ഉച്ചാരണക്ഷമത ഉള്ളതാകയാൽ അതിനു അക്ഷരമായി നിൽക്കാനും കഴിയും. നില്ക്കുന്ന സ്ഥാനമാണ് അത് വർണമാണോ അക്ഷരമാണോ എന്നു തീരുമാനിക്കുന്നത്. സ്വരവർണങ്ങൾക്കെല്ലാം ഈ പ്രത്യേകതയുണ്ട് എന്ന് മനസ്സിലാക്കണം. സ്വരവർണങ്ങൾ ഒരേസമയം വർണങ്ങളും അക്ഷരങ്ങളുമാണ്. എന്നാൽ വ്യഞ്ജനവർണങ്ങളുടെ സ്ഥിതി അതല്ല. ക് എന്ന വർണം അക്ഷരമാകാൻ അതിനോടൊപ്പം ഒരു സ്വരവർണം കൂടി ചേർക്കേണ്ടതുണ്ട്. ഉദാഹരണം നോക്കുക:

ക് + അ = ക (ഇവിടെ ക്, അ എന്നിവ വർണങ്ങളും ക അക്ഷരവുമാണ്) ഇനി അ വ്യഞ്ജനത്തോട് ചേരാതെ ഒറ്റയ്ക്ക് നിൽക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ അ അക്ഷരമാണ്. ഇതാണ് സ്വരവർണങ്ങളുടെ പ്രത്യേകത.

വ്യഞ്ജനാക്ഷരങ്ങൾക്ക് ഈ ഗുണവിശേഷമില്ല. എല്ലാ വ്യഞ്ജനാക്ഷരങ്ങളും സ്വരത്തിന്റെ സഹായത്തോടെയാണ് നിൽക്കുന്നത്. വർണങ്ങൾ ചേർന്നാണ് അക്ഷരങ്ങൾ ഉണ്ടാകുന്നത് എന്ന് പറയുന്നത് ഇതുകൊണ്ടാണ്. അക്ഷരങ്ങളിൽ സ്വരത്തിനുള്ള സ്ഥാനം ഇതു വ്യക്തമാക്കുന്നു. അതുകൊണ്ട് , വ്യഞ്ജനത്തോട് ചേർന്നോ ചേരാതെയോ നിൽക്കുന്ന ഒറ്റസ്വരമാണ് അക്ഷരം എന്നും പറയാം.

ഉച്ചാരണത്തെ സൂചിപ്പിക്കുന്ന ചിഹ്നമാണ് ലിപി. ചിലഭാഷകൾ വർണലിപിയാണ് ഉപയോഗിക്കുന്നത്. ഇംഗ്ലീഷ് ഉദാഹരണം. മലയാളം ഉൾപ്പെടെയുള്ള ദ്രാവിഡഭാഷകൾ അക്ഷരമാണ് ലിപിയായി ഉപയോഗിക്കുന്നത്. മലയാളം അക്ഷരോച്ചരിത (ഉച്ചരിക്കുന്നതുപോലെ എഴുതുന്ന) ഭാഷയാണ് എന്നുപറയുന്നത് അതുകൊണ്ടാണ്.

കടപയാദി

# സംഖ്യകൾക്കു കോഡുകൾ

പള്ളിയറ ശ്രീധരൻ




മലയാളത്തിൽ നാം എണ്ണുന്നതിന് ഒന്ന്, രണ്ട്, മൂന്ന്... എന്നിങ്ങനെയുള്ള വാക്കുകളാണല്ലോ ഉപയോഗിക്കുന്നത്. രഹസ്യമായി സംഖ്യകളെ അറിയിക്കാൻ കേരളത്തിലെ ചില സ്ഥലങ്ങളിൽ സംഖ്യകൾക്ക് കോഡുകൾ ഉപയോഗിക്കാറുണ്ട്. കച്ചവടക്കാരും മറ്റുമാണ് ഇത്തരത്തിൽ രഹസ്യമായി സംഖ്യകൾ കൈകാര്യം ചെയ്യുന്നതിന് കോഡുകൾ ഉപയോഗിച്ചിരുന്നത്. മറ്റു ഭാഷകളുടെ സ്വാധീനമാണ് ഇത്തരം കോഡുകൾ രൂപപ്പെടാൻ കാരണമായത്. അത്തരം ഒരു രഹസ്യഭാഷയിൽ ഉപയോഗിക്കുന്ന കോഡുകൾ പട്ടികയായി കൊടുക്കുന്നു.

ഒന്നുമുതൽ പത്തുവരെ സംഖ്യകൾ ഇങ്ങനെ പോകുന്നു. പിന്നീട് ഓരോന്നിനോടും ഏവത്, ചെനായം, ചെലോശ എന്ന് ചേർത്ത് തുടങ്ങുന്ന അക്കങ്ങൾ പറയുന്നു. ഉദാഹരണമായി അസോറ ഏവത് - 11, അസോറ ചെനായം-12, എന്നിങ്ങനെ. 41 എന്ന് പറയുന്നതിന് അർബ ഏവത് എന്ന് ഉപയോഗിക്കുന്നു. 20 ന് ഇസ്രി എന്നും ഇരുപത്തി അഞ്ചിന് ഇസ്രി അംശ എന്നും പ്രയോഗിക്കാം. കാൽ എന്ന് പറയുന്നതിന് പാദം, അര എന്നതിന് അസി, മുക്കാൽ എന്ന് ഉപയോഗിക്കുന്നതിന് മുക്ളച്ചി എന്നും പറയുന്നു. ഏവത് മുക്ളച്ചി എന്ന് പറഞ്ഞാൽ ഒന്നേമുക്കാൽ എന്നർഥം. നൂറിന് അക്ക് എന്നാണ് ഉപയോഗിക്കുന്നത്.

ഏവത് – ഒന്ന്
ചെനായം – രണ്ട്
ചെലോശ – മൂന്ന്
ആർബ – നാല്
അംശ – അഞ്ച്
ശിശ – ആറ്
ശിവ – ഏഴ്
ചെമോന – എട്ട്
ചെമോന ഏവത് – ഒമ്പത്
അസോറ – പത്ത്

കഥ

# വൈരമാല

**ഗയ് ദേ മോപ്പസാങ്**
**പുനരാഖ്യാനം – അനന്തര എസ്**

ഫ്രഞ്ച് എഴുത്തുകാരനും ആധുനിക ചെറുകഥയുടെ പിതാവായും അറിയപ്പെടുന്ന ഗയ് ദേ മോപ്പസാങിന്റെ The Necklace എന്ന കഥയുടെ മലയാളപുനരാഖ്യാനമാണ് വൈരമാല. 1850ലായിരുന്നു ജനനം. 1880ലായിരുന്നു അദ്ദേഹത്തിന്റെ മാസ്റ്റർപീസ് എന്നു വിളിക്കാവുന്ന ബാൾ ഓഫ് ഫാറ്റ് എന്ന ആദ്യകഥ രചിക്കുന്നത്. പിന്നീടങ്ങോട്ട് എഴുതിയ എല്ലാ ചെറുകഥകളും സാഹിത്യലോകത്തെ അമ്പരപ്പിച്ചു. 1893ൽ അദ്ദേഹം അന്തരിച്ചു.



വിധിക്കു പറ്റാറുള്ള പിഴ എന്നൊക്കെ പറയാറില്ലേ. അതുപോലെ ആയിരുന്നു അവൾ. വളരെ സാധാരണമായ ഗുമസ്തകുടുംബത്തിൽ ജനിക്കാറുള്ള അതിസുന്ദരികളായ പെൺകുട്ടികളെപ്പോലെ ഒരുവൾ. ധനികരുടെ വിവാഹ ആലോചനകളൊന്നും അതിനാൽത്തന്നെ അവളെ തേടിയെത്തിയില്ല. അങ്ങനെ പൊതുവിദ്യാഭ്യാസ മന്ത്രാലയത്തിലെ ഒരു സാധാരണ ഗുമസ്തനെ അവൾക്ക് വിവാഹം കഴിക്കേണ്ടിവന്നു.

ആഡംബരവസ്ത്രം ധരിക്കാൻ കഴിവില്ലാത്ത അവൾ വളരെ സാധാരണ മട്ടിലുള്ള വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. സമ്പന്നതയിൽനിന്ന് അപ്രതീക്ഷിതമായി താഴേക്കുവീണതുപോലെ അവൾ എപ്പോഴും വിഷാദവതിയായിരുന്നു.

മെറ്റിൽഡയുടെ വിചാരം ലോകത്തുള്ള എല്ലാ രുചികരമായ ഭക്ഷണപദാർഥങ്ങളും സുഖസൗകര്യങ്ങളും ആസ്വദിക്കാനാണ് താൻ ജനിച്ചതെന്നാണ്. ആ ചിന്ത അവളെ ഇടതടവില്ലാതെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. വീട്ടിലെ ദാരിദ്ര്യവും ശൂന്യമായ ചുവരുകളും മുഷിഞ്ഞ കസേരകളും വൃത്തികെട്ട ജനൽവിരികളും അവളെ വല്ലാതെ ദുഃഖിപ്പിച്ചു.

അവളുടെ കൈവശം നല്ല ഗൗണുകളോ ആഭരണങ്ങളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. പക്ഷേ അവൾ ഏറ്റവുമധികം ആഗ്രഹിച്ചത് അവ മാത്രമായിരുന്നു. അതൊക്കെ അണിയാൻ വേണ്ടിയാണ് താൻ ജനിച്ചതെന്ന് അവൾ ഉറച്ചു വിശ്വസിച്ചു.

ഒരു വൈകുന്നേരം അവളുടെ ഭർത്താവ് ലോയിസൽ ഒത്തിരി സന്തോഷത്തോടെയാണ് വീട്ടിലെത്തിയത്. വലിയൊരു പേപ്പർ കവർ അയാളുടെ കൈവശം ഉണ്ടായിരുന്നു.

"ഇതാ... ഇത് നിനക്കുള്ളതാണ്," കവർ നീട്ടിക്കൊണ്ട് അയാൾ മെറ്റിൽഡയോടു പറഞ്ഞു.

പൊതുവിദ്യാഭ്യാസമന്ത്രിയും ഭാര്യയും കൊട്ടാരത്തിൽ വെച്ചു നടത്തുന്ന വിരുന്നിലേക്കുള്ള ക്ഷണക്കത്തായിരുന്നു അത്.

ഭർത്താവ് പ്രതീക്ഷിച്ചതുപോലെ സന്തോഷിക്കുന്നതിനു പകരം അവൾ ക്ഷണക്കത്ത് മേശപ്പുറത്തേക്ക് വലിച്ചെറിയുകയാണ് ചെയ്തത്.

"എന്തുപറ്റി നിനക്ക്? നീ സന്തോഷിക്കുമെന്നാണ് ഞാൻ കരുതിയത്. ഇതുപോലെ ഒരവസരം ഇനി കിട്ടുമോ? ഈ ക്ഷണക്കത്ത് സംഘടിപ്പിക്കാൻ ഞാൻ എത്ര കഷ്ടപ്പെട്ടെന്നോ! അവർ വേറെ ഗുമസ്തൻമാരെ യാരെയും ക്ഷണിച്ചിട്ടില്ല. എല്ലാ ഉയർന്ന ഉദ്യോഗസ്ഥരും വിരുന്നിനുണ്ടാവുകയും ചെയ്യും."

അവൾ ലോയിസലിനെ ദേഷ്യത്തോടെ നോക്കി.

"എന്തുടുത്താണ് ഞാൻ പാർട്ടിക്ക് പോവുക?"

എങ്ങനെയൊക്കെയോ കരച്ചിലടക്കി തന്റെ നനഞ്ഞ കവിളുകൾ തുടച്ചുകൊണ്ട് അവൾ ശാന്തമായി പറഞ്ഞു:

"എനിക്ക് ഉടുക്കാൻ ഒരു നല്ല ഗൗൺ ഇല്ല. എന്നെക്കാൾ മെച്ചപ്പെട്ട ആടയാഭരണങ്ങൾ അണിയിച്ച് ഭാര്യയെ വിരുന്നിന് കൊണ്ടുപോകാൻ കഴിവുള്ള ഏതെങ്കിലും സഹപ്രവർത്തകന് ഈ കത്ത് കൊടുത്തേക്കൂ..."

അയാൾ ആകെ വിഷമത്തിലായി.

"ശരി മെറ്റിൽഡാ, ഒരു കാര്യം ചോദിച്ചോട്ടേ. ഇങ്ങനത്തെ പരിപാടിക്കും മറ്റും ധരിക്കാൻ പറ്റുന്ന സാധാരണ ഗൗണിന് എത്ര വിലയാകും?" അയാൾ ആരാഞ്ഞു.

ചില കണക്കുകൂട്ടൽ ഒക്കെ നടത്തി കുറച്ച് നിമിഷങ്ങൾ അവൾ അനങ്ങാതിരുന്നു. തുക കേട്ട് ഞെട്ടി ഒറ്റയടിക്ക് നിരസിക്കാൻ പാടില്ല ഈ പിശുക്കനായ ഗുമസ്തൻ.

അവസാനം മടിച്ച് മടിച്ച് അവൾ പറഞ്ഞു:

"കൃത്യമായി എത്രയാകുമെന്ന് എനിക്കറിയില്ല, പക്ഷേ നാനൂറ് ഫ്രാങ്കുകൊണ്ട് ഒരു ഗൗൺ വാങ്ങാൻ കഴിയും..."

അവസാനം ഗൗൺ കിട്ടിയെങ്കിലും വിരുന്നിന് പോകാനുള്ള ദിവസം അടുത്തുവരുന്നതിനനുസരിച്ച് അവൾ അസ്വസ്ഥയായിക്കൊണ്ടിരുന്നു. ഒരു വൈകുന്നേരം ലോയിസൽ അവളോടു ചോദിച്ചു:

"നിനക്കെന്താണ് പറ്റിയത്? നീ വല്ലാതെ അസ്വസ്ഥയാണല്ലോ."

"ഒരു ആഭരണംപോലുമില്ല എനിക്കിടാൻ. ദാരിദ്ര്യം പിടിച്ച ഒരു സ്ത്രീയെപ്പോലിരിക്കും എന്നെക്കണ്ടാൽ. ഞാൻ വിരുന്നിന് വരുന്നില്ല."

"നീ എന്തൊരു വിഡ്ഢിയാണ്! നിനക്കു നിന്റെ കൂട്ടുകാരി മാഡം ഫോറസ്റ്റിയറിനോട് ആഭരണങ്ങൾ കടം ചോദിച്ചാൽ പോരേ." ലോയിസൽ പറഞ്ഞു.

സന്തോഷംകൊണ്ട് അവൾ തുള്ളിച്ചാടി, "ശരിയാണല്ലോ... ഞാനത് ഓർത്തതേയില്ല."

പിറ്റേന്ന് അവൾ കൂട്ടുകാരിയുടെ അടുത്തുചെന്ന് തന്റെ വിഷമം പറഞ്ഞു.

മാഡം ഫോറസ്റ്റിയർ കണ്ണാടിയുള്ള ഒരു അലമാര തുറന്ന് അതിൽനിന്ന് ഒരു പെട്ടി പുറത്തെടുത്തു.

"ഇഷ്ടപ്പെട്ടത് എടുത്തോളൂ പ്രിയപ്പെട്ടവളേ."

അവൾ ആദ്യം എടുത്തു നോക്കിയത് കൈവളകളാണ്. പിന്നെ ഒരു മുത്തുമാല. കണ്ണാടിക്കു മുന്നിൽച്ചെന്ന് ഓരോ ആഭരണങ്ങളും അണിഞ്ഞ് ചേർച്ച പരിശോധിച്ചു. എന്നിട്ട് തീരുമാനമെടുക്കാൻ ആവാതെ അങ്ങനെ നിന്നു. ഒന്നുപോലും തിരികെ വെയ്ക്കാൻ അവൾക്കു തോന്നിയില്ല. ഓരോ ആഭരണവും പരിശോധിച്ചതിനു ശേഷം 'വേറെ ഇല്ലേ, വേറെ ഇല്ലേ' എന്ന് അവൾ ചോദിച്ചുകൊണ്ടിരുന്നു.

പെട്ടെന്നാണ് കറുത്ത സാറ്റിൻതുണികൊണ്ട് പൊതിഞ്ഞ പെട്ടിയിൽ അതിമനോഹരമായ ഒരു വൈരമാല അവൾ കണ്ടത്. അവളുടെ ഹൃദയം തുള്ളിച്ചാടി. വൈരമാല കൈയിലെടുത്തപ്പോൾ അവളുടെ കൈകൾ വിറച്ചു. കഴുത്തിനു ചുറ്റും വൈരമാല വെച്ച് അവൾ കണ്ണാടിയിലേക്കു നോക്കി. അവിടെ തന്റെ രൂപം കണ്ട് അവൾ സ്വയം മറന്നു നിർവൃതികൊണ്ടു.

എന്നിട്ടവൾ മടിച്ചുമടിച്ചു മാഡം ഫോറസ്റ്റിയറോടു ചോദിച്ചു:

**പെട്ടെന്നാണ് കറുത്ത സാറ്റിൻ തുണികൊണ്ട് പൊതിഞ്ഞ പെട്ടിയിൽ അതിമനോഹരമായ ഒരു വൈരമാല അവൾ കണ്ടത്. അവളുടെ ഹൃദയം തുള്ളിച്ചാടി. വൈരമാല കൈയിലെടുത്തപ്പോൾ അവളുടെ കൈകൾ വിറച്ചു. കഴുത്തിനു ചുറ്റും വൈരമാല വെച്ച് അവൾ കണ്ണാടിയിലേക്കു നോക്കി. അവിടെ തന്റെ രൂപം കണ്ട് അവൾ സ്വയം മറന്നു നിർവൃതികൊണ്ടു.**

“എനിക്കിതു മാത്രം മതി.”

ഒടുവിൽ മിസ്സിസ് ലോയിസൽ കാത്തിരുന്ന ആ ദിവസം വന്നെത്തി. അവളായിരുന്നു വിരുന്നിലെ ശ്രദ്ധാകേന്ദ്രം. അവിടെ വന്നതിൽ ഏറ്റവും സുന്ദരിയായ സ്ത്രീ. എല്ലാ പുരുഷന്മാരും അവളെപ്പറ്റിയായിരുന്നു അന്വേഷിച്ചിരുന്നത്. അവളെയൊന്ന് പരിചയപ്പെടാനും നൃത്തം ചെയ്യാനും അവരൊക്കെ തിടുക്കംകൂട്ടി.

പുലർച്ചെ നാല് മണിയോടെയാണ് അവൾ നൃത്തശാല വിട്ടിറങ്ങിയത്. കുറെസമയം നോക്കിനിന്നശേഷം ഒരു പഴഞ്ചൻ വണ്ടി കിട്ടി. വീട്ടിലെത്തി ദുഃഖത്തോടെ പടി കയറുമ്പോൾ അവൾക്ക് എല്ലാം അവസാനിച്ചതുപോലെ തോന്നി.

അവസാനമായി തന്റെ സുന്ദരരൂപം ഒന്നുകൂടി കാണാനായി കണ്ണാടിയുടെ മുന്നിലെത്തി അവൾ പുതപ്പു മാറ്റി. പെട്ടെന്നൊരു നിലവിളി അവളുടെ ഉള്ളിൽനിന്നു പുറത്തേക്കു തെറിച്ചു.

വൈരമാല കാണാനില്ല!

അവൾ വെപ്രാളത്തോടെ പറഞ്ഞു,

“എല്ലാം പോയി... മാഡം ഫോറസ്റ്റിയറുടെ വൈരമാല കളഞ്ഞുപോയി.”

“നൃത്തശാലയിൽ നിന്നിറങ്ങുമ്പോൾ വൈരമാല നിന്റെ കഴുത്തിൽ ഉണ്ടായിരുന്നു എന്നുറപ്പാണോ?” അയാൾ ചോദിച്ചു.

“മന്ത്രിയുടെ വസതിയിൽ വച്ച് അത് കഴുത്തിൽ ഉണ്ടായിരുന്നു, തീർച്ച.” അവൾ ഉറപ്പിച്ചു പറഞ്ഞു.

“റോഡിൽ വീണതാണെങ്കിൽ നമ്മൾ ശബ്ദം കേട്ടേനെ. മിക്കവാറും വണ്ടിയിലായിരിക്കും വീണത്.”

ലോയ്സൽ വസ്ത്രം ധരിച്ചു പുറത്തേക്കിറങ്ങി. അവൾ ഗൗൺ അഴിച്ചുവയ്ക്കാതെ കസേരയിൽ ഇരുന്നു. അവൾക്ക് ഉറങ്ങാനുള്ള ശക്തി പോലുമില്ലായിരുന്നു.

ഏഴു മണിയോടെ അയാൾ തിരിച്ചെത്തി. പക്ഷേ അയാൾക്ക് വൈരമാല കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

അയാൾ പോലീസ് ആസ്ഥാനത്ത് പോയി പരാതി കൊടുത്തു. പാരിതോഷികം പ്രഖ്യാപിച്ചുകൊണ്ട് പത്രത്തിൽ പരസ്യം കൊടുത്തു. എല്ലാ വാടക വാഹന കമ്പനികളിലും കയറിയിറങ്ങി അന്വേഷിച്ചു.

“നീ എത്രയും പെട്ടെന്ന് കൂട്ടുകാരിക്ക് ഒരു കത്തയക്കണം. മാലയുടെ കൊളുത്ത് കേടായിപ്പോയെന്ന് പറയണം. അത് നന്നാക്കാൻ കൊടുത്തിരിക്കുകയാണ് എന്നുകൂടി പറയണം. അപ്പോൾ നമുക്ക് കുറച്ചുകൂടി സമയം കിട്ടും.”

അയാൾ പറഞ്ഞതനുസരിച്ച് അവളൊരു കത്തെഴുതി.

“ആ മാല പോലെയുള്ള മറ്റൊരെണ്ണം കണ്ടെത്തുകയേ വഴിയുള്ളൂ.” ലോയിസൽ പറഞ്ഞു.

നഗരത്തിലെ ആഭരണക്കാരെ ഒന്നൊഴിയാതെ അവർ കണ്ടു. അവസാനം പാലെസ് റോയലിലെ ഒരു കടയിൽ നഷ്ടപ്പെട്ട വൈരമാലപോലെ ഒരെണ്ണം അവർ കണ്ടുപിടിച്ചു. അതിന് നാല്പതിനായിരം ഫ്രാങ്കാണ് വില. കടക്കാരൻ പക്ഷേ അവർക്ക് മുപ്പത്താറായിരത്തിന് കൊടുക്കാൻ തയ്യാറായി. മൂന്ന് ദിവസത്തേക്ക്



ഇത് വിൽക്കരുതെന്ന് അവർ ജ്വല്ലറി ഉടമയോട് അപേക്ഷിച്ചു.

ലോയ്സലിന്റെ കൈയിൽ അച്ഛൻ കൊടുത്ത പതിനെട്ടായിരം ഫ്രാങ്ക് ഉണ്ടായിരുന്നു. ബാക്കി അയാൾ കടം മേടിക്കണം. ആയിരവും അഞ്ഞൂറും ഫ്രാങ്ക് ആയി നാട്ടിലെ സർവ കൊള്ളപ്പലിശക്കാരിൽനിന്നും ലോയ്സൽ കടം വാങ്ങി.

അങ്ങനെ അയാൾ മുപ്പത്തിആറായിരം ഫ്രാങ്കിന് വൈരമാല സ്വന്തമാക്കി.

മെറ്റിൽഡ മാലയുമായി ഫോറസ്റ്റിയറിന്റെ വീട്ടിലെത്തി. അവൾ ഭയപ്പെട്ടതുപോലെ മാഡം ഫോറസ്റ്റിയർ പെട്ടി തുറന്നു നോക്കിയില്ല.

ആ സംഭവത്തിനു ശേഷം പരമദരിദ്രരായ മനുഷ്യരുടെ കാഠിന്യമേറിയ ജീവിതമെന്തെന്ന് മാഡം ലോയ്സൽ അറിഞ്ഞു. നശിച്ച കടം എങ്ങനെയെങ്കിലും വീട്ടണം. വേലക്കാരിയെ പറഞ്ഞുവിട്ട ശേഷം ചെറിയ തട്ടിൻപുറത്തേക്ക് അവർ താമസം മാറ്റി. ഭാരിച്ച വീട്ടുജോലികൾ എന്താണെന്നും അടുക്കളപ്പണികൾ എന്താണെന്നും അവൾ മനസ്സിലാക്കി. അവളുടെ മനോഹരമായ വിരലുകളും നഖങ്ങളും ഉപയോഗിച്ച് കരിപിടിച്ച കുടങ്ങളും പാത്രങ്ങളും കഴുകി. മുഷിഞ്ഞ തുണികളും മറ്റും അലക്കി വിരിച്ചിട്ടു. താഴെ തെരുവിൽ പോയി വെള്ളം ചുമന്നുകൊണ്ടുവന്നു. സാധാരണക്കാരിയായി മാറി സഞ്ചിയുമായി കടകളിൽ പോയി. കഷ്ടപ്പെട്ടു സമ്പാദിക്കുന്ന ഒരു തുട്ടു പണംപോലും പാഴായിപ്പോകാതിരിക്കാൻ നാണമില്ലാതെ വിലപേശി.

ഒരു വ്യാപാരിയുടെ കണക്കെഴുത്തുകാരനായി അവളുടെ ഭർത്താവ് വൈകുന്നേരങ്ങളിലും ജോലി ചെയ്തു. രാത്രി വൈകിയും പേജിന് അഞ്ച് സോ എന്ന കണക്കിൽ കൈയെഴുത്തു പ്രതികൾ തയ്യാറാക്കിക്കൊടുത്തു.

ഈ രീതിയിൽ പത്തു വർഷം തുടർന്നു. ഒടുവിൽ മുതലും കുമിഞ്ഞുകൂടിയ കൂട്ടുപലിശയും എല്ലാം നൽകി കടം തീർത്തു.

അപ്പോഴേക്കും കണ്ടാൽ വൃദ്ധയെപ്പോലെ ആയി മെറ്റിൽഡ. ചില സമയങ്ങളിൽ, ഭർത്താവ് ഓഫീസിൽ ആയിരിക്കുമ്പോൾ, ജനാലയ്ക്കരിൽ ഇരുന്ന് ആ പഴയ സായാഹ്നം അവൾ ഓർക്കും. താൻ അതിമനോഹരിയായി നൃത്തംചെയ്ത നൃത്തശാല ഓർമ്മകളിൽ ഓടിയെത്തും. വൈരമാല അന്ന് നഷ്ടപ്പെട്ടില്ലായിരുന്നെങ്കിൽ ജീവിതം എങ്ങനെയായി മാറിയേനെ? ഒരു ചെറിയ കാര്യം മതി ജീവിതം മാറ്റിമറിക്കാൻ.

ഒരു ഞായറാഴ്ച ജോലിയുടെ മടുപ്പു മാറ്റാൻ ഷാംപ്സ് എൽയ്സീസിലൂടെ നടക്കുകയായിരുന്നു മെറ്റിൽഡ. ഒരു കുട്ടിയുമായി നടന്നുപോകുന്ന സുന്ദരിയായ സ്ത്രീ പെട്ടെന്ന് അവളുടെ കണ്ണിൽപ്പെട്ടു. അത് മാഡം ഫോറസ്റ്റിയർ ആയിരുന്നു.

അവരോട് സംസാരിക്കണോ? മെറ്റിൽഡ സംശയിച്ചു. കടം എല്ലാം വീട്ടിക്കഴിഞ്ഞു. ഇനി എല്ലാം തുറന്നുപറയുക തന്നെ.

തനിക്ക് നമസ്കാരം പറഞ്ഞ സാധാരണക്കാരിയായ വീട്ടമ്മയെ തിരിച്ചറിയാനാകാതെ മാഡം ഫോറസ്റ്റിയർ സംശയിച്ചുനിന്നു.

"മാഡം എനിക്കു നിങ്ങളെ അറിയില്ല. നിങ്ങൾക്ക് ആള് മാറിപ്പോയി..."

"ഒരിക്കലും ഇല്ല. ഞാൻ നിന്റെ കൂട്ടുകാരി മെറ്റിൽഡ ലോയിസൽ ആണ്."

മാഡം ഫോറസ്റ്റിയറുടെ ഉള്ളിൽനിന്ന് ഒരു നിലവിളി പുറത്തേക്കു തെറിച്ചു.

"അയ്യോ! എന്റെ മെറ്റിൽഡ, നിനക്കെന്താണു സംഭവിച്ചത്?"

"നിന്നെ അവസാനമായി കണ്ടതിനു ശേഷം വളരെ കഠിനമായ ഒരു ജീവിതമായിരുന്നു എൻറേത്. കടുത്ത ദാരിദ്ര്യവും, അതും നീ കാരണം."

"ഞാൻ കാരണമോ?"

മാഡം ഫോറസ്റ്റിയർ അമ്പരന്നു.

"മന്ത്രിയുടെ വിരുന്നുസൽക്കാരത്തിനു പോകാൻ വേണ്ടി ഒരു വൈരമാല നീ എനിക്കു കടമായി തന്നത് ഓർക്കുന്നുണ്ടോ? അത് എന്റെ കൈയിൽ നിന്ന് കളഞ്ഞുപോയിരുന്നു."

"നീ എന്താണീ പറയുന്നത്? നീ അത് എനിക്ക് തിരിച്ചു തന്നായിരുന്നല്ലോ..."

"നിന്റെ മാലപോലെയുള്ള മറ്റൊരു മാലയാണത്. ആ കടം വീട്ടാൻ ഞങ്ങൾ പത്തു വർഷമെടുത്തു."

മാഡം ഫോറസ്റ്റിയർ സ്തബ്ദയായി നിന്നു.

"നീ എന്താ പറഞ്ഞത്. എന്റെ മാലയ്ക്കു പകരമായി ഒരു വൈരമാല തന്നു എന്നോ...?"

"അതേ... നിനക്കിതുവരെ അതു മനസ്സിലായില്ല അല്ലേ... രണ്ടും കാണാൻ ഒരേപോലെ ആയിരുന്നു."

മെറ്റിൽഡ പുഞ്ചിരിച്ചു.

മാഡം ഫോറസ്റ്റിയർ അതികഠിനമായ ദുഃഖത്തോടെ അവളുടെ കൈപിടിച്ചു പറഞ്ഞു,

"എന്തിനാ മെറ്റിൽഡ നീയതു ചെയ്തത്. എന്റെ മാല ശരിക്കുമുള്ള വൈരമല്ലായിരുന്നു. അതിന് കൂടിപ്പോയാൽ ഒരു അഞ്ഞൂറ് ഫ്രാങ്കിന്റെ വിലയേ വരൂ!"

**അപ്പോഴേക്കും കണ്ടാൽ വൃദ്ധയെപ്പോലെ ആയി മെറ്റിൽഡ. ചില സമയങ്ങളിൽ, ഭർത്താവ് ഓഫീസിൽ ആയിരിക്കുമ്പോൾ, ജനാലയ്ക്കരിൽ ഇരുന്ന് ആ പഴയ സായാഹ്നം അവൾ ഓർക്കും. താൻ അതിമനോഹരിയായി നൃത്തംചെയ്ത നൃത്തശാല ഓർമ്മകളിൽ ഓടിയെത്തും. വൈരമാല അന്ന് നഷ്ടപ്പെട്ടില്ലായിരുന്നെങ്കിൽ....**



# ഭോപ്പാലിൽ സംഭവിച്ചത്

പ്രദീപ് ഓർക്കാട്ടേരി



1984 ഡിസംബർ 2. അർധരാത്രിയാവാറായി. ഭോപ്പാലിലെ ആയിരക്കണക്കിനു ജനങ്ങൾ സുഖനിദ്രയിൽ മുഴുകിയ സമയം. പക്ഷേ അത് അധികം നീണ്ടുനിന്നില്ല. കടുത്ത ശ്വാസംമുട്ടലും ചുമയുമായിട്ടാണ് മിക്കവരും എണീറ്റത്. പിന്നീടു നടന്നത് ലോകം കണ്ട ഏറ്റവും വലിയൊരു ദുരന്തമായിരുന്നു. ഭോപ്പാൽ വിഷവാതകദുരന്തം.

ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഇന്ത്യ ലിമിറ്റഡിലെ കീടനാശിനി പ്ലാന്റിലെ വാതകച്ചോർച്ചയാണ് കൂട്ടക്കൊലയ്ക്കു കാരണമായത്. ലോകത്തെ മുഴുവൻ ഞെട്ടിച്ച ഏറ്റവും ദാരുണമായ വ്യാവസായിക ദുരന്തം. അമേരിക്കൻ കമ്പനിയായ യൂണിയൻ കാർബൈഡിന്റെ കീടനാശിനി നിർമ്മാണശാലയിലെ വാതകക്കുഴലിലൂടെ പുറത്തുവന്ന മീഥൈൽ ഐസോസയനേറ്റ് എന്ന വിഷവാതകം അന്തരീക്ഷത്തിലേക്കു വ്യാപിക്കുകയായിരുന്നു. ഭോപ്പാലിലെ 54 മുനിസിപ്പൽ വാർഡുകളിലെ 36 എണ്ണവും വിഷവാതകത്താൽ മൂടുകയും അനേകായിരം മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും ജീവൻ പിടഞ്ഞണയുകയും ചെയ്തു. രാസവ്യവസായത്തിലെ ഹിരോഷിമ ദുരന്തം എന്നുപോലും ഇതിനെ വിശേഷിപ്പിക്കുന്നു.

അശ്രദ്ധയായിരുന്നു ഫാക്ടറിയിലെ ഏറ്റവും വലിയ ടാങ്കുകളിലൊന്നിൽനിന്ന് മാരകമായ മീഥൈൽ ഐസോസയനേറ്റ് അടക്കമുള്ള വിഷവാതകങ്ങൾ ചോരാൻ ഇടയാക്കിയത്. വാതകച്ചോർച്ച ഉണ്ടായി മണിക്കൂറുകൾക്കുള്ളിൽത്തന്നെ സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവർ തെരുവുകളിൽ മരിച്ചുവീണു. സർവതും ഉപേക്ഷിച്ച് പ്രാണനും കൊണ്ടോടുന്നതിനിടയിലും പലരും വീണുമരിച്ചുകൊണ്ടിരുന്നു. ശ്വാസതടസ്സം നേരിട്ടും ചുമച്ചും എന്താണു സംഭവിക്കുന്നതെന്നറിയാതെ ഉറക്കത്തിൽനിന്ന് ഉണർന്നെണീറ്റ് ജനങ്ങൾ പുറത്തേക്കോടി. പലർക്കും കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ടു. അവർ പരസ്പരം കൂട്ടിയിടിച്ചും മറിഞ്ഞുവീണും വഴികളിൽ ജീവനറ്റുകിടന്നു.


വെപ്രാളത്താൽ അടുത്തുള്ള ആശുപത്രികളിൽ ജനങ്ങൾ ഒന്നടങ്കം ഓടിക്കയറിയെങ്കിലും എന്താണു സംഭവിച്ചത് എന്നറിയാതെ അവരും കൈമലർത്തി. ആശുപത്രികൾ മരണതാണ്ഡവ മരങ്ങേറുന്ന ഇടങ്ങളായി. ആറു കിലോമീറ്ററിൽ വിഷവാതകം മരണം കൊയ്യുകയായിരുന്നു. മണിക്കൂറുകൾക്കകം ഭോപ്പാലിന്റെ ഓരോ മുക്കും മൂലയും ശവപ്പറമ്പുകളായി മാറി. ഔദ്യോഗിക കണക്കുകൾ പ്രകാരം മരണം 2500നും 3000ത്തിനും

ഇടയിലാണെന്നാണ്. എന്നാൽ മരണസംഖ്യ പതിനായിരത്തിനു മുകളിലാണെന്നാണ് അനുമാനിക്കപ്പെടുന്നത്.

## ദുരന്തം എങ്ങനെ സംഭവിച്ചു?

മീഥൈൽ ഐസോസയനേറ്റ് എന്ന വിഷവാതകം ചോർന്നതാണ് മരണകാരണമെന്ന് മുകളിൽ പരാമർശിച്ചിരുന്നല്ലോ. കാർബറിൽ (സെവിൻ) എന്ന കീടനാശിനി നിർമ്മിക്കാനായി 40 ടണ്ണോളം വരുന്ന ഇവ സൂക്ഷിച്ചിരുന്ന ഒരു സംഭരണിയിലേക്ക് വൻതോതിൽ വെള്ളം കയറുകയായിരുന്നു. ഈ സമയത്ത് തൊഴിലാളികൾ വാതകക്കുഴലുകൾ വെള്ളം തെറിപ്പിച്ച് വൃത്തിയാക്കുകയായിരുന്നു. ജലവും മീഥൈൽ ഐസോസയനേറ്റും കലർന്നതോടെ നിമിഷനേരം കൊണ്ട് ടാങ്കിൽ രാസപ്രവർത്തനം നടക്കുകയും സംഭരണിയിൽ ചോർച്ചയുണ്ടാവുകയും ചെയ്തു. നേരത്തേയുണ്ടായിരുന്ന വിടവുകളിൽക്കൂടി വാതകക്കുഴലിനുള്ളിലേക്ക് വെള്ളം കയറിയതാണ് അപകടകാരണം എന്നും നിരീക്ഷിക്കപ്പെടുന്നുണ്ട്.

ഡൽഹി സയൻസ് ഫോറം എന്ന ജനകീയ ശാസ്ത്രസംഘടനയുടെ നേതൃത്വത്തിലാണ് വാതകച്ചോർച്ചയെക്കുറിച്ച് ആദ്യം പഠനം നടത്തിയത്.



അവരുടെ റിപ്പോർട്ട് പ്രകാരം ഇരട്ട സുരക്ഷാ മാനദണ്ഡങ്ങൾ ഒന്നുംതന്നെ യൂണിയൻ കാർബൈഡ് പാലിച്ചിരുന്നില്ല. വാതകച്ചോർച്ചയുണ്ടായാൽ പ്രതിരോധപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടിയിരുന്ന ഫ്ളയർ ടവർ, സ്ക്രബർ, റെഫ്രിജറേഷൻ സിസ്റ്റം എന്നിവയും പ്രവർത്തനരഹിതമായിരുന്നു.

ഗുരുതരമായ വിഷബാധയേറ്റ് കഴിയുന്നവരുടെ എണ്ണം ഒരു ലക്ഷത്തോളം വരുമെന്നും ഡൽഹി സയൻസ് ഫോറം കണക്കാക്കിയിരുന്നു. ഭോപ്പാൽ ഗ്യാസ് ട്രാജഡി എന്ന പേരിലാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. കാൻസർ, ശ്വാസതടസം, വിട്ടുമാറാത്ത ചുമ, വിഷാദം, തളർച്ച, ക്ഷയം തുടങ്ങിയ രോഗങ്ങൾക്ക് അടിമപ്പെട്ടവരാണ് മരണത്തിൽനിന്നു രക്ഷപ്പെട്ടവരും അവരുടെ അടുത്ത തലമുറയും. വിഷബാധയേറ്റവർക്ക് ജനിക്കുന്ന കുഞ്ഞുങ്ങളിൽ സെറിബ്രൽ പാൾസി, മസ്കുലർ ഡിസ്ട്രോഫി എന്നിങ്ങനെയുള്ള രോഗങ്ങൾ കൂടുതലുമാണ്.

ഭോപ്പാൽ ദുരന്തത്തിന്റെ 40-ാം വർഷത്തിലേക്കുകടക്കുന്ന ഈ സമയത്തുപോലും വിവിധ തരത്തിലുള്ള വൈകല്യം ബാധിച്ചവർ, അവയവങ്ങൾ പ്രവർത്തനരഹിതമായവർ, അധിക അവയവങ്ങളുള്ളവർ എന്നിങ്ങനെ ദുരന്തത്തിന്റെ വേട്ടയാടൽ ഇപ്പോഴും ഭോപ്പാലിനെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നു.

വിഷപ്പുക ശ്വസിച്ചതിലൂടെ ലക്ഷക്കണക്കിനാളുകളുടെ ശ്വാസകോശം തകരാറിലായതിന്റെ അനന്തരഫലം ഇന്നും ഭോപ്പാലിന്റെ വേദനയാണ്. ശ്വാസകോശ വിദഗ്ധരുടെ സംഘടനയായ അക്കാദമി ഓഫ് പൾമണറി ആൻഡ് ക്രിട്ടിക്കൽ കെയർ മെഡിസിനും അവയുടെ പൊതുജനാരോഗ്യ വിഭാഗമായ ലങ് കെയർ ഫൗണ്ടേഷനും ഡിസംബർ 2 ശ്വാസകോശാരോഗ്യ ദിനമായി ആചരിക്കുന്നതിന്റെ പിന്നിലെ സാംഗത്യവും ഇതുതന്നെയാണ്.

ലോകത്തിലെ ഏറ്റവും ദാരുണമായ വ്യാവസായിക ദുരന്തം നടന്നതായി കണക്കാക്കപ്പെടുന്ന ഭോപ്പാലിനെ 'ഗ്ലോബൽ ടോക്സിക് ഹോട്ട് സ്പോട്ട്' എന്നാണ് ഗ്രീൻപീസ് പ്രസ്ഥാനം വിളിക്കുന്നത്. അർഹമായ നഷ്ടപരിഹാരമോ പുനരധിവാസമോപോലും ദുരന്തം ഏറ്റുവാങ്ങിയവർക്ക് ലഭിച്ചില്ല എന്നും കണക്കാക്കപ്പെടുന്നു.

ഇത്തരം ദുരന്തങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളും സുരക്ഷാക്രമീകരണങ്ങളും എല്ലാ തൊഴിലിടങ്ങളിലും ഉറപ്പുവരുത്തുക എന്നതാണ് ഭോപ്പാൽ ദുരന്തം നമ്മെ പഠിപ്പിക്കുന്നത്.

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## നല്ലവൾ


ഒരുനാൾ അവർ
അവളുടെ ശബ്ദത്തിനെ
മ്യൂട്ട് ചെയ്തു.

ആരൊക്കെയോ ചേർന്ന്
നിർമ്മിച്ച ഫ്രെയ്മിൽ
അവൾ ഒതുങ്ങിക്കൂടി.

അവളുടെ സ്വപ്നങ്ങളെയും അഭിപ്രായങ്ങളെയും
പറക്കാൻ വിടാതെ അവൾ
മനസ്സിന്റെ ചുമരിൽ കെട്ടിയിട്ടു.

ചിലർ അവൾക്ക്
'നല്ല പെണ്ണ്' എന്ന
സർട്ടിഫിക്കറ്റ് നൽകി!

**പീലിമിത്ര**
ക്ലാസ് 7
പി കെ എം യു പി സ്കൂൾ ചിറ്റിലഞ്ചേരി,
പാലക്കാട്



വര: സചീന്ദ്രൻ കാറഡ്ക്ക



## വര

**ആൻസിയ വി ആർ**
ക്ലാസ് 5
നരിക്കുന്ന് യു പി സ്കൂൾ
എടച്ചേരി,കോഴിക്കോട്

# മുല്ലപ്പൂ

**അക്ഷജ് കെ ആർ**
ക്ലാസ് 5
ജി യു പി എസ് പുറ്റുമാനൂർ,
പുത്തൻകുരിശ്, എറണാകുളം


വര: സചീന്ദ്രൻ കാറഡ്ക്ക

എന്നുടെ മുറ്റത്തുണ്ടല്ലോ
വെള്ളനിറത്തിൽ മുല്ലപ്പൂ
എന്തൊരു ചന്തം മുല്ലപ്പൂ
എന്തൊരു വാസനയാണെന്നോ
മുല്ലപ്പൂവിൻ പൂമാല
കാണാനെന്തൊരു രസമെന്നോ
പൂമ്പാറ്റകളും വണ്ടുകളും
മുല്ലപ്പൂവിൻ കൂട്ടുകാർ
എന്നും അരികിൽ വരുന്നു ഞാൻ
നിന്നുടെ ചന്തം കാണാനായ്.

---



**അർജുൻ കെ എസ്**
ക്ലാസ് 9
എം എൻ കെ എം ജി എച്ച് എസ് എസ് പുലാപ്പറ്റ
പാലക്കാട്





**പാർത്ഥാ രതീഷ്**
ക്ലാസ് 5
ഗവൺമെന്റ് എച്ച് എസ് എസ് തോട്ടക്കോണം,
പന്തളം, പത്തനംതിട്ട

# തിരമാലകളുടെ ശബ്ദം

**സഫ പർവിൻ എം എഫ്**
ക്ലാസ് 9
എച്ച് ഐ എച്ച് എസ് എസ്
എടവനക്കാട്, എറണാകുളം

അന്ന് പതിവുപോലെ അപ്പു സ്കൂൾ കഴിഞ്ഞു മടങ്ങിവരികയായിരുന്നു. അവന്റെ വീട് കടലിനോടു ചേർന്നാണ്. എന്നും സ്കൂൾ കഴിഞ്ഞു കടൽതീരത്തുകൂടി വരുമ്പോൾ തിരമാലകൾ ആഴത്തിൽ അടിക്കും. അപ്പോൾ അവന് എന്തെന്നില്ലാത്ത സന്തോഷം വരും.

അവരോടു വിശേഷം പറയൽ അവന്റെ പതിവായിരുന്നു. അപ്പുവിന് സന്തോഷരുമ്പോഴും സങ്കടം വരുമ്പോഴും അവൻ അത് തിരമാലയുമായി പങ്കുവെക്കുമായിരുന്നു.


വര: സചീന്ദ്രൻ കാറഡ്ക്ക

അങ്ങനെ അവൻ നടന്നു നീങ്ങുമ്പോൾ 'മോനെ അപ്പൂ' എന്ന ഒരു വിളി കേട്ടാണ് അവൻ തിരിഞ്ഞുനോക്കിയത്. 'ആരോ എന്നെ വിളിച്ചല്ലോ' അവൻ ചിന്തിച്ചു. ആരായിരിക്കും അത്. അവൻ വീണ്ടും നടന്നുനീങ്ങി. എങ്കിലും ആ വിളി അവന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. തിരിഞ്ഞുനോക്കുമ്പോൾ അവിടെയെങ്ങും ആരുമില്ല. അവനും തിരമാലകളും മാത്രം. അങ്ങനെ കുറെ നേരം അവൻ അവിടെ കാതോർത്തിരുന്നു. തിരമാലകളുടെ ശബ്ദം പതിയെ പതിയെ കുറഞ്ഞു വന്നു.

അതു തന്റെ മരിച്ചുപോയ അമ്മയുടെ വിളിയാണെന്ന് അറിയാതെ അവൻ വീട്ടിലേക്കു മടങ്ങി. പിന്നീടൊരിക്കലും അവൻ ആ വിളി കേട്ടില്ല...

---

# വര



**ആദികൃഷ്ണൻ എം**
ക്ലാസ് 7
പി എസ് പി എം യു പി എസ്
മടപ്പള്ളി, ചവറ, കൊല്ലം

# അമ്മുവിന്റെ സ്വപ്നം

**ഗീതു എസ് അനിൽ**
ക്ലാസ് 10
എസ് എൻ ട്രസ്റ്റ് സെൻട്രൽ സ്കൂൾ,
കൊല്ലം


വര: സചീന്ദ്രൻ കാറഡ്ക്ക

അമ്മു ഒരു മിടുക്കിക്കുട്ടിയാണ്. ഒരു രാത്രിയിൽ വീട്ടുമുറ്റത്തു നിൽക്കുകയായിരുന്ന അമ്മുവിന്റെ അരികിലേക്ക് ഒരു മേഘം താഴ്ന്നിറങ്ങി വന്നു. എന്നിട്ട് മേഘം അമ്മുവിനെയും കൂട്ടി മിഠായിക്കുന്നിലേക്കു പോയി.

അവിടെ എത്തിയപ്പോൾ മേഘം അവളെ പതിയെ താഴെയിറക്കി. മിഠായിയുടെ കൂമ്പാരമുള്ള കുന്നിന്റെ ചെരുവിൽ ചെന്ന് ആവശ്യത്തിനുള്ളതു മാത്രമാണ് അമ്മു എടുത്തത്. അതോടെ അമ്മുവിനോട്,

“അത്യാഗ്രഹിയല്ലാത്ത നിന്നെ ഞാൻ മഴവില്ലിൽ തൊടീക്കാം, കൂടാതെ മറ്റു സമ്മാനങ്ങളും നൽകാം.”

എന്നു പറഞ്ഞുകൊണ്ട് മേഘം അവളെ തന്റെ ദേഹത്തു കയറ്റിരുത്തിയ ശേഷം മഴവില്ലിനെ തൊടുവിച്ചു.

പാടങ്ങൾക്കും മലകൾക്കും കുന്നുകൾക്കും കടലുകൾക്കും മുകളിലൂടെ അവർ യാത്ര ചെയ്തു. അങ്ങനെ യാത്രയുടെ ഇടയിലാണ് ആ ശബ്ദം കേട്ടത്.

“ണീം... ണീം... ണീം... ണീം...”

അപ്പോൾ മേഘം പറഞ്ഞു,

“അമ്മുക്കുട്ടീ, എനിക്ക് തിരിച്ചുപോകാൻ സമയമായിരിക്കുന്നു. നീ ആ ശബ്ദം കേട്ടില്ലേ...”

ഇതു പറഞ്ഞുതീർന്നപ്പോഴേക്കും മേഘം അവളെ താഴെയിറക്കിയിരുന്നു.


“മോളേ, എണീക്ക്... നിനക്ക് ഇന്ന് പരീക്ഷയുള്ള തല്ലേ?”

അമ്മ കൊട്ടിവിളിച്ചപ്പോളാണ് അവൾ ഉണർന്നത്.

കണ്ടത് സ്വപ്നമായിരുന്നു എന്നും കേട്ടത് അലാറം അടിച്ചതായിരുന്നെന്നും മനസ്സിലാക്കിയപ്പോൾ അവൾക്ക് നേരിയ നിരാശ തോന്നി.

# വര

**ദിൽജിത്ത് പി**
ക്ലാസ് 10
ശബരി എച്ച് എസ് എസ്
പള്ളിക്കുറുപ്പ്,
പാലക്കാട്



## ശിശുദിനാഘോഷങ്ങൾ നടത്തി



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കോട്ടയം ജില്ലയിലെ വിദ്യാർത്ഥികൾക്കായി കോട്ടയം ഡി ഡി ഓഫീസിൽ വച്ച് ശിശുദിന രചനാമത്സരങ്ങൾ സംഘടിപ്പിച്ചു. കഥാരചന, കവിതാരചന, ഉപന്യാസം എന്നിവയിലായി നൂറ്റിയമ്പതോളം കുട്ടികൾ പങ്കെടുത്തു. ഉദ്ഘാടനം മഹാത്മാഗാന്ധി സർവകലാശാല വി. സി. പ്രൊഫ. സി റ്റി അരവിന്ദകുമാർ നിർവഹിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ഭരണസമിതി അംഗം സിജിത അനിൽ, കോട്ടയം ഡിഡിഇ സുബിൻ പോൾ, മാതൃഭൂമി സീനിയർ ന്യൂസ് എഡിറ്റർ ജയചന്ദ്രൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മാനേജർ ബി എസ് പ്രദീപ് കുമാർ, നന്ദകുമാർ ആർ എന്നിവർ സംസാരിച്ചു. മത്സരവിജയികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ സമ്മാനങ്ങളും സർട്ടിഫിക്കറ്റും നൽകി. ■



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഡോ. എം കുട്ടികൃഷ്ണൻ സ്മാരക ആരോഗ്യമൈത്രി സേവനകേന്ദ്രം, കടമ്പൂർ നോർത്ത് യു പി സ്കൂൾ എന്നിവയുടെ ആഭിമുഖ്യത്തിൽ കണ്ണൂരിലെ കുട്ടികൾക്കായി ശിശുദിന ക്വിസ് മത്സരം നടത്തി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം പയ്യന്നൂർ കുഞ്ഞിരാമന്റെ അധ്യക്ഷതയിൽ കടമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി വി പ്രേമവല്ലി ഉദ്ഘാടനം ചെയ്തു. ആരോഗ്യമൈത്രി ഡയറക്ടർ എം എസ് ആനന്ദ്, എച്ച് എം ചന്ദ്രമതി ടീച്ചർ, പി ടി എ പ്രസിഡന്റ് കെ ഉണ്ണികൃഷ്ണൻ, എം എം സുരേശൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. വിജയികൾക്ക് സർട്ടിഫിക്കറ്റും പുസ്തകവും വിതരണം ചെയ്തു. ■

## കേരളീയം



കേരളീയത്തിനോടനുബന്ധിച്ച് നവംബർ 1 മുതൽ 7 വരെ വൈവിധ്യമായ പരിപാടികളോടെ കേരളീയം കൾച്ചറൽ ഫെസ്റ്റ് നടന്നു. മുന്നൂറോളം കലാപരിപാടികളിലായി 4100 കലാകാരർ വേദിയിലെത്തി. സെൻട്രൽ സ്റ്റേഡിയം, നിശാഗന്ധി ഓഡിറ്റോറിയം, ടാഗോർ തിയേറ്റർ, പുത്തരിക്കണ്ടം മൈതാനം, സെനറ്റ് ഹാൾ എന്നിങ്ങനെ മുപ്പതോളം വേദികളിലായിട്ടാണ് പരിപാടികൾ അരങ്ങേറിയത്.

കൾച്ചറൽ ഫെസ്റ്റിന്റെ ചുമതല സാംസ്കാരിക വകുപ്പിനായിരുന്നു. സാംസ്കാരിക വകുപ്പ് ഡയറക്ടർ എൻ മായ ഐ എഫ് എസ് ആയിരുന്നു കമ്മിറ്റിയുടെ കൺവീനർ. സാംസ്കാരിക വകുപ്പിനു കീഴിലുള്ള വ്യത്യസ്ത സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ചിട്ടയായ പ്രവർത്തനത്തിലൂടെ മികവുറ്റ രീതിയിൽ പരിപാടികൾ സംഘടിപ്പിക്കുവാൻ സാംസ്കാരിക വകുപ്പിനായി.

കെൽട്രോൺ കോംപ്ലക്സ് വേദിയുടെ ചുമതല ബാലസാഹിത്യ

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature,
Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

# കൾച്ചറൽ ഫെസ്റ്റ്





ഇൻസ്റ്റിറ്റ്യൂട്ട് വഹിച്ചു. സംസ്ഥാന സർക്കാരിന്റെ കേരളീയംപോലൊരു ജനകീയ പരിപാടിയിൽ മാതൃകാപരമായ സംഘാടനം നിർവഹിച്ച സാംസ്കാരികവകുപ്പിനെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിനന്ദിച്ചു. കമ്മിറ്റിയുടെ കൺവീനർ എൻ മായ ഐ എഫ് എസ് പുരസ്കാരം ഏറ്റുവാങ്ങി.

കേരളത്തിന്റെ സാംസ്കാരിക വൈവിധ്യങ്ങൾ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്ന പരിപാടികളാണ് കൾച്ചറൽ ഫെസ്റ്റിനോടനുബന്ധിച്ചു നവംബർ 1 മുതൽ 7 വരെ വിവിധ വേദികളിൽ നടന്നത്. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് ചുമതല ഉണ്ടായിരുന്ന കെൽട്രോൺ കോംപ്ലക്സിൽ ചണ്ഡാലഭിക്ഷുകി നൃത്താവിഷ്കാരം, ശാസ്ത്രീയ സംഗീത കച്ചേരി, പറയൻ തുള്ളൽ, കഥകളി, നൃത്തം, ഓടക്കുഴൽ സന്ധ്യ എന്നിങ്ങനെ പലവിധ അവതരണങ്ങൾ നടന്നു. നാലാം ദിനം കെൽട്രോൺ കോംപ്ലക്സ് വേദിയിൽ അരങ്ങേറിയ കഥകളിയുടെ ആരംഭം കുറിച്ചുകൊണ്ട് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരനും പി ഡബ്ല്യു ഡി അസിസ്റ്റന്റ് എഞ്ചിനീയർ രജിത ആറും ചേർന്ന് ആട്ടവിളക്ക് തെളിയിച്ചു. പത്തനംതിട്ട ജില്ലയിലെ വജ്രജൂബിലി കലാകാരരാണ് കല്യാണസൗഗന്ധികം കഥകളി അവതരിപ്പിച്ചത്. ■

## തളിര് സ്കോളർഷിപ്പ് ഫോമുകൾ ഏറ്റുവാങ്ങി

തളിര് സ്കോളർഷിപ്പ് 2023 പരീക്ഷയ്ക്ക് കനറാ ബാങ്കിന്റെ ധനസഹായത്തിൽ ഡോക്ടർ അംബേദ്കർ മെമ്മോറിയൽ മോഡൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ് കട്ടേലയിൽ രജിസ്റ്റർ ചെയ്ത 60 കുട്ടികളുടെ ഫോമുകൾ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ സ്കൂൾ ഹെഡ്മാസ്റ്റർ കെ സതീഷിൽനിന്ന് ഏറ്റുവാങ്ങി. സ്കൂൾ പ്രിൻസിപ്പൽ റോസ് കാതറിന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ തളിര് മാസിക സമ്മാനിച്ചു. ഹെഡ്മാസ്റ്ററുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ ബിനോദ്, ഫിനാൻസ് ഓഫീസർ സൂര്യനാരായണൻ എം ഡി, സ്കൂൾ സീനിയർ അസിസ്റ്റന്റ് പോൾട്ടൺ എന്നിവർ പങ്കെടുത്തു. ■



**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023
RNI No. 20076/1970 December 2023
Regd KL/TV (N)/399/2021-2023 Published on 29-11-2023 Vol:30, Issue: 12, ₹25

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയക്കുക.**

**ACCOUNT NUMBER : 30583524448**
**IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

## ഓൺലൈനിൽ പണമടയ്ക്കാൻ

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണ്ണവിലാസം (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത് / ഇമെയിൽ (thaliru@ksicl.org) കൂടി അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ആയും റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.



വര: ലക്ഷ്മി രാഘവൻ